# സത്യദൂതൻ

2014 മാർച്ച് | ലക്കം 3

വില ₹ 20



## ലോകമഹായുദ്ധം ആവർത്തിക്കുമോ?

## ആരാധനഉത്ഭവിച്ചത് ഭയത്തിൽ നിന്നോ?



Masjid Fazal_ Tabora_ Tanzania



Masjid Ahmadiyya_ Sri Nagar_ Kashmir



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2014 മാർച്ച്
ഹി.ശ.1394 - അമാൻ
1435 - റ.ആഖർ - ജ. അവ്വൽ
പുസ്തകം 86 ലക്കം 3
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**അല്ലാഹുവിനെ മുറുകെ പിടിക്കുക വിജയം നമുക്കുള്ളതാണ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2013 ഡിസംബർ 27,28,29 തീയതികളിൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ചെയ്ത പ്രഭാഷണത്തിന്റെ അവസാന ഭാഗം

**12**
**ആരാധനഉത്ഭവിച്ചത് ഭയത്തിൽ നിന്നോ?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മതങ്ങളും ആരാധനയും ഭയം മൂലമാണ് ഉണ്ടായത് എന്ന ഭൗതികവാദികളായ സേഷ്യോളജിസ്റ്റുകളുടെ ബുദ്ധിശൂന്യവും യുക്തിരഹിതവുമായ വാദത്തെ ഖലീഫത്തുൽ മസീഹ് പരിശോധിക്കുന്നു.

**16**
**ദൈവത്തിന്റെ ഏകത്വം**
അബ്ദുൽ അസീസ്

ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തി യിലും ഏകനും അതുല്യനും അനുപമനുമാണ്.

**20**
**ഹദ്റത്ത് അബൂസൽമ ബിൻ അബ്ദുൽ അസദ്(റ)**
മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ



**24**
**ലോകമഹായുദ്ധം ആവർത്തിക്കുമോ?**
ഇയാൻ ജോൺസ്റ്റൺ

**26**
**വിവാഹ മോചനം: സിദ്ധാന്തങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

സിവിൽ നിയമങ്ങളിൽ പുരോഗമനപരമായ വിവാഹ മോചനനിയമങ്ങൾ സാവകാശത്തിലാണ് ഇന്ത്യൻ നിയമ വ്യവസ്ഥയിൽ സ്വാംശീകരിക്കപ്പെട്ടത്.

**30**
**എട്ടു പതിറ്റാണ്ടുകൾക്ക്മുമ്പ് നടന്ന ഒരു മതസംവാദം- 2**
അഹ്മദിയ്യാ മുബല്ലിഗ് ആയിരുന്ന ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ യും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആചാര്യ പണ്ഡിതനായ ഇ. കെ മൗലവിയും തമ്മിൽ എഴുത്ത് മുഖേനനടന്ന സംവാദത്തിന്റെ രണ്ടാം ഭാഗം. സമ്പാ: ഹബീബ്, മാഹി.

**36**
**ദൃശ്യങ്ങൾ**
പി. കെ. മുഹമ്മദ് ബഷീർ, ഐരാപുരം

**37**
**മാല ദ്വീപിന്റെ ചരിത്രവും ഭൂമിശാസ്ത്രവും**
എ. ക്യു മഹ്ദി

**40**
**ഐക്യരാഷ്ട്രസഭ കത്തോലിക്കാസഭക്കെതിരെ**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നീ ഭൂമിയിൽ അഹന്ത കാട്ടി നടക്കരുത്, കാരണം നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. ഉയരത്തിൽ പർവതങ്ങളോളമെത്തുകയുമില്ല. **(17:38)**



## നബിവചനം

തന്റെ വസ്ത്രവും പാദുകവും ഭംഗിയുള്ളതാവണമെന്ന് ആഗ്രഹിക്കുന്ന ഒരാളെ പറ്റി എന്തു പറയുന്നു? പ്രവാചകൻ (സ) മറുപടി പറഞ്ഞു: അല്ലാഹു സുന്ദരനാകുന്നു. അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അഹംഭാവം സത്യത്തെ നിഷേധിക്കലും ജനങ്ങളെ തരം താഴ്ത്തലുമാണ്. (മുസ്ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം



അഹങ്കാരം ഉപേക്ഷിക്കാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചു കൊള്ളുന്നു. ഗർവ് പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളതത്രെ... തന്റെ സഹോദരനേക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനും ആണെന്നു കരുതിക്കൊണ്ട് അവനെ താഴ്ത്തിക്കാണിക്കുവാൻ ശ്രമിക്കുന്നവൻ അഹങ്കാരിയാകുന്നു. എല്ലാ അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടം അല്ലാഹുവാണെന്ന് കരുതുന്നതിന് പകരം താൻ തന്നെ വലിയ എന്തോ ആണെന്ന് അയാൾ വിചാരിക്കുന്നു **(നുസൂലുൽ മസീഹ്)**

എഡിറ്റോറിയൽ

# മനുഷ്യസമൂഹത്തോടുള്ള അനുകമ്പ

മതം എന്നത് സ്രഷ്ടാവുമായുള്ള ബന്ധം മാത്രമല്ല, സൃഷ്ടികളോടുള്ള കടപ്പാട് കൂടിയാണ്. മനുഷ്യവംശത്തെ മത, വംശ, ഭാഷാദേശപരിഗണന കൂടാതെയും കലവറയില്ലാതെയും പ്രത്യുപകാരം കാംക്ഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. നമ്മുടെ ലോകത്ത് നിന്ന് അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കർമമാർഗത്തിലേക്ക് മനുഷ്യരാശിയെ വീണ്ടും വഴി നടത്തുക എന്നതാണ് വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന്. ഖുർആൻ പറയുന്നു: ***'അല്ലയോ ഗുണകാരികളേ നിഷ്ക്കളങ്കതയെ ആശ്രയിച്ചായിരിക്കേണ്ടുന്ന ദാന ധർമങ്ങളെ നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതയെക്കുറിച്ച് ഓർമപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കല്ല '(2:264)*** ഈ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് പറയുന്നു. *'ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ, അനുകമ്പാവേശത്തോടു കൂടി ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യുണ്ടതാകുന്നു. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു '(ഇസ്‌ലാം മതതത്ത്വജ്ഞാനം)*

മതങ്ങൾക്കതീതരായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. റസൂൽ തിരുമേനി (സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയസ്പൃക്കായ ഉപദേശവും അതായിരുന്നു. ***'ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദിപിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു '*** ദുർബലരോടും ബലഹീനരോടുമുള്ള റസൂൽ തിരുമേനി(സ)യുടെ അനുരക്തിയും അവരെക്കുറിച്ചുള്ള സഹാനുഭൂതിയും ആശങ്കയും നിസ്സീമമാണ്. അവിടുന്ന് അരുളുകയുണ്ടായി ***'പ്രാകൃതരെപ്പോലെ മുടിചീകാതെ, പൊടി പാറിയ മുടിയോടുകൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവർക്ക് നേരെ കൊട്ടിയടക്കപ്പെടുന്നു. അല്ലാഹുവിന്റെ പേരിൽ അവരൊന്ന് ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാത്ക്കരിക്കും' (മുസ്‌ലിം) 'നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടേയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നത് നിങ്ങളുടെ ഇടയിലെ ബലഹീനർ നിമിത്തമാണ്. '(തിർമിദി)***

വികാര സാന്ദ്രമായ മതങ്ങൾക്ക് കാരുണ്യത്തിന്റെ മഹാപ്രവാഹങ്ങൾ സൃഷ്ടിക്കാനാകും. പരിശുദ്ധമായ ലക്ഷ്യങ്ങളോടുള്ള പ്രതിബദ്ധതയാണ് പരിശുദ്ധമായ ഉറവിടങ്ങളിലേക്ക് മനുഷ്യനെ ആനയിക്കുന്നത്. നന്മയുടെ അദ്ധ്യാപനങ്ങളും പാവനമായ മാതൃകകളും നിറഞ്ഞതാണ് പരിശുദ്ധമായ മതത്തിന്റെ ഉറവിടങ്ങൾ. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാൽ നിറയുന്നത് പോലെ ദുരിതങ്ങളിലും ദുഃഖങ്ങളിലും വേദനകളിലും അകപ്പെട്ട മാനവരാശിയുടെ ദീനരോധനങ്ങൾ കേൾക്കുമ്പോൾ മനുഷ്യതീരങ്ങളിലേക്ക് നിസ്തുല സ്നേഹത്തിന്റെ മഹാപ്രവാഹമായി ഈ ഉറവിടങ്ങളിൽ നിന്നും കരുണയും അനുകമ്പയും ഒഴുകണം. വാഗ്ദത്ത മസീഹ് പറയുന്നു: *'ഒരു മാതാവ് തന്റെ മക്കളോട് എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണെനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെണെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു.' (അർബയീൻ. പേജ്.2).* തീർച്ചയായും ലോകത്തുള്ള എല്ലാ മതങ്ങൾക്കും മനുഷ്യാനുകമ്പ പ്രകടിപ്പിക്കാനുള്ള ശേഷിയുണ്ട് അവർ അവരുടെ ഈ സദ്ഭാവന പ്രാവർത്തികമാക്കിയാൽ ലോകം എത്ര നന്നായേനെ.



ഹദ്റത്ത് അഹ്മദ് (അ)

# സുന്നത്തും ഹദീസും ഒന്നാണോ?


**ഇ**സ്ലാമിക മാർഗത്തിൽ നില കൊള്ളുന്നതിന് മുസ്ലിംകളുടെ പക്കൽ മൂന്നു കാര്യങ്ങളാണുള്ളത്. ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആനാണ് ഒന്നാമത്. ഇതിനേക്കാൾ അഖണ്ഡവും സുദൃഢവുമായ മറ്റൊരുഗ്രന്ഥം നമ്മുടെ പക്കലില്ല. സംശയങ്ങളിൽ നിന്നും മിഥ്യാ സങ്കൽപങ്ങളിൽ നിന്നും പരിശുദ്ധമായ ദൈവിക വചനങ്ങളാണവ.

രണ്ടാമത്തേത് സുന്നത്താണ്. ഇവിടെ അഹ്‌ലെ ഹദീസ് വിഭാഗക്കാരുടെ സാങ്കേതിക പ്രയോഗങ്ങളിൽ നിന്നും വിട്ടു നിന്നു കൊണ്ടാണ് ഞാൻ സാംസാരിക്കുന്നത്. അതായത്, പൗരാണിക ഹദീസ് പണ്ഡിതന്മാരെപ്പോലെ ഹദീസും സുന്നത്തും ഒന്നാണെന്ന് നാം കരുതുന്നില്ല. മറിച്ച്, ഹദീസും സുന്നത്തും വേറെ വേറെയാണ്. സുന്നത്ത് കൊണ്ടുദ്ദേശിക്കുന്നത് നബി (സ) യുടെ പ്രവർത്തന സാക്ഷ്യമാണ്. ഒരിക്കലും മുറിഞ്ഞു പോകാതെ വിശുദ്ധഖുർആനോടൊപ്പം വെളിപ്പെട്ടതും ഇനി എന്നെന്നേക്കുമായി ഖുർആനോടൊപ്പം അത് ഉണ്ടായിരിക്കുന്നതുമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനവും സുന്നത്ത് നബി തിരുമേനി (സ) യുടെ പ്രവൃത്തിയുമത്രേ. ജനങ്ങളുടെ മാർഗദർശനാർഥം പ്രവാചകന്മാർ ദൈവികവചനങ്ങളുമായി അവതരിക്കുമ്പോൾ തങ്ങളുടെ പ്രവൃത്തി മാതൃകയിലൂടെ അവരതിനെ വ്യാഖാനിക്കുന്നുവെന്നത് ദൈവത്തിന്റെ സനാതന ചട്ടങ്ങളിൽപ്പെട്ടതാണ്. ജനഹൃദയങ്ങളിൽ ദൈവിക വചനങ്ങളെ സംബന്ധിച്ച് യാതൊരു സംശയവും ഇല്ലാതിരിക്കാനാണിത്. ആ വചനങ്ങളെ അവർ സ്വയം പ്രവൃത്തിപഥത്തിൽ കൊണ്ടു വരുന്നതോടൊപ്പം മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മാർഗദർശനത്തിനുള്ള മൂന്നാമത്തെ മാർഗം ഹദീസാണ്. ഇത് കൊണ്ട് നാം ഉദ്ദേശിക്കുന്നത് നബി തിരുമേനി (സ)ക്ക് ശേഷം ഒന്നര പതിറ്റാണ്ട് കഴിഞ്ഞ് വിവിധ നിവേദകരിൽ നിന്നും സംഭവ കഥകളെന്നോണം സമാഹരിക്കപ്പെട്ട ചരിത്രമാണ്. സുന്നത്തും ഹദീസും തമ്മിൽ വ്യത്യാസമുണ്ട്. നബി (സ) തുടങ്ങിവെച്ചതും പരമ്പരാഗതമായി തുടർന്നു പോന്നിട്ടുള്ളതുമായ ഒരു പ്രവൃത്തിമാർഗമാണ് സുന്നത്ത്. വിശ്വാസ്യതയിൽ വിശുദ്ധ ഖുർആനു ശേഷമാണ് അതിന് സ്ഥാനം. വിശുദ്ധഖുർആന്റെ പ്രചാരണം പോലെത്തന്നെ സുന്നത്തിന്റെ സംസ്ഥാപനത്തിനും വേണ്ടിയായിരുന്നു നബി തിരുമേനി(സ) നിയോഗിക്കപ്പെട്ടിരുന്നത്. ആയതിനാൽ, ഖുർആനെപ്പോലെത്തന്നെ വിശ്വാസയോഗ്യമാണ് തിരുമേനി (സ) ചെയ്തു കാണിച്ച കർമ പരമ്പരയും. ഈ രണ്ട് സേവനങ്ങളും തിരുമേനി (സ) സ്വന്തം കൈകളാൽ നിർവഹിക്കുകയും അവ രണ്ടും നിർബന്ധമാണെന്ന് ഗണിക്കുകയും ചെയ്തു. ഉദാഹരണമായി, നമസ്കാരം നിർബന്ധക്കപ്പെട്ടപ്പോൾ, ആ കൽപനയെ നബി (സ) വളരെ വ്യക്തമായ നിലയിൽ ഓരോ നമസ്കാരത്തിലും എത്ര റകാഅത്തുകളാണുള്ളതെന്ന് കർമ രൂപേണചെയ്തു കാണിച്ചു. അതു പോലെത്തന്നെ ഹജ്ജ് കർമവും തിരുമേനി (സ) ചെയ്തു കാണിക്കുകയുണ്ടായി. അങ്ങനെ ആയിരക്കണക്കിന് അനുചരന്മാരെ തന്റെ കർമത്തിൽ നിലനിർത്തിക്കൊണ്ട് ശക്തമായ കർമ ശൃംഖല തിരുമേനി (സ) സ്ഥാപിച്ചു. മുസ്ലിം സമുദായത്തിൽ ഇന്നേവരെ തുടർന്നു പോരുന്ന ഈ പ്രവൃത്തി മാതൃകയ്ക്കാണ് സുന്നത്ത് എന്ന് പറയുന്നത്. എന്നാൽ ഹദീസിനെ നബി(സ) തന്റെ സാന്നിധ്യത്തിൽ എഴുതിക്കുകയോ അവയെ സമാഹരിക്കാനുള്ള ഏർപ്പാട് ചെയ്യുകയോ ചെയ്തില്ല. ഹദ്റത്ത് അബൂബക്കർ (റ) ചില ഹദീസുകൾ

ശേഷം പേജ് 19 ൽ

# അല്ലാഹുവിനെ മുറുകെ പിടിക്കുക വിജയം നമുക്കുള്ളതാണ്



(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2013 ഡിസംബർ 27,28,29 തീയതികളിൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ചെയ്ത പ്രഭാഷണത്തിന്റെ അവസാന ഭാഗം)

**ഹ**ദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്തുണച്ചുകൊണ്ട് ഇന്നും അല്ലാഹു അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. ഇന്നുവരേയും അതു തുടർന്നുകൊണ്ടിരിക്കുന്നു. വിദൂരസ്ഥലമായ ആഫ്രിക്കയിലെ ആളുകൾ ഈ സത്യം തിരിച്ചറിയുന്നു. അറേബ്യയിലേയും അമേരിക്കയിലേയും യൂറോപ്പിലേയും അൽജീരിയയിലേയും ആളുകൾ അതു തിരിച്ചറിയുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്നവരും സത്യം തിരിച്ചറിയുന്നു. പക്ഷേ, സത്യം വെളിപ്പെടുന്നത് സത്യാത്മാക്കളിലാണ്. ഇക്കാലത്തുണ്ടായിട്ടുള്ള ചില സംഭവങ്ങൾ ഞാൻ പറയാം.

ജർമനിയിലെ ചക്കിദുല്ലി എഴുതുന്നു: 'മെസിഡോണിയായിലെ ഒരു സ്ഥലത്തുനിന്ന് വന്ന തുർക്കി ഭാഷ സംസാരിക്കുന്ന കുറെയാളുകൾ ജർമനിയിൽ താമസിക്കുന്നുണ്ട്. ഇവർ സ്വൂഫിസത്തിൽ വിശ്വസിക്കുന്ന മുസ്‌ലീംകളാണ്. ഒരു ദിവസം ഒരു മെസിഡോണിയൻ സുഹൃത്ത് ജർമനിയിലെ ബസാറിലൂടെ പോകുകയായിരുന്നു. അവിടെ നമ്മുടെ ജമാഅത്തിലെ ആളുകൾ നോട്ടീസ് വിതരണം ചെയ്യുന്നുണ്ടായിരുന്നു. അവർ ഈ

നോട്ടീസ് വാങ്ങി വായിച്ചതിനു ശേഷം പറഞ്ഞു, ഇമാം മഹ്ദി ലോകത്തു വരുമെന്നും യഥാർഥ ഇസ്‌ലാമിക ചിത്രം ലോകത്തു സമർപിക്കുമെന്നും ഞങ്ങൾ ചെറുപ്പംമുതലേ കേട്ടുവരുന്നതാണ്. ആലിംകളോടു ചോദിക്കുമ്പോൾ, ഇപ്പോൾ വന്നിട്ടില്ല, തീർച്ചയായും വരുമെന്ന് അവർ പറയുമായിരുന്നു. പക്ഷേ, ഇന്ന് ഈ നോട്ടീസ് വായിച്ചപ്പോൾ ഇമാം മഹ്ദി(അ) വന്നു കഴിഞ്ഞെന്ന്എനിക്കു മനസ്സിലായി.

അദ്ദേഹം കൂടുതൽ ഗ്രന്ഥങ്ങൾ വാങ്ങി. അതും വായിച്ചു. മുബല്ലിഗുമാരുമായി മീറ്റിംഗ് നടത്തി. എന്റെ ഖുത്ബകൾ കേൾക്കാനും ദുആ ചെയ്യാനും അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ദുആ ചെയ്തു. പിന്നീടുണ്ടായ സംഭവം അദ്ദേഹം പറയുന്നു: 'ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ കണ്ടു. ആ മഹാത്മാവിന്റെ മുഖം വിളങ്ങുന്നുണ്ടായിരുന്നു. വെളളവസ്ത്രമാണ് ധരിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തോടു പറഞ്ഞു, 'ഞാൻ ഇമാം മഹ്ദിയാകുന്നു. എനിക്ക് ബയ്അത്തു ചെയ്യുക. പിന്നീടു ജനങ്ങൾക്കു പ്രബോധനം ചെയ്യുക.' ഈ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ബയ്അത്തു ചെയ്തു. ഇപ്പോൾ തന്റെ ജനതയ്ക്കിടയിൽ അദ്ദേഹം പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നു. ആറ് ബയ്അത്ത് അവിടെ നടന്നു കഴിഞ്ഞു.

ഇപ്രകാരംതന്നെ ഗീലാൻവാസിയായ കമാലുദ്ദീൻ സാഹിബ് ബയ്അത്ത് ഫോറം പൂരിപ്പിച്ചയച്ചതിനോടൊപ്പം ബയ്അത്ത് ചെയ്യാനുളള കാരണവും എഴുതി അറിയിച്ചിട്ടുണ്ട്. അദ്ദേഹം എം. ടി. എ യിൽ സംപ്രേഷണം ചെയ്യുന്ന 'അൽഹിവാറുൽ മുബാശിർ'എന്ന പ്രോഗ്രാം വളരെ താൽപര്യത്തോടെ കാണുന്നയാളാണ്. അദ്ദേഹം പറയുന്നു: "ഇതുതന്നെയാണ് യഥാർഥ ഇസ്‌ലാം. ഞാനൊരു സ്വപ്നം കണ്ടു. ഹദ്റത്ത് നബി(സ)തിരുമേനി ഒരിടത്ത് വിശ്രമിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ തലഭാഗത്ത് നില്ക്കുന്നു; ഞാൻ കാൽഭാഗത്തും. ഞാൻ നബി(സ)തിരുമേനിയോടു ചോദിച്ചു, 'ഹുസൂർ! ഉമ്മത്ത് വഴിപിഴച്ചു പോയിരിക്കുന്നല്ലോ? അങ്ങ് എന്തുകൊണ്ടാണ് എഴുന്നേല്ക്കാത്തത്?' അപ്പോൾ നബി(സ)തിരുമേനി തന്റെ പരിശുദ്ധമായ കൈ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു നേരെ നീട്ടുകയും തോളിൽ തട്ടിക്കൊണ്ട് 'ഇതാണ് അല്ലാഹുവിന്റെ സിംഹം' എന്നു പറയുകയും ചെയ്തു. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ മുമ്പിൽ വണക്കത്തോടെ നില്ക്കുകയായിരുന്നു. ഈ സ്വപ്നത്തിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സത്യത എനിക്കു ദൃഢമായും ബോധ്യമായി. ഞാനൊരു മദ്യശാലയിലാണ് ജോലിചെയ്തിരുന്നത്. ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചതോടെ ആ ജോലി ഉപേക്ഷിച്ചു. ഒരു അഹ്മദിയ്ക്ക് ആ ജോലി അനുവദനീയമാണെന്ന് ഞാൻ കരുതുന്നില്ല."

അഹ്മദ് ബക്കീറ സാഹിബ് ഒരു അറബ് നാട്ടിൽനിന്നെഴുതുന്നു: "ഒരു മസ്ജിദിലെ ഇമാമുമായിട്ട് ഞാൻ ഖുർആൻ കാര്യങ്ങൾ ചർച്ച ചെയ്യാറുണ്ടായിരുന്നു. പക്ഷേ, ഇമാം സാഹിബിൽ കളവും കാപട്യവും കണ്ടപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ഞാൻ പോകാതെയായി. എന്നല്ല പളളിയിൽപോയി നമസ്കരിക്കുന്നതും നിറുത്തി. പിന്നീട് ബാസിൽ സാഹിബ് എന്ന ഒരു സുഹൃത്ത് പറഞ്ഞതനുസരിച്ച് രണ്ടാമതും നമസ്കാരം തുടങ്ങി. അല്ലാഹു തആല എന്നിൽ സ്വപ്നങ്ങളുടേയും ജാഗ്രദർശനങ്ങളുടേയും കവാടം തുറന്നു. ഒരിക്കൽ, 'മഹല്ലിലെ മസ്ജിദിൽ പോകുന്നതിനു പകരം വീട്ടിൽ നമസ്കരിച്ചുകൊളളുക' എന്ന് സ്വപ്നത്തിൽ പറയപ്പെട്ടു. അങ്ങനെ ചില സുഹൃത്തുക്കൾ ചേർന്ന് നമസ്കാരം തുടങ്ങി. അതിൽ നിർവൃതിയുണ്ടാകാനും തുടങ്ങി. പിന്നീട് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെട്ടപ്പോൾ അതുസംബന്ധിച്ച് ഇസ്തിഖാറ ചെയ്തു. ഒരിക്കൽ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥമായ 'മവാഹിബുർറഹ്മാൻ' എനിക്കു തന്നു. അത് വായിച്ചതോടെ എനിക്കു സത്യം മനസ്സിലായി. പിന്നീടൊരിക്കൽ ഒരു ജാഗ്രദർശനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു കൂട്ടം ആളുകളോടൊപ്പം എന്റെയടുത്ത് വന്നതായി കണ്ടു. അപ്പോൾ ഒരു വഹാബി മൗലവി ആക്ഷേപിക്കാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)അതുകേട്ട് ചിരിച്ചുകൊണ്ടു നിന്നു. പിന്നീട് 'ഈ മൗലവി അകറ്റപ്പെടുന്നതാണ്' എന്നൊരു അശരീരി കേട്ടു. അതിനുശേഷം ആ മൗലവി അപ്രത്യക്ഷനായി. ഇതോടെ എന്റെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും അകന്നു. അങ്ങനെ ബയ്അത്തു ചെയ്യാൻ ഭാഗ്യം കിട്ടി.

മാലിയിലെ അമീർ സാഹിബ് എഴുതുന്നു: ''ബമാക്കു പട്ടണത്തിൽ ഒരു ടൈലർ മാസ്റ്ററുണ്ട്. അദ്ദേഹം തന്റെ ജോലിയിൽ പ്രസിദ്ധനാണ്. അദ്ദേഹം നമ്മുടെ മിഷൻഹൗസിൽ വന്ന് ബയ്അത്ത് ചെയ്തു. ഞാൻ അതിന്റെ വിശദീകരണം അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ രണ്ടു വർഷം മുമ്പേ ഒരു സ്വപ്നം കണ്ടിരുന്നു. ഇന്ത്യയിലെ ഒരു വലിയ മിനാരത്തിലാണ് ഞാൻ ഉളളത്. മിനാരത്തിൽ നില്ക്കുന്നതു കണ്ടാൽ അതിന്റെ ഉദ്ദേശ്യമെന്തായിരിക്കുമെന്ന് ഞാൻ ചിന്തിച്ചു. ഇന്ത്യയിൽ മുസ്‌ലീംകളുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. അതിനുശേഷം ഞാൻ നമസ്കരിക്കാൻ തുടങ്ങി. ഞാൻ പൊതുവെ സ്വപ്നങ്ങളൊന്നും കാണാറില്ല. അതിനാൽ ഈ സ്വപ്നം എന്നെ വല്ലാതെ സ്വാധീനിച്ചിരുന്നു. കറുത്ത കോട്ടുധാരിയായ ഒരു മഹാത്മാവ് എന്നെ വിളിക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം എനിക്കു 3 വെളുത്ത കല്ലുകൾ തന്നു. ഈ സ്വപ്നത്തിനുശേഷം ഞാൻ മതകാര്യങ്ങളിൽ കൂടുതൽ തൽപരനായി.

അതു കാരണത്താൽ എന്റെ സ്നേഹിതരും സുഹൃത്തുക്കളും വിഷമിച്ചു. നിനക്കെന്തു പറ്റി എന്ന വർ ചോദിക്കാൻ തുടങ്ങി. ഒരിക്കൽ ഞാൻ റേഡിയോ സ്റ്റേഷൻ ട്യൂൺ ചെയ്തപ്പോൾ റബ്വാ എഫ് എം സ്റ്റേഷനാണ് കിട്ടിയത്. അത് അഹ്മദികളുടെ സ്റ്റേഷനാണെന്ന് അറിഞ്ഞപ്പോൾ പെട്ടെന്ന് അത് മാറ്റാൻ ശ്രമിച്ചു. കാരണം അഹ്മദി കളുടെ നബി വേറെയാണെന്നും അത് ഇംഗ്ലീഷുകാർ ഉണ്ടാക്കിയ ജമാഅത്താണെന്നും ചെറുപ്പം മുതലേ ഐവറികോസ്റ്റിൽ ഞാൻ കേട്ടുവന്നതാണ്. അതുകൊണ്ട് ജമാ അത്തിനോട് എനിക്ക് കഠിനമായ വെറുപ്പായിരുന്നു. ഇങ്ങനെയിരിക്കു മ്പോൾ അദ്ദേഹത്തിന്റെ ഒരു തൊഴി ലാളി പറഞ്ഞു, 'ഇത് വളരെ നല്ലൊരു റേ ഡിയോ സ്റ്റേഷനാണ്. ഇസ്‌ലാമിന്റെ ശരിയായ അധ്യാപന ങ്ങളാണ് അത് പ്രക്ഷേപണം ചെയ്യു ന്നത്.' അദ്ദേഹം പറയുന്നു, ഞാൻ കുറച്ചുനേരം റേഡിയോ പരിപാടി കൾ കേട്ടുകൊണ്ടിരുന്നു. ഒരു അദൃ ശ്യശക്തിയാൽ എന്റെ എല്ലാ വികല ചിന്തകളും അകലുന്നതായി എനി ക്കനുഭവപ്പെട്ടു. അതിനുശേഷം ഞാൻ റബ്വ എഫ്.എം പരിപാടി മാത്രമേകേൾ ക്കാറുണ്ടായിരുന്നുള ളു. പക്ഷേ, ഒരു അഹ്മദിയുമായും എനിക്ക് ബന്ധപ്പെടാൻ കഴിഞ്ഞില്ല. അങ്ങനെ 3 മാസം കഴിഞ്ഞുപോയി. റമദാനിലെ എല്ലാ പരിപാടികളും കേട്ടു. ഹൃദയംകൊണ്ട് ഞാൻ അപ്പോൾ അഹ്മ ദിയായിക്കഴിഞ്ഞി രുന്നു. പക്ഷേ, ജമാഅത്തുമായി ബന്ധപ്പെടാൻ സാധിച്ചില്ല. പിന്നീടൊരു ജുമുഅ ദിവസം പള്ളി യിൽ വന്നു. അവിടെ ജുമുഅ ഖുത്ബ ടി വിയിൽ നടക്കുകയായി രുന്നു. സ്വപ്നത്തിൽ എനിക്കു കല്ലു തന്നയാളാണ് സ്ക്രീനിൽ കാണുന്ന തെന്ന് ഞാൻ തിരിച്ചറിഞ്ഞു.'' അങ്ങനെ അദ്ദേഹം കുടുംബസ മേതം ബയ്അത്ത് ചെയ്തു. അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ അദ്ദേ ഹത്തിന്റെ മക്കൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകരാണ്. ഇതാണ് അല്ലാഹു വിന്റെ പിന്തുണയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തി നുളള അടയാളവും. പുതിയതായി വരുന്നവർക്ക് ദീനിലേക്ക് വഴികാട്ടു ന്നുവെന്നുമാത്രമല്ല, ഹദ്റത്ത് മസീഹ് മൗഊദ്(അ) നുശേഷം തുടങ്ങിയ ഖിലാഫത്ത്, ഖിലാഫത്ത് റാശിദയാണെന്നും സത്യഖിലാഫ ത്താണെന്നും സാക്ഷ്യപ്പെടുത്തു കയും ചെയ്യുന്നു.

തുർക്കിമാനിസ്ഥാനുമായി ബന്ധ മുളള ഒരു സുഹൃത്ത് അക്കുമൂറ സാഹിബ് (ശരിയായിട്ടാണ് ഞാൻ ഉച്ചരിക്കുന്നതെങ്കിൽ) അദ്ദേഹം അവിടെത്തെ ജമാഅത്ത് പ്രസി ഡന്റാണ്. താൻ ബയ്അത്ത് ചെയ്ത സംഭവം അദ്ദേഹം ഇങ്ങനെ വിവരി ക്കുന്നു: 'പൂർണമായും ഇസ്‌ലാമിക മായി ജീവിക്കാൻ ശ്രമിച്ചിരുന്ന കാലത്തുളള ഒരു സംഭവമാണിത്. അതിനോടൊപ്പം കോളേജിൽ സൈക്കോളജിയും ചരിത്രവും പഠി പ്പിക്കുന്നതിനുപുറമെ സ്വന്തമായി ഒരു തൊഴിലും നടത്തിയിരുന്നു. ഒരു ദീർഘകാലംവരെ ഞാൻ എനി ക്കുവേണ്ടി ഇസ്‌ലാമിൽ ഒരു വഴി തിരഞ്ഞു നടക്കുകയായിരുന്നു. ഞാൻ സംശയത്തിന്റേയും സന്ദേഹ ത്തിന്റെയും ഇരയായി മാറി. നിരാ ശനുമായി. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ഞാനൊരു ദീർഘകാലം ചെലവഴി ച്ചു. എന്നിട്ടും ഇടയിൽ ഒരു മറ അതിനു തടസ്സമായി നിന്നു. അത് എന്നെ ആത്മീയവും മതപരവുമായ ആനന്ദങ്ങളിൽനിന്നും ആ വഴിയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളിൽനിന്നും തടഞ്ഞുവച്ചു. ചിലപ്പോൾ സത്യ മായ അധ്യാപനം തിരയുന്നതായി എനിക്കു തോന്നി. എന്റെ എല്ലാ പ്രയാസങ്ങളും പരിഹരിക്കാനുളള താക്കോലുകളും അവിടെയുണ്ട്. പക്ഷേ, എന്റെ പ്രയാസങ്ങൾ എളു പ്പമാക്കിത്തരുന്ന ആ യഥാർഥ താക്കോൽ തിരയുന്നുണ്ടെങ്കിലും എനിക്കു കിട്ടുന്നില്ല. അദ്ദേഹം പറ യുന്നു, 2009 ൽ നടന്ന സംഭവമാ ണ്. ഒരിക്കൽ ഞാൻ സ്വപ്നം കണ്ടു. 'ഒരാൾ -അദ്ദേഹത്തെ കാണു മ്പോൾ ഒരു വിശിഷ്ട വ്യക്തിയായി ട്ടാണ് തോന്നുന്നത്- തന്റെ പിന്നാലെ നടക്കാൻ എന്നോടു പറയുന്നു.' ഈ സ്വപ്നം എന്നേയും എന്റെ ഹൃദയ ത്തേയും ജീവനെത്തന്നെയും പരീ ക്ഷണത്തിലകപ്പെടുത്തി. അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ വിവിധരീതി യിൽ അതിനെ വ്യാഖ്യാനിക്കാൻ ശ്രമിച്ചു. പക്ഷേ, ഒരെത്തും പിടിയും കിട്ടിയില്ല. ഞാൻ കണ്ട വ്യക്തിയുടെ മുഖം എനിക്കോർമയുണ്ടായിരുന്നു. ഞാനറിയുന്ന ആരുമായിട്ടും അതിനു സാദൃശ്യമുണ്ടായിരുന്നില്ല. ഞാൻ വല്ലാത്തൊരു അസ്വസ്ഥതയി ലായി. ആ സ്വപ്നത്തിന് ശരിയായ വ്യാഖ്യാനം നല്കാൻ നന്നെ പാടു പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ അതേ വർഷംതന്നെ പരേ തനായ റാവേൽ ബുഖാറയേവു മായി കണ്ടുമുട്ടി. അദ്ദേഹം ജമാഅ ത്തിനെ പരിചയപ്പെടുത്തി. മറ്റൊരു സുഹൃത്ത് അഹ്മദിയ്യാ സാഹിത്യ ങ്ങൾ സംഘടിപ്പിച്ചുതന്നു. ഈ സാഹിത്യങ്ങൾ എനിക്കു വളരെ കനപ്പെട്ടതായിരുന്നു. ഒന്നൊന്നര മാസത്തിനുശേഷം എനിക്കു മനസ്സി ലായി അഹ്മദികളുടെ അധ്യാപന ങ്ങളാണ് എന്റെ യഥാർഥ വഴിയെ ന്ന്. ഞാനെന്റെ ഉസ്താദിനോടു ബയ്അത്ത് ചെയ്യണമെന്ന് പറഞ്ഞു. താക്കോൽ എനിക്കു കിട്ടിക്കഴിഞ്ഞി രിക്കുന്നു. വാതിലും തുറന്നു കഴി ഞ്ഞു. ഇപ്പോൾ ഞാൻ ആ മഹ ത്തായ അധ്യാപനത്തിന്റെ അടു ത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ഇതി നോടൊപ്പം നടന്നാൽ എന്തെ ന്തെല്ലാം ശരിയായ വഴികൾ കിട്ടു മെന്നും ഞാൻ അറിഞ്ഞിരിക്കുന്നു. അതിൽ ഞാൻ ഒരിക്കലും എന്റെ കാല് വെച്ചിട്ടില്ല. പക്ഷേ, സ്വപ്നം അപ്പോഴും വ്യാഖ്യാനം കിട്ടാതെ നിന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റേയും ഖലീഫമാരുടേയും ഫോട്ടോകൾ പലപ്രാവശ്യം നോക്കി. പക്ഷേ, അവിടെയൊന്നും ഞാൻ തിരയുന്ന ആളെ കണ്ടില്ല. ആ വ്യക്തിയെ തെറ്റായിമനസ്സിലാക്കി പോകുമോ എന്ന ഭയവും എനിക്കു ണ്ടായിരുന്നു. പിന്നീട് 2010 ജൽസസാലാനയുടെ അവസര

ത്തിൽ ആഗോളബയ്അത്ത് നടക്കുമ്പോൾ അവിശ്വസനീയമായൊരു സംഭവം എനിക്കുണ്ടായി. അതേ അവസ്ഥയിലാണ് ഞാൻ അവിടെ നിന്ന് പോയത്. പിന്നീട് ഞാനൊരു സ്വപ്നം കണ്ടു. ആ സ്വപ്നത്തിലൂടെയാണ് മുമ്പേ സ്വപ്നത്തിൽ കണ്ട ആ മഹാത്മാവിനെ ഞാൻ തിരിച്ചറിയുന്നത്. അത് ഹദ്റത്ത് മസീഹ് മൗഊദ്, മഹ്ദി മഅ്ഹൂദ്(അ) തന്നെയായിരുന്നു. തന്നെ പിന്തുടരാൻ എന്നെ വിളിച്ച വ്യക്തി അദ്ദേഹമല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹമാണ് എന്നെ സത്യത്തിലേക്കും സത്യമതത്തിലേക്കും ക്ഷണിച്ചത്. ഞാൻ ഇപ്പോൾ ശരിയായ വഴിയിൽ നിലകൊള്ളുന്നു. ഞാനെന്റെ മനസ്സും ആത്മാവും ജീവനും ആ മഹാത്മാവിനെ ഏല്പിച്ചിരിക്കുകയാണ്. എന്റെ ജീവിതത്തിന്റെ അവസാന ശ്വാസംവരെ ഇതു തന്നെയാണ് എന്റെ വഴി."

ബുർക്കിനോഫാസോയിലെ അമീർ സാഹിബ് എഴുതുന്നു: "നവ അഹ്മദിയായ ഫാരിഗ് ഗരീത്ത് സാഹിബ് താൻ കണ്ട ഒരു സ്വപ്നം വിവരിക്കുന്നു. ആദ്യം ഞാനുണ്ടായിരുന്നിടത്ത് -അദ്ദേഹം ആദ്യം വഹാബി വിശ്വാസക്കാരനായിരുന്നു. പ്രത്യേകിച്ച് ബുർക്കിനോഫാസോ തുടങ്ങിയ സ്ഥലങ്ങളിൽ ധാരാളം വഹാബികളുണ്ട്-ഇരുട്ട് വ്യാപിച്ചിരിക്കുകയാണ്. ഇപ്പോൾ ഞാനുള്ളിടത്ത് നിറയെ പ്രകാശം തന്നെ പ്രകാശം. അതിനു ശേഷം ഞാനുണർന്നു. ബയ്അത്ത് ചെയ്തതിനുശേഷമാണ് അദ്ദേഹം ഈ സ്വപ്നം കണ്ടത്. അതിനുശേഷം അദ്ദഹം തന്റെ സുഹൃത്തുക്കളോടു പറയാൻ തുടങ്ങി, നിങ്ങൾ ഇന്ന് പ്രകാശം ആഗ്രഹിക്കുന്നെങ്കിൽ അത് അഹ്മദിയ്യത്തിൽ മാത്രമാണുള്ളത്. കാരണം ഇതിൽ അനുഗൃഹീതമായ ഖിലാഫത്ത് വ്യവസ്ഥിതി നിലനില്ക്കുന്നു. ഖിലാഫത്തിലൂടെയാണ് നമ്മുടെ വിജയം."

ഘാനയിലെ മിഷണറി ശറഫുദ്ദീൻ സാഹിബ് പറയുന്നു: "ഘാനയിലെ വടക്കുപടിഞ്ഞാറു ഭാഗത്തുള്ള ഒരു ഗ്രാമമാണ് ഗലിനസാഗൊ. അവിടെ ഞാൻ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. അവിടത്തെ അധികമാളുകളും അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞു. പക്ഷേ അവിടത്തെ ഇമാം അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നില്ല. റീജിയണൽ മിഷണറി എഴുതുന്നു, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ലിഖിതശകലം വായിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ സംബന്ധിച്ച് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ആത്മാർഥതയോടെ അയാൾ അല്ലാഹുവിനോട് ഇസ്തിഖാറ ചെയ്യുക. അല്ലാഹുവിൽനിന്ന് മാർഗദർശനം തേടുക. അങ്ങനെ ചെയ്യുന്ന ആത്മാർഥവ്യക്തിക്ക് അല്ലാഹു തീർച്ചയായും സന്മാർഗം നല്കും. ഇമാം സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ കുറിപ്പടി ഞാൻ പറഞ്ഞു. ഇസ്തിഖാറ ചെയ്യാൻ ഇമാം സാഹിബ് തയ്യാറായി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഇമാം സാഹിബ് താൻ കണ്ട ഒരു സ്വപ്നം എന്നെ കേൾപ്പിച്ചു. 'ഞാൻ ആളിക്കത്തുന്ന ഒരു തീക്കുണ്ഡത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതിന്റെ വലതു ഭാഗത്ത് റീജിയണൽ മിഷണറി നില്ക്കുന്നത് കണ്ടു. അദ്ദേഹം തീയിൽനിന്ന് രക്ഷപ്പെടാൻ എന്നെ വിളിക്കുകയാണ്. അങ്ങനെ ഞാൻ മിഷണറി ഇൻചാർജ് സാഹിബിന്റെ അടുത്തേക്ക് പോകുന്നു. അദ്ദേഹം എന്നെ ചില ദുആകൾ പഠിപ്പിക്കുന്നു. അത് ഞാൻ ആവർത്തിക്കുന്നുണ്ട്. പക്ഷേ, ഇപ്പോൾ എനിക്കത് ഓർമയില്ല.' ഇതിന്ശേഷം ഇമാം സാഹിബിന്റെ സംശയങ്ങളെല്ലാം നീങ്ങി. അദ്ദേഹം ഉടനെ ബയ്അത്ത് ചെയ്തു."

സയ്യിദ് അഹ്മദ് സാഹിബ് എഴുതുന്നു: "ഒരു നവഅഹ്മദി സുഹൃത്ത് റശീദ് കോയങ്ക സാഹിബ് പറഞ്ഞു, 'നമ്മുടെ മുഅല്ലിമാണ് ദാവൂദ് മാസമ്പ സാഹിബ്. അദ്ദേഹം നമ്മുടെ ഗ്രാമത്തിൽ തബ്ലീഗിനായി വരുമായിരുന്നു. അദ്ദേഹം പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ എനിക്കു സമാധാനം കിട്ടുമായിരുന്നു. ഈ കുട്ടി പറയുന്ന കാര്യങ്ങൾ എന്തുകൊണ്ട് നമുക്ക് വിശ്വസിച്ചുകൂട എന്ന് ഞാനെന്റെ സുഹൃത്തിനോട് ചോദിച്ചു. അവൻ ഏതൊന്നിലേക്ക് നമ്മെ വിളിക്കുന്നുവോ അതു നാം സ്വീകരിക്കേണ്ടതാണ്. എനിക്ക് അവന്റെ സംസാരം നല്ലതായി തോന്നുന്നുണ്ട്. പക്ഷേ, എന്റെ കൂട്ടുകാരൻ പറഞ്ഞു, 'മുസൽമാൻ ഇങ്ങനെയാണ് നമ്മെ കുടുക്കുന്നത്. ഇവർ ജിഹാദിനു പ്രേരിപ്പിക്കുന്നവരാണ്. ഇവരുടെ വലയിൽ കുടുങ്ങരുത്.' ഞങ്ങളെല്ലാവരും ക്രിസ്ത്യാനികളായിരുന്നു. എനിക്ക് ഭയവുമുണ്ടായിരുന്നു. സുഹൃത്ത് പറയുന്ന ബൈബിളിലെ കാര്യങ്ങൾ കേൾക്കാറുമുണ്ടായിരുന്നു. അവിടെയും ഞാൻ കുനിയുമായിരുന്നു. അങ്ങനെ ഞാൻ അവിടെയുമല്ല ഇവിടെയുമല്ല എന്ന അവസ്ഥയിലായി. അങ്ങനെയിരിക്കെ ഒരു സ്വപ്നം കണ്ടു. 'എന്നോട് ആരോ പറഞ്ഞു, ഏതൊരു ഭാഗത്തേക്കാണോ ഈ കുട്ടി നിന്നെ വിളിക്കുന്നത് അവിടേക്കു പോകുക. അവിടെ നിനക്ക് മനസ്സമാധാനം കിട്ടും. ഈ സ്വപ്നം 3 പ്രാവശ്യം ഞാൻ കണ്ടു. ആ കുട്ടി വീണ്ടും വന്നപ്പോൾ എങ്ങനെയാണ് ഇസ്ലാമിൽ പ്രവേശിക്കുകയെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം എന്നെ ബയ്അത്തുഫോറം വായിച്ചു കേൾപിച്ചു. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്തു. അതുകഴിഞ്ഞപ്പോൾ എനിക്ക് അദ്ഭുതകരമായ നിലയിൽ മനഃശ്ശാന്തി ലഭിച്ചു. ജീവിതത്തിലൊരിക്കലും അതു കിട്ടിയിരുന്നില്ല. സ്കിഡ്സിൽനിന്ന് 20 കിലോമീറ്റർ യാത്ര ചെയ്താണ് ഇദ്ദേഹം ജുമുഅ നമസ്കരിക്കാൻ വരുന്നത്. അല്ലാഹു മുസ്ലീംകൾക്കു മാത്രമല്ല സത്യാന്വേഷികളായ അമുസ്ലീംകൾക്കും ക്രിസ്ത്യാനികൾക്കും മറ്റുമതസ്ഥർക്കും സ്വപ്നങ്ങൾ മുഖേന സന്മാർഗം നല്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള വ്യക്തമായ തെളിവുകളാണിത്.

അബുൽഫാത്വിർ സാഹിബ് എഴുതുന്നു:*(ഇദ്ദേഹം മിസ്റിയാ*

*ണ്)*"അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ, എന്തുകൊണ്ട് മസീഹിന്റേയും മഹ്ദിയുടേയും ഇറക്കമുണ്ടാകുന്നില്ല എന്ന് ഞാൻ ഗൗരവമായി ചിന്തിക്കാറുണ്ടായിരുന്നു. കാരണം മുസ്‌ലീംകളുടെ അവസ്ഥ അങ്ങേയറ്റം മോശമായിക്കൊണ്ടിരിക്കുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും മുസ്‌ലീംകൾ പിന്നാക്കമാണ്. ശക്തമായ ലോകരാഷ്ട്രങ്ങൾ ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. എല്ലായിടത്തും ദുരിതങ്ങളുടേയും അപചയങ്ങളുടേയും വിപത്തുകളുടേയും മുഖം കാണേണ്ടിവരുന്നു. പരസ്പരമുള്ള അഭിപ്രായ ഭിന്നതകളുടെ വിള്ളലുകൾ ആഴമുള്ളതായിത്തീർന്നിരിക്കുന്നു. എത്രമാത്രമെന്നാൽ, ഐക്യത്തിന്റേയും യോജിപ്പിന്റേയും ഒരു ലക്ഷണവും കാണാൻ കഴിയുന്നില്ല. മുസ്‌ലീംകളുടെ ധാർമികത അധഃപതിച്ചുപോയിരിക്കുന്നു. ദ്രോഹങ്ങളുടേയും കാപട്യങ്ങളുടേയും പടയോട്ടമാണെങ്ങും. മറുഭാഗത്താണെങ്കിൽ, ചില മുസ്‌ലീംകൾ ഇതെല്ലാം തങ്ങളുടെ അഭിമാനമായിട്ട് കാണുന്നു. ഇതവരുടെ അജ്ഞതയെയാണ് കാണിക്കുന്നത്. മുസ്‌ലീംകളും ഇസ്‌ലാമുമായിട്ട് എന്തെങ്കിലും ബന്ധമുള്ളതായി എനിക്ക് കാണാൻ കഴിഞ്ഞില്ല. അവർ നമസ്കരിക്കുന്നുണ്ട്; പക്ഷേ, അറിയില്ല എന്തു നമസ്കാരമാണെന്ന്. പള്ളിയിൽനിന്ന് ഇറങ്ങിയാലുടൻ കലഹവും തമ്മിൽതല്ലും കളവും മോഷണവും മറ്റു വേണ്ടാത്ത പ്രവർത്തികളുമൊക്കെയാണ്. ഇതിൽനിന്നൊന്നും അവരെ തടയുന്നില്ല. പള്ളിക്കുള്ളിലും അത്തരം കലഹങ്ങൾ തുടങ്ങുന്നു. ഈ കുഴപ്പങ്ങളൊന്നും മസീഹിന്റെ ഇറക്കത്തിന് കാരണമാകുന്നില്ലെങ്കിൽ മസീഹ് ഇറങ്ങാനും മഹ്ദിവെളിപെടാനും നമുക്കെന്താണ് ചെയ്യാൻ കഴിയുക? ഈ മുസീബത്തുകളിൽനിന്ന് നാം എങ്ങനെ രക്ഷപ്പെടാനാണ്? ഇപ്പോൾ മസീഹ് വരുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് വരേണ്ടത്? എല്ലാ മതങ്ങളുടേയും മേൽ ആരാണ് ഇസ്‌ലാമിനെ വിജയിപ്പിക്കേണ്ടത്? 2007-ൽ എന്റെ ഒരു സുഹൃത്ത് എന്നോടു പറഞ്ഞു, 'നൈൽസാറ്റിൽ ഒരു ചാനൽ തുടങ്ങിയിട്ടുണ്ട്. അവർ ക്രിസ്ത്യാനികളുമായി തൽസമയ ചർച്ചാപരിപാടി സംപ്രേഷണം ചെയ്യുന്നുണ്ട്. ക്രിസ്ത്യാനികളുടെ ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നു.' അങ്ങനെ ആ സുഹൃത്ത് മുഖേന മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായെ കുറിച്ച് ഞാൻ അറിഞ്ഞു. പിന്നീടു ഞാൻ അതിന്റെ ആളായി മാറി. 7 മാസംവരെ എം ടി എ പരിപാടികൾ കണ്ടതിനുശേഷം ഇക്കൂട്ടരാണ് സത്യവാന്മാർ എന്ന തീരുമാനത്തിലെത്തി. പിന്നീടു വിവിധ പരിപാടികളിൽ പല പണ്ഡിതൻമാരുമായിട്ടുള്ള അവരുടെ പെരുമാറ്റം സ്നേഹത്തോടും വിനയത്തോടുമുള്ള ഇടപെടൽ, സത്യസന്ധത തുടങ്ങിവയിൽ ഞാൻ ആകൃഷ്ടനായി. ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് അറിഞ്ഞതിനുശേഷം അല്ലാഹു എന്റെ നെഞ്ചകം തുറന്നു. മനഃസമാധാനത്തോടെ ബയ്അത്ത് ചെയ്യാൻ തയ്യാറായി. *(തെളിവുകൾ വേണം, തെളിവുകളില്ലെങ്കിൽ നാമധാരികളായ പണ്ഡിതന്മാരെപ്പോലെ പരാജയം ഏറ്റുവാങ്ങേണ്ടിവരും.)* അദ്ദേഹം പറയുന്നു: 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രവും അറബി ഗ്രന്ഥങ്ങളും വായിച്ചപ്പോൾ ആ വരികൾ ഒരു കവിയുടേതല്ലെന്ന് പറയാൻ നിർബന്ധിതനായി. അതിൽ കളവില്ല, വഞ്ചനയില്ല. അത് സത്യസന്ധമായ വിവരണമാണ്. എനിക്കൊരു തെളിവിന്റേയും ആവശ്യമില്ലെന്നാണ് ബയ്അത്തു ചെയ്യുമ്പോൾ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്ത് പറഞ്ഞത്. എന്നിട്ടും അല്ലാഹു സ്നേഹനിർഭരമായൊരു സ്വപ്നം കാണിച്ച് ആത്മാവിന്റെ ഉള്ളിന്റെ ഉള്ളുവരെ അഹ്മദിയ്യത്തിന്റെ സത്യത നിറച്ചു. അത് ഭാവിയിൽ വരാനിരിക്കുന്ന പ്രശ്നങ്ങളെ നേരിടാനുള്ള കരുത്ത് എനിക്കു പകർന്നു. അദ്ദേഹം സ്വപ്നം ഇങ്ങനെ വിവരിക്കുന്നു: "ഞാൻ എന്റെ രണ്ടു സുഹൃത്തുക്കളുടെ-ഇദ്ദേഹത്തോടൊപ്പം അവർ എം ടി എ കാണാറുണ്ടായിരുന്നു, ജമാഅത്തിനെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്തിരുന്നു-ഇടയിൽ നില്ക്കുകയാണ്. ഞങ്ങളുടെ മുമ്പിൽ വർണക്കടലാസിൽ പൊതിഞ്ഞ ഒരു പെട്ടിയുണ്ട്. ആരോ അതെനിക്ക് സമ്മാനമായി അയച്ചതുപോലെ. ഞാൻ അതിനെക്കുറിച്ച് ആലോചിച്ചതേയുള്ളു, ആ പെട്ടിയുടെ റിബൺ തനിയെ അഴിയാൻ തുടങ്ങി. അതു തുറന്നപ്പോൾ അതിൽനിന്ന് ഒരു വെള്ള കടലാസ് പുറത്തു വന്നു. അതിൽ, 'നീ സത്യത്തിലാണ്, ഇതിൽ ഉറച്ചുനിന്നുകൊള്ളുക, സ്വബ്ർ ചെയ്യുക' എന്ന് വലിയ അക്ഷരത്തിൽ എഴുതിയിരുന്നു. ഇതു വായിച്ചിട്ട് ഞാനെന്റെ കൂട്ടുകാരോട് പറയുകയാണ്, 'സത്യത്തിലേക്കാണ് വിളിക്കുന്നതെന്ന് ഞാൻ നിങ്ങളോടു പറഞ്ഞിരുന്നില്ലേ? ഇപ്പോൾ നിങ്ങളത് കാണുന്നില്ലേ?"

സംഭവങ്ങൾ ധാരാളമുണ്ട്. ഉദാഹരണമായിട്ടാണ് ഞാൻ ചിലത് പറഞ്ഞത്. 100 വർഷത്തിനു മുമ്പേയുള്ള സംഭവങ്ങൾ വിശ്വാസത്തെ ദൃഢീകരിപ്പിക്കുന്നതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)സത്യവാനാണെന്നതിനും ദൈവസഹായം അദ്ദേഹത്തിനുണ്ടെന്നുള്ളതിനും തെളിവാകുന്നതുപോലെ ഇന്നും അല്ലാഹു കാണിക്കുന്ന സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുമേൽ മുദ്രവയ്ക്കുന്നു.

എങ്ങനെയാണ് അല്ലാഹു മനസ്സുകളെ തിരിച്ചുവിടുന്നത്. അദ്ഭുതകരമായ സംഭവങ്ങൾ ഓരോന്നും നമ്മുടെ ഹൃദയങ്ങളെ പ്രകാശമയമായ വിശ്വാസംകൊണ്ടു നിറയ്ക്കുന്നു. നമ്മുടെമേൽ ആട്ടപ്പെടുന്ന ഈ ആട്ടുകല്ലുകൾ അല്ലാഹുവിന്റെ മാർഗദർശനവും സഹായവും നേരിൽ കണ്ടതിനുശേഷം നമ്മേ ഭയപ്പെടുത്തുന്നതാക്കുമോ? ഒരിക്കലുമില്ല. നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനെ ഇക്കാലത്ത് വിശ്വസിച്ചവരാണ് നമ്മൾ.

ശേഷം പേജ് 29 ൽ

# ആരാധന ഉത്ഭവിച്ചത് ഭയത്തിൽ നിന്നോ?

മതങ്ങളും ആരാധനയും ഭയം മൂലമാണ് ഉണ്ടായത് എന്ന ഭൗതികവാദികളായ സേഷ്യോളജിസ്റ്റുകളുടെ ബുദ്ധിശൂന്യവും യുക്തിരഹിതവുമായ വാദത്തെ ഖലീഫത്തുൽ മസീഹ് പരിശോധിക്കുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**നാം** ഭയപ്പെടുന്നതിനെ യഥാർഥത്തിൽ നാം ആരാധിക്കാറുണ്ടോ? നിരന്തരമായ അത്യാഗ്രഹം ഒരു വസ്തുവിനു മുന്നിൽ ആരാധനാപൂർവം തലകുനിക്കാൻ നമ്മെ പ്രേരിപ്പിക്കുമോ? ഈ രണ്ട് ഘടകങ്ങൾക്കും പ്രാകൃതമായ ഒരു മതത്തെ പോലും സൃഷ്ടിക്കാൻ സാധ്യമല്ല. ഭയം അത് ഉണ്ടാക്കുന്ന വസ്തുവിൽ നിന്ന് ഒരാളെ ഓടിയകലാൻ പ്രേരിപ്പിക്കുന്നു. നിസ്സഹായനും ഹതഭാഗ്യനുമായി പീഡിപ്പിക്കപ്പെട്ടവനും ഓടിയകലാൻ കഴിയാത്തവരുമായ ഇരകൾ അവരുടെ മർദകരോട് കരുണക്ക് യാചിക്കും എന്ന് ഒരാൾക്ക് തീർച്ചയായും സങ്കൽപിക്കാം. പക്ഷേ, ആ ഇരകൾ മർദകരെ ആരാധിക്കുമെന്ന് സങ്കൽപിക്കുവാൻ സാധ്യമല്ല. തന്റെ മർദകരിൽ നിന്ന് മോചിതനായാൽ ആ ഇര മർദകനെ അങ്ങേയറ്റം ഹീനവും സഭ്യേതരവുമായ ഭാഷയിൽ ചീത്ത വിളിച്ചേക്കാം.ആ മർദകനെ ആരാധിക്കണമെന്ന് വിദൂരമായ ഒരു സങ്കൽപം പോലും അയാളുടെ മനസ്സിൽ വരില്ല. ഭീഷണി കൊണ്ട് പ്രവർത്തനനിരതനാകുന്ന ഒരു എം. ഐ-5 ഏജന്റ്*തന്റെ മർദകനായ കെ.ജി.ബി.*ക്കാരനെ ആരാധിക്കാൻ ആരംഭിക്കുമെന്ന് ഒരു ചാരകഥകളിലും നാം വായിച്ചിട്ടില്ല. വെളിപാടു മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട ദൈവഭയം കാട്ടു മൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീതി യോ മറ്റു ഭയമുണ്ടാക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട ഭയമോ അല്ല. ദൈവിക ശിക്ഷയെക്കുറിച്ചുള്ള താക്കീത് കുറ്റങ്ങൾ ചെയ്യാതിരിക്കാനുള്ള ഒരു പ്രതിരോധകമായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. അത് ആളുകളെ പാപങ്ങൾ ചെയ്യുന്നതിൽ നിന്ന് സ്വയം തടയുന്നു. പ്രാകൃത സമൂഹങ്ങളിലുണ്ടായിരുന്ന കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള ഭയമോ ഇടിമിന്നലിനെ കുറിച്ചുള്ള ഭയമോ, മനുഷ്യനെ പാപരഹിതനായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ശിക്ഷയെക്കുറിച്ചുള്ള ഭയമായി ഗണിക്കാൻ സാധ്യമല്ല. ദൈവവിശ്വാസം മൂലമുണ്ടാകുന്ന കുറ്റകൃത്യംചെയ്യുന്നതിലുള്ള ഭീതിയോ, കുറ്റം ചെയ്താൽ ഭാവിയിൽ ശിക്ഷിക്കപ്പെടുമെന്ന താക്കീതോ കാട്ടുമൃഗങ്ങളെ സംബന്ധിച്ച ഭയത്തിൽ നിന്നോ, പ്രകൃതിയുടെ സംഹാരശക്തിയിലെ ഭയത്തിൽ നിന്നോ പ്രാകൃത സമൂഹത്തിന് ലഭിച്ചിരുന്നതായി നമുക്ക റിയില്ല. പോലീസ് അധികാരികൾ, ട്രാഫിക് പാലകൻമാർ, മജിസ്ട്രേറ്റുമാർ മുതലായവരെ ഭയപ്പെടുകയും അവർ വെറുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവരാരും ആരാധിക്കപ്പെട്ടിട്ടില്ല! അതിപുരാതന കാലത്ത് പോലും അപകടകാരിയായ ഒരു സിംഹത്തെ പേടിച്ചു കൊണ്ട് ഒരാൾ അതിന്റെ മുന്നിൽ നിന്ന് ജീവനും കൊണ്ട് ഓടുകയാണ് ചെയ്യുക. പകരം അതിന്റെ മുന്നിൽ മുട്ടുകുത്തി സാഷ്ടാംഗ പ്രണാമം നടത്തു

*** എം.ഐ-5 ഏജന്റ് (MI-5 Agent)**: ഒരു ബ്രിട്ടീഷ് രഹസ്യ ചാര സംഘടന. MI-5(Security service), MI-6(Security Intelligent service) എന്നിങ്ങനെ ബ്രിട്ടീഷ് ചാര സംഘടന രണ്ടായി വിഭജിച്ചിട്ടുണ്ട്. അതിൽ MI-5 ആഭ്യന്തര രംഗത്തും സിവിലിയൻമാർക്കിടയിലും ചാരപ്രവർത്തനം നടത്തുന്ന രഹസ്യ സംഘടനയാണ്. ഇത്തരം ഏജന്റുമാരെ കഥാപാത്രങ്ങളാക്കിക്കൊണ്ട് നിരവധി ഡിറ്റക്റ്റിവ് നോവലുകളുണ്ട്.

*** കെ.ജി.ബി**: റഷ്യൻ ചാര സംഘടന. പൂർണ്ണനാമം.(Komitet Gosudarstuennoy Bezopasnosti (State Security Committee)

കയോ അതിനോട് കാരുണ്യത്തിന് യാചിക്കുകയോ, അതിന്റെ മഹത്ത്വവും രാജത്വവും വാഴ്ത്തുകയോ ചെയ്യാറില്ല. ഭയങ്കരമായ ഇടിമിന്നലും പേമാരിയും കത്തുന്ന വേനൽ സൂര്യന്റെ കൊടും താപവും പുരാതന മനുഷ്യനെ എവിടെയെങ്കിലും സുരക്ഷിത സ്ഥാനം തേടാനോ അല്ലെങ്കിൽ എന്തെങ്കിലും രക്ഷാസംവിധാനങ്ങൾ ചെയ്യാനോ പ്രേരിപ്പിക്കുകയാണ് ചെയ്യാറ്. ശക്തമായ ഇടിമിന്നൽ നടക്കുന്ന അവസരത്തിൽ അഭയത്തിനായി ഇടം തേടുന്നതിന് പകരം ആദിമ മനുഷ്യൻ ഗുഹയിൽ നിന്നു ചാടി പുറത്ത് വന്ന് സാഷ്ടാംഗ പ്രണാമം ചെയ്തിരുന്നുവെന്ന് ഒരു സോഷ്യോളജിസ്റ്റിന് യഥാർഥത്തിൽ വിശ്വസിക്കാനാവുമോ? സൂര്യാരാധനയും നക്ഷത്രാരാധനയും യാതൊരു വിധത്തിലും തന്നെ ഭീതിയിൽ നിന്നോ അത്യാഗ്രഹത്തിൽ നിന്നോ ക്രമേണ രൂപം കൊണ്ട ആരാധനാ രീതിയല്ല. ചെറിയ ഭൗമിക വസ്തുക്കളിൽ നിന്നു കാലക്രമേണ പരിണമിച്ചാണ് കൂടുതൽ ഉന്നതവും ഭാവാത്മകവുമായ അസ്തിത്വവുമായി ബന്ധപ്പെട്ട ആരാധനകളിലേക്ക് മനുഷ്യനെ നയിച്ചത് എന്നതിന് യാതൊരു തെളിവുമില്ല.

സോഷ്യോളജിസ്റ്റുകൾ അവരുടെ സാങ്കൽപിക സിദ്ധാന്തം തെളിയിക്കാൻ യാതൊരു ശാസ്ത്രീയ മാർഗവും അവലംബിക്കാതെ പരിണാമത്തെക്കുറിച്ച് വെറുതെ വാചകമടിക്കുകയാണ്. ശാസ്ത്രജ്ഞൻമാർ ജീവിപരിണാമത്തെക്കുറിച്ച് പറയുമ്പോൾ അവർ കോടിക്കണക്കിന് വർഷത്തെ പരിണാമ രൂപരേഖ പരിശോധിച്ച് ഘട്ടം ഘട്ടമായുള്ള ജീവന്റെ വ്യക്തമായ വളർച്ച വിവരിക്കുന്നു. അപ്രകാരം ദൈവത്തെ സംബന്ധിച്ചഭാവന രൂപപ്പെട്ടു വന്ന പരിണാമപ്രക്രിയയുടെ ഒരു തെളിവെങ്കിലും സമർപ്പിക്കാൻ അവർക്ക് കഴിയുമോ? അന്ധവിശ്വാസികളും ബിംബാരാധകരുമായ ഏത് സമൂഹമാണ് ഏക ദൈവ വിശ്വാസികളായി പരിണമിച്ചത്? ഒരിക്കലും അത് സംഭവിച്ചിട്ടില്ല.

എന്നിട്ടും സോഷ്യോളജിസ്റ്റുകൾ ശഠിച്ചു പറയുന്നത് മനുഷ്യനിലെ അവികസിതമായ ഗ്രഹണശേഷിയാണ് ദൈവത്തെ സൃഷ്ടിക്കുന്നതിൽ കലാശിച്ചതെന്നാണ്. മുകളിൽ പ്രസ്താവിച്ചത് പോലെ അറിയാത്തതിനെ സംബന്ധിച്ച ഭീതി ദൈവരൂപങ്ങളെ സൃഷ്ടിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ടെന്ന് അവർ ദുശ്ശാഠ്യത്തോടെ കടിച്ചു തൂങ്ങി വിശ്വസിക്കുന്നു. അജ്ഞത അതിന്റെ വിളയാട്ടം നടത്തിയെന്നാണ് അവർ പറയുന്നത്. മനുഷ്യൻ അവന്റെ അജ്ഞത കാരണം മനസിലാക്കാൻ കഴിയാതെ മറഞ്ഞു കിടന്നിരുന്ന വിപത്തുകളെ ബഹുമാനിക്കാൻ ആരംഭിച്ചു. പുരാതന മനുഷ്യൻ സർപ്പം, തേൾ, കാട്ടുപൂച്ച, നരി, സിംഹം, മുതായവയെ ആരാധിക്കാൻ തുടങ്ങി. ഭൂമികുലുക്കം ഭൂമിയെ വിറപ്പിച്ചു. ഇടിമിന്നൽ മരങ്ങളെ നെടുകെ പിളർത്തി, കൊടുങ്കാറ്റ് നിർദയമായും വന്യമായും അടിച്ചു വീശി; അങ്ങനെ ദൈവത്തിന്റെ ആശയം ഉടലെടുത്തു പോലും! മനുഷ്യന്റെ ഹൃദയത്തിൽ ഭീതി ആഞ്ഞു പതിച്ചപ്പോൾ പ്രകൃതി പ്രതിഭാസങ്ങളെ ആരാധിക്കുന്നതിൽ നിന്ന് ഭൗതിക വസ്തുക്കളെ ആരാധിക്കുന്ന നിലയിലേക്ക് അവൻ പുരോഗമിച്ചു. ക്രമേണ അജൈവവസ്തുക്കളെ ആരാധിക്കുന്നതിൽ നിന്ന് ജീവികളെ ആരാധിക്കുന്നതിലേക്ക് അത് പുരോഗമിച്ചു. തേൾ, സർപ്പം മുതലായവയെ ആരാധിക്കുന്നതിൽ നിന്ന് പൂച്ചയേയും മറ്റ് കാട്ടു മൃഗങ്ങളേയും ആരാധിക്കുന്നതിലേക്ക് അത് ഗതിമാറി. കുരങ്ങൻമാർ വരെ ദൈവങ്ങളായി മാറി. മിന്നൽ പിണറിന്റെ ഉന്നതമായ ഉത്ഭവ കേന്ദ്രം അവർക്ക് എത്തിപ്പിടിക്കാനായില്ല. അവരെ സൃഷ്ടിച്ച പ്രകൃതിശക്തികൾ എന്താണെന്ന് അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, അവയെല്ലാം അവർ ഒരുപോലെ ഭയപ്പെട്ടു.

മേഘത്തിരശ്ശീലയുടെ പിന്നിലിരിക്കുന്ന ചില ഭയാനകങ്ങളായ ദൈവങ്ങളുടെ ക്രോധത്തിന്റെ പ്രകടനങ്ങളാണ് പ്രകൃതിയിലെ ശക്തിമത്തായ എല്ലാ പ്രതിഭാസങ്ങളും എന്നവർ കരുതിയിരുന്നിരിക്കണം. ആയതിനാൽ അവരുടെ പ്രാകൃത മനസ്സ് അന്ധവിശ്വാസങ്ങൾ നെയ്തെടുക്കാൻ ആരംഭിച്ചു. ക്രുദ്ധരായ ദൈവത്തെ പ്രീതിപ്പെടുത്താനും ചുരുങ്ങിയത് അവരുടെ കോപത്തിൽ നിന്ന് രക്ഷനേടാനും ആദിമനുഷ്യൻ ധാർമികാദ്ധ്യാപനങ്ങളും സ്വഭാവ സംഹിതകളും കണ്ടുപിടിച്ചു.ആരാധനാലയങ്ങൾ പണിതു. ബലികൾ അർപ്പിച്ചു. നന്മതിന്മകളെപ്പറ്റിയുള്ള ആശയങ്ങൾക്ക് രൂപം കൊണ്ടു. നിരവധി ആചാരങ്ങളും ചടങ്ങുകളും ഉത്ഭവിച്ചു. അവസാനം വേദഗ്രന്ഥങ്ങളും ആവിർഭവിച്ചു. തീർച്ചയായും ആദിമ മനുഷ്യരുടെ പ്രാകൃതമായ ധാരണകൾക്ക് അത്യന്തം അതിരു കവിഞ്ഞ സ്തുതിയാണ് ഇവിടെ സോഷ്യോളജിസ്റ്റുകൾ നൽകിയിരിക്കുന്നത്. ഈ സ്തുതി കൂടുതൽ യോജിക്കുക പ്രാകൃതമായ ധാരണകൾ പുലർത്തിയ ആദിമ മനുഷ്യന്റെ പേരിൽ ഇത്തരം ആകാശക്കോട്ടകൾ പണിതുകൂട്ടിയ സോഷ്യോളജിസ്റ്റുകളുടെ ബുദ്ധി വൈഭവത്തിനാണ്.

പ്രാകൃത സമൂഹങ്ങളിലെ വിശ്വാസങ്ങളും ലോകത്തിലെ വെളിപാട് മതങ്ങളിലെ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നതിൽ സോഷ്യോളജിസ്റ്റുകൾ പരാജയപ്പെട്ടു. പൗരാണിക പരമ്പരാഗത പ്രാകൃത വിശ്വാസങ്ങളിലെല്ലാം കാണുന്ന മുഖ്യതന്ത്രിയും സഹതന്ത്രികളും വെളിച്ചപ്പാടുകളും എല്ലാം തന്നെ വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ ജീവിത സംഹിത ലഭിച്ചതായി അവകാശപ്പെടുന്നില്ല. അതുപോലെ ഇക്കൂട്ടരുടെ ദൈവിക മാധ്യമം എന്ന ആധികാരികത സമൂഹത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടുന്നില്ല. കാരണം അവരുടെ ആ സ്ഥാനം പൂർവികരിൽ നിന്ന് പരമ്പരാഗതമായി ലഭിച്ചതാണ്. അത് സമൂഹം അതേപടി അംഗീകരിക്കു

കയാണ് ചെയ്തത്. അവർ തങ്ങളുടെ ദൈവമാധ്യമം എന്ന അവകാശവാദത്തിന് തെളിവിനായി ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഒരിക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല തങ്ങൾക്കനുകൂലമായി ചെപ്പടി വിദ്യകൾ കാണിക്കുന്നതിന് അവർ സ്വതന്ത്രരുമായിരുന്നു. അതിൽ കൂടുതലായി എന്തും എളുപ്പത്തിൽ വിശ്വസിക്കുന്ന ദുർബല വിശ്വാസികൾ, ഈ സിദ്ധൻമാർക്കുണ്ടെന്ന് പറയപ്പെടുന്ന ദൈവത്തെ പ്രാപിക്കാനുള്ള കഴിവുകളിൽ ആകൃഷ്ടരാണ്. ഇത് അവരുടെ കൗശലമല്ലാതെ മറ്റൊന്നുമല്ല താനും. വ്യാജദൈവങ്ങൾ വ്യാജവാദികളാൽ പിന്തുണക്കപ്പെടുകയാണ് ചെയ്യുന്നത്.

മേൽ പറഞ്ഞ രീതിയിലുള്ള സിദ്ധൻമാരും ലോകത്തിലെ മഹത്തായ മതങ്ങളുടെ സ്ഥാപകൻമാരും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ താഴെപറയുന്ന വസ്തുതകൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ആ പ്രത്യേകതകൾ ഇപ്രകാരമാണ്.

1. വിഗ്രഹാരാധകരായ പുരോഹിതൻമാർ സ്ഥാപനവത്കൃതമായ ഒരു ആരാധനാലയത്തിനുള്ളിലെ അംഗീകരിക്കപ്പെട്ട ആളായിരിക്കും.

2.പഴയ മതവ്യവസ്ഥയുമായി വിവാദത്തിലേർപ്പെടുകയോ അതിന്റെ പ്രാബല്യത്തെ ചോദ്യം ചെയ്യുന്നതോ ആയ ഒരു മതസിദ്ധാന്തവും അവർ ആവിഷ്ക്കരിച്ചിട്ടില്ല. സമൂഹത്തിന്റെ മൂല്യങ്ങളും സ്വഭാവങ്ങളും മാറ്റുവാൻ അവർ ശ്രമിക്കാറില്ല. അവർ ചെയ്യുന്നത് പഴയ വിശ്വാസങ്ങളേയും ആചാരങ്ങളേയും നിലനിറുത്തുകയാണ്. ഒരിക്കലും തന്നെ ജനകീയവും വ്യാപകവുമായ അന്ധവിശ്വാസങ്ങളേയും മിഥ്യാവിശ്വാസങ്ങളേയും അവർ എതിർക്കുന്നില്ല.

3. അവർ നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തെ മിക്കവാറും അംഗീകരിക്കുന്നു. ഭരണാധികാരിയുടെ മതവിശ്വാസത്തെ ഒരിക്കലും ചോദ്യം ചെയ്യുന്നില്ല. എന്നിരുന്നാലും ചില രാജാക്കൻമാർക്കെതിരിൽ അക്കാലത്തെ മതനേതാക്കൻമാർ കലാപമഴിച്ചു വിടുന്നതായി കണ്ടെന്നു വരാം. ഇത് മതകാര്യങ്ങളിൽ രാജാക്കൻമാർ പരിധി കവിഞ്ഞ് ഇടപെടുന്നത് കൊണ്ടാണെന്ന് കാണാം. ചിലപ്പോൾ മതനേതാക്കൻമാരുടെ രാഷ്ട്രീയ വ്യാമോഹങ്ങൾ കൊണ്ടാണെന്നും വരാം. എങ്കിലും ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. കളങ്കങ്ങൾ നിറഞ്ഞ വിഗ്രഹാരാധകരുടെ നേതൃത്വം, അധികാരത്തിന്റെ ശക്തമായ തറയിൽ വേരോട്ടമുള്ള ജനങ്ങൾക്കിടയിലെ വ്യാപകമായ മിത്തുകളേയും തത്ത്വങ്ങളേയും താങ്ങി നിറുത്തുന്നവരായിട്ടാണ് സാർവത്രികമായി കാണപ്പെടുന്നത്.

ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിച്ച ജൂത, ക്രൈസ്തവ, ഇസ്‌ലാം, സൊറോസ്ട്ര മതങ്ങളുടെ സ്ഥാപകരുടെ ചരിത്രം ഇതിൽ നിന്ന് അടിസ്ഥാന പരമായി എത്രയോ വ്യത്യസ്തമാണ്. മൂസ (അ) ഹദ്റത്ത് ഈസ(അ) മുഹമ്മദ് (സ)എന്നിവരുടെയും അതുപോലെ ദൈവത്താൽ അയക്കപ്പെട്ട മറ്റു പ്രവാചകൻമാരുടെയും ജീവിതം നാം പരിശോധിക്കുകയാണെങ്കിൽ അവരാരും തന്നെ അക്കാലത്തെ വ്യവസ്ഥാപിതവും ജനകീയവുമായ മതസംവിധാനത്തെ പ്രതിനിധാനം ചെയ്തിരുന്നില്ല. അവരുടേത് വിപ്ലവത്തിന്റെ ഒറ്റപ്പെട്ട ശബ്ദമായിരുന്നു. അവരുടെ വാദങ്ങൾ മുഴുവനും തന്നെ ദിവ്യവെളിപാടുകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. അവരാകട്ടെ പുതിയൊരു ജീവിത വഴി ആവശ്യപ്പെടുന്ന ഒരു പുത്തൻ തത്ത്വശാസ്ത്രത്തിന്റെ വക്താക്കളായിരുന്നു. നിലവിലുള്ള ആചാരത്തിനും നാട്ടുനടപ്പുകൾക്കും വിഭിന്നമായ മൂല്യങ്ങളാണ് അവർ പ്രബോധിച്ചിരുന്നത്. അവർ ഒരു നവലോകക്രമത്തിന്റെ മുന്നൊരുക്കക്കാരായിട്ടായിരിക്കും എപ്പോഴും തന്നെ പ്രത്യക്ഷപ്പെടുക. നിലവിലുള്ള മതത്തിന്റെ അധികാരികളെ അവർ വെല്ലുവിളിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. അക്കാലത്തെ പ്രബലമായ മതങ്ങളിൽ ഭിന്നിപ്പുണ്ടാവുകയും അത് പല ഭാഗങ്ങളും ചേരികളുമായി പിരിയുകയും ചെയ്യുന്നു. അജ്ഞരായ സാധാരണക്കാരുടെ ഭൂരിപക്ഷത്തെ തങ്ങളുടെ വരുതിയിലാക്കാൻ അവർ പരസ്പരം പോരടിക്കുന്ന ഒരു കാലഘട്ടത്തിലായിരിക്കും ഈ ദൈവദൂതൻമാർ പ്രത്യക്ഷപ്പെടുക. അത്തരം ഒരു കാലഘട്ടത്തിലാണ് മേൽ പറഞ്ഞ രൂപത്തിലുള്ള ദൈവിക സന്ദേശവാഹകർ ആവിർഭവിക്കുക. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ എതിരാളികൾ കൃത്രിമമായ ഒരു ഐക്യനിര സൃഷ്ടിക്കുന്നു. തൽക്കാലത്തേക്ക് അവർ തമ്മിലുള്ള ഭിന്നിപ്പ് മറക്കുകയും പുതുതായി വന്ന ആത്മീയ സംവിധാനത്തിനെതിരെ അവരുടെ ശക്തികൾ സമാഹരിച്ചുകൊണ്ട് ഒരു വമ്പിച്ച പ്രതിരോധനിര കെട്ടിപ്പടുക്കുകയും ചെയ്യുന്നു. അങ്ങനെ കഠിനമായ എതിർപ്പ് പ്രകടിപ്പിക്കുന്ന ഒരു ഐക്യമുന്നണി രൂപപ്പെടും. ദൈവദൂതന് മനുഷ്യരുടെ ഭാഗത്ത് നിന്ന് യാതൊരു സഹായവും ലഭ്യമാകുന്നില്ല. സാധാരണക്കാരായ ജനങ്ങളുടെയോ അധികാരിവർഗത്തിന്റെയോ പിന്തുണ അദ്ദേഹത്തിന് കിട്ടുന്നില്ല. അദ്ദേഹം ഒരു രാഷ്ട്രീയ ശക്തിയുടെയും സംപ്രീതനായിരിക്കയില്ല. അദ്ദേഹം ഏകനായി ഉപേക്ഷിക്കപ്പെട്ടവനും, പരിത്യക്തനും നിരാകരിക്കപ്പെട്ടവനുമായിരിക്കും.

അന്ധവിശ്വാസങ്ങളുടെ വന്യമായ പ്രവണതയോടെ വളർന്നു വികസിക്കുന്ന മലിനപൂരിതമായ സമൂഹങ്ങളിലാണ് അത്തരം മഹാന്മാരായ മനുഷ്യർ ഉയർന്നു വരുന്നത്. നവലോകക്രമത്തിന്റെ ഈ മാർഗദർശകന്മാർ ഏകദൈവത്തിന്റെ സിദ്ധാന്തം പ്രബോധിക്കുകയും എല്ലാ രൂപങ്ങളിലുമുള്ള വിഗ്രഹാരാധനയേയും വിപാടനം ചെയ്യുകയും ചെയ്തവരായിരുന്നു. ദൈവദൂതൻമാരുടെ ശത്രുക്കളുടെ ഐക്യം എന്ത് തന്നെയായിരുന്നാലും അത് അവരിൽ തന്നെ വ്യാജത്വം സൃഷ്ടിക്കുന്നു. അത് പ്രവാചകൻമാർക്കെതിരായ കൃത്രി

മമായ ഐക്യം മാത്രമാണ്. അവർ മുമ്പേയെന്നപോലെ തന്നെ അഗാധമായ ഭിന്നിപ്പിൽ തന്നെയാണ്. ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിക്കുന്നവർ വ്യാജവാദികളാണെങ്കിൽ അവരുടെത് ഒരു അസാധ്യമായ ദൗത്യമായിരിക്കും. ഒരു വ്യാജവാദിക്കും തന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുന്ന ലക്ഷ്യത്തിനു വേണ്ടി സുസ്ഥിരമായ ദൃഢചിത്തതയോടെ നിൽക്കുവാൻ സാധ്യമല്ല. എന്നാൽ പ്രവാചകൻമാരുടെ വിശ്വാസം ദൈവത്തിന്റെ യാഥാർഥ്യത്തിനുമേൽ അത്യഗാധമായി കെട്ടിപ്പടുത്തതാണ്. അല്ലാത്തപക്ഷം അവർ നശിപ്പിക്കപ്പെടുകയോ അവരുടെ അസ്തിത്വം തന്നെ തുടച്ചുനീക്കപ്പെടുകയോ ചെയ്യപ്പെടുമായിരുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെ പോലെ ദൈവദൂതൻമാർ സമൂഹത്താൽ നിരാകരിക്കപ്പെടുമായിരുന്നു. മൂന്നാമതൊരു വിധി ഇക്കാര്യത്തിലുണ്ടാകുമായിരുന്നില്ല. അവർ ഭ്രാന്തന്മാരല്ലെങ്കിൽ അവരുടെ വിശ്വാസങ്ങളിൽ ഇത്രയും ദൃഢമാനസരായി സർവവും ത്യജിച്ച് നിഷ്ഫലവും അയഥാർഥവുമായ ഒരു കാര്യത്തിന് വേണ്ടി എങ്ങനെ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയും? അവരെ ഭ്രാന്തൻമാരാണെന്ന് പറഞ്ഞ് എഴുതിത്തള്ളാനാവുമോ? മാനസികഭ്രമം ഉള്ളവരുടെ അസ്ഥിരബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരിക്കും. പ്രവാചകൻമാരുടെ നേരെ അദ്ദേഹത്തിന്റെ കാൽപാദങ്ങളിലെ ഭൂമി നഷ്ടപ്പെടുമാറ് സമൂഹം അതിഭീകരമായി പ്രതികരിക്കുന്നു. പാവപ്പെട്ടവരോ പണക്കാരോ ആയ യാതൊരു മനുഷ്യന്റെ പിന്തുണയും അവർക്ക് ലഭിക്കുന്നില്ല. ശക്തൻമാരിൽ നിന്നോ അശക്തൻമാരിൽ നിന്നോ സമൂഹത്തിന്റെ രൂക്ഷമായ എതിർപ്പിനെതിരെ ചെറുസഹായം പോലും പ്രവാചകൻമാർക്ക് ലഭിക്കുന്നില്ല. അവരുടെ സന്ദേശത്തിന്റെ മഹത്ത്വവും സ്വഭാവത്തിന്റെ വൈശിഷ്ട്യവും കഠിനമായ ആകുലാവസ്ഥയും അന്തിമ വിജയത്തെക്കുറിച്ചുള്ള അചഞ്ചലമായ വിശ്വാസവും എല്ലാം തന്നെ അവരുടെ സത്യത്തിന്റെ സാക്ഷ്യങ്ങളാകുന്നു.

അവരുടേത് ആത്യന്തികമായ ത്യാഗത്തിന്റെ കഥയാണ്. അത്യാർത്തിയുടേതല്ല. അവരുടെ ഉദാത്തലക്ഷ്യത്തിനു വേണ്ടി അവർ നേടിയതെല്ലാം നഷ്ടപ്പെടുത്തി. അവർ മാത്രമല്ല അവരുടെ അനുയായികളായി അനുസ്യൂതം ചേർന്നു കൊണ്ടിരിക്കുന്നവർ എല്ലാ പ്രയാസങ്ങളേയും അതിജീവിച്ചു കൊണ്ട് പരമമായ ത്യാഗത്തിന്റെ അതേപാത തന്നെ പിന്തുടരുന്നു. ആക്ഷേപിച്ചുകൊണ്ടു ചൂണ്ടിയ വിരലുകളൊന്നും തന്നെ അത്തരം ആളുകളെ നിരുത്സാഹപ്പെടുത്തിയില്ല.

മനുഷ്യന്റെ അജ്ഞതയിൽ നിന്ന് വ്യാജദൈവങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന ഈ സിദ്ധാന്തം മനുഷ്യചരിത്രത്തിലെ അജ്ഞതയും അപക്വതയും മുറ്റി നിൽക്കുന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഭാഗികമായി ശരിയായിരിക്കാം. അജ്ഞരായ സാധാരണക്കാരെ മതപുരോഹിതൻമാർ ചൂഷണം ചെയ്യുന്നത് നിഷേധിക്കപ്പെടാൻ കഴിയാത്ത ഒരു യാഥാർഥ്യമാണ്. പക്ഷേ, ഈ പ്രക്രിയ ആശയങ്ങളുടെ ക്രമികമായ പരിണാമത്തെ സൃഷ്ടിച്ചുവെന്നും അത് അവസാനം ഏക ദൈവ വിശ്വാസത്തിലെത്തിച്ചു എന്ന അഭിപ്രായവും ഞങ്ങൾ തള്ളിക്കളയുന്നു. വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങൾ പരിണമിച്ചാണ് ഏകദൈവാരാധന ഉണ്ടായത് എന്ന വാദം ചരിത്ര വസ്തുതകളുടെ പിൻബലമില്ലാത്തതാണ്. അത് സോഷ്യോളജിസ്റ്റുകളുടെ ചപല മോഹങ്ങളുടെ ഒരു സങ്കൽപം മാത്രമാണ്.

ബഹുദൈവാരാധന രൂപാന്തരപ്പെട്ടാണ് ഏകദൈവാരാധന ഉണ്ടായത് എന്ന സിദ്ധാന്തത്തിന് ചരിത്രത്തിൽ നിന്ന് യാതൊരു തെളിവും ലഭ്യമല്ല. ബഹുദൈവാരാധനയിൽ നിന്ന് ഏകദൈവാരാധനയിലേക്കുള്ള ഏതെങ്കിലുമൊരു സമൂഹത്തിന്റെ രൂപാന്തരഘട്ടത്തെ സംബന്ധിച്ച് ഒരു സാക്ഷ്യവും ലഭ്യമല്ല. മറിച്ച് പൊടുന്നനെ ഒരു മഹാത്മാവ് പ്രത്യക്ഷപ്പെടുകയാണ് ചെയ്യുക. അതോടെ അദ്ദേഹത്തെ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് മുമ്പിൽ ഉജ്ജ്വല ത്യാഗങ്ങൾ ആവശ്യപ്പെടുന്ന വമ്പിച്ച യാതനകളുടെ സംഭവപരമ്പരകൾ ചലിച്ചു തുടങ്ങുകയും ചെയ്യുന്നു.

> വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരി ക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.
>
> (വിശുദ്ധ ഖുർആൻ 4:60)

# ദൈവത്തിന്റെ ഏകത്വം

ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തിയിലും ഏകനും അതുല്യനും അനുപമനുമാണ്.

## അബ്ദുൽ അസീസ്

ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലുമുള്ള വിശ്വാസമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണം. ദൈവത്തിന്റെ ഏകത്വമെന്നതിന്റെ അർഥം അപരിമേയമായ ശക്തിയും ഗുണങ്ങളുമുള്ള ഏകനും അതുല്യനുമായവൻ എന്നാണ്. അവനാകട്ടെ യാതൊരു പങ്കുകാരനും കൂട്ടുകാരനുമില്ലാത്തവനാണ്. ദൈവം ഏകനാണ് എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. അവൻ ഉൺമയിൽ ഏകനാണ്. അവന്റെ ഗുണങ്ങളിൽ ഏകനാണ്. എല്ലാ അർഥത്തിലും അവൻ ഏകനാണ്. അവന്റെ മഹത്വത്തിലും പ്രതാപത്തിലും പങ്കുകാരനില്ല. വാസ്തവത്തിൽ മഹത്തായ മതങ്ങൾക്ക് രണ്ട് വിധത്തിലുള്ള ലക്ഷ്യങ്ങളുണ്ട്. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിപ്പിക്കുകയും സഹജീവികളോട് നീതിപൂർവമായും ദയാവായ്പ്പോടും കാരുണ്യത്തോടും പെരുമാറാൻ മനുഷ്യനെ സജ്ജമാക്കുകയുമാണ് അത്. ഈ ലേഖനത്തിൽ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്.

***'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. എല്ലാസ്തുതിയും സർവ ലോക പരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ, കരുണാമയൻ പ്രതിഫലം നൽകുന്ന നാളിന്റെ ഉടമസ്ഥൻ'** (1:1–4)*

***'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ പറയുക, അവൻ അല്ലാഹുവാകുന്നു. ഏകൻ, അല്ലാഹുസർവാധിനാഥനാണ്. (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്) അവൻ സന്താനോൽപ്പാദനം ചെയ്തിട്ടില്ല. അവൻ (ആരുടേയുംസന്താനമായി) ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുമില്ല.'** (112: 1–5)*

മഹത്തായ മതങ്ങളുടെ പ്രമാണികമായ ലക്ഷ്യം ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചും മനുഷ്യന് ജ്ഞാനം നൽകുക എന്നതാണ്. പരമകാരുണികനും കരുണാനിധിയുമായ ദൈവം പ്രവാചകന്മാർക്ക് സ്വയം വെളിപ്പെടുത്തികൊണ്ട് അവരെ മനുഷ്യ സമുദായത്തിന് വേണ്ടി എഴുന്നേൽപ്പിക്കുന്നു. വെളിപാടുകളിലൂടെ പ്രവാചകന്മാരിലൂടെയായിരുന്നു ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചും, ജ്ഞാനം ജനങ്ങൾക്ക് നൽകപ്പെട്ടത്. ദൈവത്തിന്റെ ഏകത്വമായിരുന്നു പ്രവാചകന്മാർ നൽകിയ പ്രാമാണികവും അടിസ്ഥാനപരവുമായ അധ്യാപനം.

അതായത് പരമകാരുണികനും കരുണാനിധിയും സ്രഷ്ടാവും എല്ലാം അറിയുന്നവനും സർവജ്ഞനും സകലതിന്റെയും യജമാനനും പ്രഭുവുമായ ദൈവം അവൻ യാതൊരു പങ്കുകാരനുമില്ലാത്ത ഏകനാകുന്നു. ഏകനായ അവൻ തന്റെ ഗുണത്തിലും സത്തയിലും പങ്കുകാരനില്ലാത്തവനും അതുല്യനുമാണ്. ദൈവത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കിയാണ് നാം ദൈവത്തെ അറിയുന്നത്. ദൈവത്തെ മാത്രം ആരാധിക്കാനും മറ്റെന്തിനെക്കാളും ദൈവത്തെ സ്നേഹിക്കാനും മനുഷ്യൻ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരു വിശ്വാസി ദൈവത്തിന്റെ ഗുണങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ദൈവത്തിന്റെ അപരിമേയവും നിരുപാധികവുമായ കാരുണ്യത്തെ പറ്റിയും മഹത്വത്തെ ക്കുറിച്ചും ബോധ്യപ്പെടുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അവന്റെ സൗന്ദര്യത്തെക്കുറിച്ച് മനുഷ്യന് അവബോധമുണ്ടാകുന്നു. അപ്പോൾ അവൻ ദൈവത്തെ സ്നേഹിക്കുകയും ആരാധിച്ചു തുടങ്ങുകയും ചെയ്യുന്നു. വിശ്വാസി ആത്മീയമായി പുരോഗതി പ്രാപിക്കുന്നതിനനുസരിച്ച് ഈ സ്നേഹം ശക്തിപ്പെട്ടുവരുന്നു. ദൈവത്തെ ആരാധിക്കുന്നവനെയും സ്നേഹിക്കുന്നവനെയും ദൈവവും സ്നേഹിക്കുന്നു. ദൈവത്തിന് വേണ്ടി പ്രയാസവും കഷ്ടപ്പാടും സഹിക്കുന്ന വരെയെല്ലാം ദൈവം സന്മാർഗത്തിലേക്ക് നയിക്കുകയും സഹായിക്കുകയും ചെയ്യുന്നു. നിരവധി മതങ്ങൾ ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യ ദൈവത്തെ ആരാധിക്കാൻ തുടങ്ങി. ജീസസ് (അ) മോസസ് (അ), ശ്രീകൃഷ്ണൻ (അ), ബുദ്ധൻ(അ) എന്നീ മനുഷ്യരും പ്രവാചകന്മാ

രുമായ വ്യക്തികളെ അവർ ദൈവ മായി ആരാധിക്കുന്നു. ഈ മഹത്തു ക്കളെല്ലാം തന്നെ സ്വയം ദൈവത്തി ന്റെ അവതാരങ്ങളാണെന്ന് അവകാ ശപ്പെട്ടിരുന്നില്ല. തങ്ങളെ ആരാധി ക്കാൻ തങ്ങളുടെ അനുയായികളെ ആഹ്വാനം ചെയ്തിട്ടുമില്ല. കാല ക്രമേണ അവരുടെ പരിശുദ്ധമായ അദ്ധ്യാ പനങ്ങൾ പലവിധ സ്വാധീനങ്ങൾ ക്കും വിധേയപ്പെട്ട് അലങ്കോല പ്പെടുകയാണുണ്ടായത്. അവസാ നം മതങ്ങൾ പരിണമിച്ച് വിശ്വമത മായ ഇസ്ലാമിൽ പരിപൂർണത പ്രാപിക്കുകയാണു ണ്ടായത്. മുഹമ്മദ് നബി(സ)ക്ക് പരിപൂർണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ വെളിപ്പെടുകയും ചെയ് തു. ദൈവത്തിന്റെ ഏകത്വത്തെ പറ്റിയും ആകാശത്തിന് കീഴിലെ ഏതൊരു ഗ്രന്ഥത്തെക്കാളും ഏറ്റവും പരി പൂർണമായ നിലയിൽ ഖുർആൻ നമ്മെ പഠിപ്പിക്കുകയും നമുക്ക് ദൈവത്തെ സംബന്ധിച്ച് കൂടുതൽ ജ്ഞാനം നൽകുകയും ചെയ്യുന്നു. ഖുർആനിൽ അല്ലാഹു വിന്റെ നൂറു ഗുണങ്ങൾ വർണിക്ക പ്പെട്ടിട്ടുണ്ട്. അല്ലാഹുവിന് നൂറ് ഗുണങ്ങൾ മാത്രമേ ഉള്ളൂവെന്നും അതിനപ്പുറം ഗുണം ഇല്ല എന്നും ഇതിനർഥമില്ല. അല്ലാഹുവിന്റെ ഗുണങ്ങൾക്ക് പരിധിയില്ല. അല്ലാഹു ഖുർആനിൽ പറയുന്നു. എല്ലാ പരിപൂർണനാമങ്ങളും അല്ലാഹുവി നുള്ളതാണ്. അല്ലാഹു സർവജ്ഞ നാണ്. അവൻ എല്ലാറ്റിനേയും വലയം ചെയ്യുന്നു. മനുഷ്യന് ദൈവത്തെ വലയം ചെയ്യാനോ അവനെ പൂർണമായി ഗ്രഹിക്കാ നോ സാദ്ധ്യമല്ല. ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണഗണ ങ്ങളെ സംബന്ധിച്ചുമുള്ള അറിവ് ഒരാൾ സ്വീകരിച്ച മതഗ്രന്ഥ ങ്ങളെയും അയാളുടെ ആത്മീയ ഗുരുവിനേയും ആശ്രയിച്ചാണിരി ക്കുക. മാത്രമല്ല ഒരു വ്യക്തി ദൈ വാന്വേഷണ മാർഗത്തിൽ നടത്തു ന്ന പരിശ്രമങ്ങൾക്കനു സൃതമാ യിട്ടായിരിക്കും അവന് ദൈവത്തെ സംബന്ധിച്ച അറിവ് ലഭിക്കുക. അതായത് ആത്മശുദ്ധീകരണം. ആത്മാർഥമായ പ്രാർഥനകൾ സത്യമാർഗത്തിലുള്ള അശ്രാന്ത പരിശ്രമം മുതലായവയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ദൈവ ത്തിന് വേണ്ടി പരിശ്രമിക്കുന്നവനെ ദൈവം സഹായിക്കുകയും മാർഗം കാണിക്കുകയും ചെയ്യുന്നു. ദിവ്യ ജ്ഞാനം ആർജിക്കുന്നതിന് പല തലങ്ങളുമുണ്ട്. മനുഷ്യന് ദൈവ വുമായുള്ള ബന്ധം ദൈവവു മായും അവന്റെ ഗുണങ്ങളുമായും മനുഷ്യനുള്ള അനുഭവങ്ങൾ എന്നി വയാണവ. ആത്മീയ പുരോഗ തിയുടെ ഏറ്റവും സമുന്നത തലം പ്രവാചകന്മാർക്കോ ദൈവദൂത ന്മാർക്കോ അല്ലെങ്കിൽ ദൈവാനു ഗ്രഹം സിദ്ധിച്ച ജ്ഞാനികളായ സദ്പുരുഷന്മാർക്കോ ആണ് പ്രാപ്യ മാവുക. ഒരാൾക്ക് അയാളുടെ കർമങ്ങൾ കൊണ്ട് മാത്രം ദൈവ ജ്ഞാനത്തിലും ആത്മീയ പുരോ ഗതിയിലും ഉന്നതി കൈവരിക്കാൻ സാദ്ധ്യമല്ല. കർമവും പരിശ്രമവും ആവശ്യം തന്നെയാണ്. ദൈവ ത്തിന്റെ കാരുണ്യമാണ് അത് സാധിതമാക്കിതീർക്കുന്നത്. ദൈവജ്ഞാനത്തിന് വിശ്വാസ മുള്ളവരും ജ്ഞാനം നൽകപ്പെട്ട വരുമായ വ്യക്തികൾ സൽക്കർ മങ്ങൾ ചെയ്തുകൊണ്ട് ദൈവ ത്തോട് പ്രാർഥിക്കുമ്പോൾ അവർ ആത്മീയമായി പുരോഗമിക്കുകയും മുമ്പില്ലാതിരുന്ന വിധത്തിൽ ആത്മീ യമായ ജ്ഞാനങ്ങളിൽ അനു ഗൃഹീതരാവുകയും ചെയ്യും. അത് വിശ്വാസിയുടെ മരണം വരെയും മരണത്തിന് ശേഷവും തുടരുന്ന അവസാനിക്കാത്ത ഒരു യാത്രയാണ്.

ദൈവത്തിന്റെ ഏകത്വവുമായി ബന്ധപ്പെട്ട ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ഉദ്ധരണിയാണ് താഴെ ക്കൊടുത്തിരിക്കുന്നത്. 'എന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ജീവിക്കാൻ സർവശക്തനും സർവ പരിപാലകനുമായ ഒരു പരമോന്നത അസ്തിത്വത്തിൽ ഗാഢമായി വിശ്വ സിക്കൽ ഒഴിച്ചുകൂടാനാവാത്ത താണ്. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവും മാറ്റമില്ലാത്തവനും വിശ്വസ്തനും അനന്തനുമാണ്. അവൻ ആരുടെയും ജാതനല്ല. അവൻ ജനകനുമല്ല. അവൻ പരി ശുദ്ധനാണ്. അതിനാൽ അവൻ ക്രൂശിതനോയാതൊരർഥത്തിലും പീഢിതനോ മരണത്തിന് വിധേ യനോ ആവേണ്ടതില്ല. അത്തരം കാര്യങ്ങളിൽ നിന്നെല്ലാം ദൂരപ്പെട്ട വനാണ് ദൈവം. അവൻ ഏറ്റവും അടുത്തവനാണ്. അവൻ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നവനായി രിക്കെ ഏറ്റവും വിദൂരസ്ഥനാണ്. അവൻ ഏകനാണ്. എല്ലാ അർഥ ത്തിലും അതുല്യനാണ്. അവൻ പല വിധത്തിലും രീതിയിലും പ്രകടിതമാവുന്നു'(നമ്മുടെ അദ്ധ്യാപനങ്ങൾ1)

അല്ലയോശ്രോതാക്കളെ, ശ്രവി ച്ചു കൊള്ളുവിൻ! ദൈവം നിങ്ങ ളിൽ നിന്ന് എന്താണ് ആഗ്രഹിക്കു ന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നു തന്നെ. അവനോ ടൊപ്പം നിങ്ങൾ ആരെയും കൂട്ടു ചേർക്കരുത്. ആകാശത്തിലെന്നല്ല ഭൂമിയിലും നമ്മുടെ ദൈവം മുമ്പ ത്തെ പോലെ ഇപ്പോഴും ജീവിച്ചിരി ക്കുന്ന ദൈവമാകുന്നു. അവൻ പണ്ടെല്ലാം സംസാരിച്ചിരുന്നത് പോലെ ഇപ്പോഴും സംസാരി ക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടു കൊണ്ടിരുന്നത് പോലെ ഇപ്പോഴും കേൾക്കുന്നവനാകുന്നു. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് വ്യർഥ വിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാ രിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷങ്ങളും നിത്യ ങ്ങളും ശാശ്വതങ്ങളുമത്രെ. ഒരു ഗുണവും നിഷ്ക്രിയമായിരിക്കു ന്നില്ല. ഒരിക്കലും നിഷ്ക്രിയമായി രിക്കുന്നതുമല്ല. അവൻ ഏകനും കൂട്ടു കാരനില്ലാത്തവനുമാകുന്നു. അവന് പുത്രനില്ല മിത്രനുമില്ല. അവൻ നിർമലനും നിർമമനുമാ കുന്നു. അവന് മേലെ മറ്റൊരുത്ത നില്ല തന്നെ. അവനോട് സമാന മായി ആരും തന്നെയില്ല.

അവന്റെ ശക്തിക്ക് കുറവ് പറ്റുകയില്ല. അവൻ അകലെയുള്ള വനാണെങ്കിലും അടുത്തുള്ളവനാ

കുന്നു. അകലെയുള്ളവനെങ്കിലും അടുത്തുള്ളവനാകുന്നു. അവൻ കശ്ഫിന്റെ അഹ്‌ലുകാർക്ക് സ്വയം സദൃശ്യാത്മക രൂപത്തിൽ വെളിപ്പെടുമെങ്കിലും അവന് ഒരു ശരീരമില്ല. ഒരു രൂപവുമില്ല. അവൻ എല്ലാറ്റിന്റെയും മീതെയാവുന്നു. എന്നാൽ അവന് കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂട. അവൻ അർശിലാണെന്ന് പറയുമ്പോൾ ഭൂമിയിയിലില്ലെന്ന് പറയാവതല്ല. അവൻ എല്ലാ പരിപൂർണ ഗുണങ്ങളുടെയും സമവായമാവുന്നു. എന്നാൽ എല്ലാ യഥാർഥ സ്തുത്യതയുടെയും പ്രതിബിംബമാണവൻ. എല്ലാ നന്മകളുടെയും ഉറവിടമാണവൻ. എല്ലാ അനുഗ്ര ഹസ്ഥാനങ്ങളുടെയും നിർഗമസ്ഥാനം അവനാകുന്നു. എല്ലാ ഓരോ വസ്തുവിന്റെയും ഒടുക്കവും മടക്കവും അവനിലേക്കാകുന്നു. എല്ലാ ലോകങ്ങളുടെയും യജമാനൻ അവനാകുന്നു. അവൻ എല്ലാ ബലഹീനതകളിൽ നിന്നും കുറവുകളിൽ നിന്നും അതീതനാകുന്നു. അവന്റെ മുന്നിൽ യാതൊന്നും അസാധ്യമായിരിക്കുന്നില്ല. സകല ആത്മാക്കളും അവയുടെ ശക്തികളും അവന്റെ സൃഷ്ടങ്ങളാകുന്നു. അവനെക്കൂടാതെ യാതൊരു വസ്തുവും വെളിപ്പെടുന്നില്ല. അവന്റെ ശക്തികളും ഖുദ്റത്തുകളും ദൃഷ്ടാന്തങ്ങളും മുഖേനയാണവൻ അവനെ തന്നെ സ്വയം വെളിപ്പെടുത്തുന്നത്. അവൻ മുഖേന മാത്രമേ നമുക്ക് അവനെ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. സദ്വൃത്തന്മാർക്ക് കാലകാലങ്ങളിൽ അവൻ തന്റെ ഉൺമയെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് അവൻ തിരിച്ചറിയപ്പെടുന്നത്. ഈ മാർഗത്തിലാണ് അവന് ഇഷ്ടപെട്ട സദ്വൃത്തന്മാർ ചരിക്കുക.

ഭൗതികമായ കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ഭൗതികമായ കാതുകൾ കൂടാതെ അവൻ കേൾക്കുന്നു. ഭൗതികമായ നാവ് കൂടാതെ അവൻ സംസാരിക്കുകയും ചെയ്യുന്നു. അതുപോലെ ഇല്ലായ്മയിൽ നിന്നും ഉണ്ടാക്കുക എന്നത് അവന്റെ പ്രവർത്തിയാകുന്നു. സ്വപ്ന ദൃശ്യത്തിൽ യാതൊരു ഭൗതിക വസ്തുക്കളും കൂടാതെ പ്രപഞ്ചം സൃഷ്ടിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നശിച്ചു പോയതിനേയും നിലവിലില്ലാത്തതിനേയും നിലനിൽക്കുന്നതായി അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നില്ലേ? ചുരുക്കത്തിൽ അപ്രകാരം തന്നെയാണ് അവന്റെ അദ്ഭുതങ്ങളും ഗുണങ്ങളും ഗ്രഹിക്കുക. അവന്റെ അദ്ഭുത ശക്തിളെ നിഷേധിക്കുന്നവൻ തീർച്ചയായും അൽപ്പജ്ഞനാണ്. അയാൾ അന്ധനുമാകുന്നു. സകലതും ചെയ്യുന്നവനും ചെയ്യാൻ കഴിവുള്ളവനുമാകുന്നു അവൻ. തന്റെ മഹത്വത്തിനും പ്രതാപത്തിനും പരിശുദ്ധിക്കുമെതിരായ കാര്യങ്ങളൊഴിച്ച് അവൻ തന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തിയിലും ശക്തിയിലും ഏകനും അതുല്യനുമത്രെ (അൽവസിയത്ത്)

ദൈവത്തിന്റെ ഏകത്വവും അവന്റെ നിരവധി ഗുണങ്ങളും പ്രതിപാദിക്കുന്ന ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

*'അല്ലാഹു (തനിക്കായി) ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. അവൻ പരിശുദ്ധനാണ്. അവൻ സ്വാശ്രയനുമാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാ അവന് അധീനമാണ്. തൽ സംബന്ധമായി നിങ്ങളുടെ പക്കൽ തെളിവുകളൊന്നുമില്ല. നിങ്ങൾക്ക് അറിഞ്ഞു കൂടാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ മേൽ സങ്കൽപ്പിച്ച് പറയുകയാണോ? '(10:69)*

*'ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതി സൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു'(6:104)*

*'ഗ്രന്ഥാനുസാരികളേ നിങ്ങൾ നിങ്ങളുടെ മതത്തിന്റെ കാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത് . അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സത്യമല്ലാതെ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മറിയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ (സാക്ഷാത്ക്കാരവും) അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (ഇങ്ങനെ പറയുന്നതിൽ നിന്ന് ) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗുണക രമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാകുന്നതിൽ നിന്നും അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായ വനാണ് (4:172)*

*'ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല. അവൻ പരിശുദ്ധനാണ്. ഏതെങ്കിലും ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു.'(19:30) 'അവനാണ് അല്ലാഹു അവനല്ലാതെ ഒരാരാധ്യനുമില്ല. പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമ കാരുണികനും കരുണാമയനും അവൻ തന്നെയാണ്. അവനാണ് അല്ലാഹു അവനല്ലാതെ ആരാധ്യനുമില്ല. മഹാരാജാവും പരമ പരിശുദ്ധനും സമാധന സാമ്രാട്ടും അഭയ ദാതാവും രക്ഷാ പരിപാലകനും പ്രതാപവാനും സർവരേയും അടക്കി ഭരിക്കുന്നവനും മഹാപ്രഭാവനുമാണവൻ. അവർ പങ്കു ചേർക്കുന്നതിൽ നിന്നും അല്ലാഹു എത്രയും പരിശുദ്ധൻ. അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തു*

*ന്നു. അവൻ പ്രതാപവാനും അഗാധ ജ്ഞനുമാണ്. ' (59:22-25)*

*'പറയുക, സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും ആധിപത്യം എടുത്തുമാറ്റുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു" 3:27)*

*'എന്നെ സംബന്ധിച്ച് നിന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെവിളിച്ചു പ്രാർഥിക്കുമ്പോൾ അതുകൊണ്ട് അവർ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി'(2:187)*

*'അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ്. (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്) അവർക്കോ അവരുടെ പിതാക്കന്മാർക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല.' (18:5-4)*

*'പറയുക തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യ പെളിപാടുണ്ടായിരിക്കുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടു മുട്ടുന്നതിന്ന് ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർ മങ്ങൾ ചെയ്തു കൊള്ളട്ടെ. അയാൾ തന്റെ നാഥനെ ആരാധി ക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ'(18:11)* □

---

പേജ് 6 ൽ നിന്നും തുടർച്ച

ശേഖരിച്ചിട്ടു ണ്ടായിരുന്നുവെങ്കിലും അദ്ദേഹം നബി(സ)യിൽ നിന്ന് നേരിട്ട് കേൾ ക്കാത്തതിനാൽ അവ കത്തിച്ചു കളയുകയാണ് ചെയ്തത്. സഹാ ബാക്കളുടെ കാലഘട്ടം കഴിഞ്ഞപ്പോൾ ഹദീസുകളും സമാഹരിക്കപ്പെടണമെന്ന കാര്യത്തിലേക്ക് അവരുടെ പിൻഗാമികളുടെ ശ്രദ്ധയെ അല്ലാഹു തിരിക്കുകയും അങ്ങനെ ഹദീസുകൾ ശേഖരിക്കപ്പെടുകയും ചെയ്തു. ഹദീസ് ശേഖരിച്ചിരുന്ന മിക്കവരും ഭക്തരും സച്ചരിതരുമായിരുന്നുവെന്നതിൽ സംശയമില്ല. അവർ തങ്ങളാലാവും വിധം ഹദീസുകൾ പരിശോധിക്കുകയും കൃത്രിമമെന്ന് അവർക്കു തോന്നിയവയെ തള്ളുകയും ചെയ്തു. സംശയാസ്പദമായ സാഹചര്യങ്ങളുള്ള നിവേദകരിൽ നിന്നും അവർ ഹദീസുകൾ സ്വീകരിച്ചില്ല. എന്നിരുന്നാലും ഇവയെല്ലാം തന്നെ പിന്നീട് വന്നതാകയാൽ അനുമാനബന്ധിതമാണ്. അതേസമയം ഈ ഹദീസുകളെല്ലാം കൊള്ളരുതാത്തതും വ്യർഥവും കള്ളവുമാണെന്ന് പറയുന്നത് ഒട്ടും നീതിയല്ല. വളരെയധികം ശ്രദ്ധയോടെയാണ് അവ തയ്യാറാക്കപ്പെട്ടത്. എത്രത്തോളമെന്നാൽ, ഇതിനായി ചെയ്യപ്പെട്ട ഗവേഷണങ്ങളും നിരൂപണങ്ങളും മതലോകത്ത് തുല്യതയില്ലാത്തതാണ്. യഹൂദികളിലും ഹദീസുകളുണ്ട്. ഹദീസിനെ പിൻപറ്റിയിരുന്ന യഹൂദി വിഭാഗമായിരുന്നു ഈസാ നബി(അ)യെ എതിർത്തത്.എന്നാൽ ഹദീസ് വിജ്ഞാനത്തിൽ മുസ്‌ലിം പണ്ഡിതരുടെയത്ര ശ്രദ്ധ യഹൂദിപണ്ഡിതർ നൽകിയിട്ടുണ്ടോ എന്നകാര്യം സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇതൊക്കെത്തന്നെയാണെങ്കിലും ഹദീസുകൾ സമാഹരിക്കപ്പെടുന്നത് വരെ നമസ്കാരത്തിലെ റകാഅത്തുകളെക്കുറിച്ചും ഹജ്ജ് കർമത്തിന്റെ രീതികളെ സംബന്ധിച്ചും ജനങ്ങൾ അജ്ഞരായിരുന്നുവെന്ന് വിചാരിക്കുന്നത് ശരിയല്ല. എന്തുകൊണ്ടെന്നാൽ, കർമശൃംഖലയായ സുന്നത്തിലൂടെ ഇസ്‌ലാമിലെ കർമാനുഷ്ഠാനങ്ങൾ അവർ പഠിച്ചിരുന്നു. അത്കൊണ്ട് ഒരു ദീർഘകാലത്തിനു ശേഷം സമാഹരിക്കപ്പെട്ട ഈ ഹദീസുകൾ ലോകത്തില്ലായിരുന്നെങ്കിൽ തന്നെയും ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് ഒരു കോട്ടവും വരുത്താൻ അവയ്ക്കാകുമായിരുന്നില്ല എന്ന് പറയുന്നതാവും ശരി. കാരണം ഖുർആനും സുന്നത്തും അവരുടെ ആവശ്യങ്ങളെ നിവർത്തിച്ചിരുന്നു. ഹദീസ് ആ പ്രകാശത്തെ കൂടുതൽ ദീപ്തമാക്കുകയാണ് ചെയ്തത്. അങ്ങനെ ഇസ്‌ലാം പ്രകാശത്തിനു മേൽ പ്രകാശമായിത്തീർന്നുകൊണ്ട് ഖുർആനും സുന്നത്തിനും സാക്ഷിയായി ഹദീസുകൾ നിലകൊണ്ടു. പിന്നീട് ഇസ്‌ലാമിൽ ആവിർഭവിച്ച ഒരുപാട് പ്രസ്ഥാനങ്ങളിൽ സത്യപ്രസ്ഥാനത്തിന് ഈ ഹദീസുകൾ വളരെ പ്രയോജനപ്പെടുകയുണ്ടായി. ആയതിനാൽ,ഇസ്‌ലാം മതം ഒരിക്കലും തന്നെ ഇക്കാലത്തെ അഹ്‌ലെ ഹദീസുകാരെപ്പോലെ ഹദീസിനെ ഖുർആനെക്കാൾ മുന്തിക്കുകയോ അതിലെ കഥകൾ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കെതിരാണെങ്കിൽ പോലും ഖുർആനെപാടെ ഉപേക്ഷിച്ചു കൊണ്ട് ഹദീസുകൾക്ക് മുൻ ഗണനനൽകുകയോ ചെയ്യുന്നില്ല. അത് മൗലവി അബ്ദുല്ലാഹ് ചക്രാലവി വിശ്വസിക്കുന്നത് പോലെ ഹദീസുകൾ വ്യർഥവും കളവുമാണെന്ന് ഗണിക്കുന്നുമില്ല. മറിച്ച്, ഖുർ ആനെയും സുന്നത്തിനെയും ഹദീസിനുമേൽ വിധികർത്താവായി കരുതുകയാണ് വേണ്ടത്. ഖുർ ആനും സുന്നത്തിനും എതിര ല്ലാത്ത ഹദീസുകളെ ഏതുവി ധേനയും സ്വീകരിക്കേണ്ടതാണ്. ഇതാണ് നേരായ മാർഗം. ഇതനുസരിക്കുന്നവൻ എത്രഭാഗ്യവാൻ. ഈ നിയമത്തെ പരിഗണിക്കാതെ ഹദീസുകളെ നിഷേധിക്കുന്നവൻ എത്ര ഹതഭാഗ്യനും അജ്ഞനുമാണ്. □

# ഹദ്റത്ത് അബൂസൽമ ബിൻ അബ്ദുൽ അസദ്(റ)

മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

**പേരും വംശവും**

ബനൂമഖ്സൂം ഗോത്രവുമായിട്ടായിരുന്നു **ഹദ്റത്ത് അബൂസൽമ (റളി യല്ലാഹു അൻഹു) യുടെ** ബന്ധം. യഥാർഥപേര് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദ് എന്നായിരുന്നു. അബൂസൽമ എന്നത് സംജ്ഞാനാമമാണ്. മാതാവ് **ബർറ ബിൻത് അബ്ദുൽ മുത്തലിബ്,** നബി(സ)തിരുമേനിയുടെ പിതൃസഹോദരിയായിരുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് ഹംസ, അബൂസൽമ എന്നിവർ അബൂലഹബിന്റെ ഭൃത്യ ഥുവയ്ബയുടെ മുലപ്പാല് കുടിച്ചിരുന്നു. അക്കാരണത്താൽ ഹദ്റത്ത് അബൂസൽമ(റ) നബി(സ)തിരുമേനിയുടെ മുലകുടി ബന്ധത്തിലൂടെയുള്ള സഹോദരനുമായിരുന്നു. ഏകദേശം സമപ്രായക്കാരുമായിരുന്നു അവർ.

ഹദ്റത്ത് അബൂസൽമ(റ)ന്റെ ഭാര്യ, അബൂ ഉമയ്യായുടെ മകൾ ഹിന്ദ്, മഖ്സൂം ഗോത്രത്തിൽനിന്നുള്ളവരായിരുന്നു. ഉമ്മുസൽമ എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് അബൂസൽമ(റ)ശഹീദായതിനുശേഷം നബി(സ)തിരുമേനി അവരെ വിവാഹം കഴിച്ചു. അങ്ങനെ ഉമ്മുൽ മുഅ്മിനീൻ-വിശ്വാസികളുടെ മാതാവ് എന്ന സ്ഥാനം പ്രാപിച്ചു[1]

**ഇസ്ലാം സ്വീകരണവും ക്ഷമയും സ്ഥൈര്യവും**

ഹദ്റത്ത് അബൂസൽമ (റ) ഇസ്ലാമിന്റെ ആദ്യകാലത്തുതന്നെ വിശ്വാസിയായിരുന്നു. വിശ്വാസികളിൽ പതിനൊന്നാമനായിരുന്നു അദ്ദേഹം. അന്ന് നബി(സ)തിരുമേനി ദാറു അർഖമിൽ പോകുകയോ അവിടെനിന്ന് പ്രബോധന പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. ഇസ്ലാം സ്വീകരിച്ചതിനുശേഷം മറ്റു സ്വഹാബാക്കൾക്ക് വിഷമങ്ങളും ദുഃഖങ്ങളും വിപത്തുകളും നേരിടേണ്ടി വന്നിരുന്നതുപോലെ കുറച്ചൊക്കെ ഹദ്റത്ത് അബൂസൽമ(റ)യ്ക്കും സഹിക്കേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം തന്റെ മാതുലൻ ഹദ്റത്ത് അബൂത്വാലിബിന്റെ അഭയം വാങ്ങിയിരുന്നു. മഖ്സൂം ഗോത്രത്തിലെ ആളുകൾ ഹദ്റത്ത് അബൂത്വാലിബിന്റെ അടുക്കൽ വന്ന്, എന്തിനാണ് അബൂസൽമയ്ക്ക് അഭയം നല്കിയിരിക്കുന്നതെന്ന് ചോദിച്ചു. വന്ന ആളുകളുടെ വാശി മൂത്തപ്പോൾ, **അബൂലഹബ്** *(തന്റെ ജീവിതം മുഴുവൻ ഇസ്ലാമിന്നെതിരിൽ ചെലവഴിച്ച വ്യക്തിയായിരുന്നിട്ടും)* ഒരു മുസ്ലിമിനുവേണ്ടി പക്ഷം ചേർന്നുകൊണ്ടു പറഞ്ഞു, 'അബൂത്വാലിബ് അവന് അഭയം നല്കിയിട്ടുണ്ടെങ്കിൽ അവനെ ഒന്നും പറയരുത്. പറഞ്ഞാൽ ഞാൻ അവനോടൊപ്പം നില്ക്കുന്നതാണ്''[2]. അങ്ങനെ ഹദ്റത്ത് അബൂസൽമ(റ)കുറച്ചു കാലംവരെ അബൂത്വാലിബിന്റെ അഭയത്തിൽ കഴിഞ്ഞു.

പിന്നീടു ഹബ്ശയിലേക്കുള്ള ഹിജ്റത്തിന്റെ ഘട്ടത്തിൽ*(വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി സ്വന്തംനാട് ഉപേക്ഷിച്ച് അന്യനാട്ടിൽ പോകുന്നതിനാണ് ഹിജ്റത്ത് ചെയ്യുക എന്നു പറയുന്നത്)*ഹദ്റത്ത് അബൂസൽമ(റ) ഹിജ്റ പോയവരിലെ ആദ്യകൂട്ടരിൽ ഉൾപ്പെട്ടു. തന്റെ ഭാര്യ ഉമ്മുസൽമ (റളിയല്ലാഹു അൻഹ)യേയും കൊണ്ടാണ് അദ്ദേഹം ഹബ്ശയിലേക്ക് ഹിജ്റ പോയത്. അവിടെനിന്ന് മടങ്ങിയെത്തിയപ്പോൾ, നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റ പോകുന്നതിനു മുമ്പേ, ഹദ്റത്ത് അബൂസൽമ(റ)മദീനയിലേക്ക് ഹിജ്റ ചെയ്യാനുള്ള ഭാഗ്യം കൈവരിച്ചു. ആദ്യം ഹിജ്റ പോയവരിൽപ്പെട്ട ആളായിരുന്നു അദ്ദേഹം[3]. അദ്ദേഹം ഹിജ്റ ചെയ്ത സംഭവം അങ്ങേയറ്റം വേദനാജനകമാണ്.

**ഹിജ്റത്തിന്റെ കഥ**

ഹദ്റത്ത് ഉമ്മുസൽമ (റളിയല്ലാഹു അൻഹ) പറയുന്നു: 'മക്കയിൽ കഠിനമായ വിഷമങ്ങളാണ് നേരിടേണ്ടി വന്നത്. അപ്പോൾ അബൂസൽമയും ഞാനും ഞങ്ങളുടെ മകനും മദീനയിലേക്ക്

ഹിജ്റത്തു ചെയ്യാൻ തീരുമാനിച്ചു. യാത്രാവാഹനമായി ഒട്ടകത്തെ തയ്യാറാക്കി. അബൂസൽമ എന്നേയും എന്റെ മടിയിലിരുന്ന കുഞ്ഞിനേയുംകൊണ്ട് യാത്രപുറപ്പെട്ടു. ഞങ്ങൾ ഹിജ്റ ചെയ്ത് മദീനയിലേക്ക് പോകുന്നത് കണ്ടപ്പോൾ മുഗീറ ഗോത്രക്കാരും മഖ്സൂം ഗോത്രക്കാരും ഞങ്ങളെ തടഞ്ഞു നിറുത്തിച്ചോദിച്ചു: 'അബൂസൽമ! നിന്റെ ജീവന്റെ അധികാരി നീ തന്നെയാണ്. പക്ഷേ, ഞങ്ങളുടെ ഗോത്രക്കാരിയായ ഉമ്മുസൽമയെ നിന്റെ കൂടെ കൊണ്ടുപോകുന്നതെന്തിനാണ്? ഇത്രയേറെ യാത്ര ചെയ്ത്, പൊടിപടലങ്ങളിലൂടെ ചുറ്റിക്കറങ്ങി നിന്ദ്യയും അപമാനിതയുമായിത്തീരാൻ ഞങ്ങൾ ഞങ്ങളുടെ മകളെ നിന്നോടൊപ്പം അയക്കുകയില്ല. നിനക്കു വേണമെങ്കിൽ പോകാം.' ഇങ്ങനെ ഉമ്മുസൽമയുടെ വീട്ടുകാർ ഉമ്മുസൽമയെ അബൂസൽമയിൽനിന്ന് വേർപെടുത്തുകയും അങ്ങനെ അബൂസൽമ തനിച്ച് മദീനയിലേക്ക് പോകുകയും ചെയ്തു.'

ഹദ്റത്ത് ഉമ്മുസൽമ (റ) പറയുന്നു: 'അതിനെ തുടർന്ന് എന്റെ സ്ഥിതി അങ്ങേയറ്റം ദുർവഹമായി. ഹദ്റത്ത് അബൂസൽമ (റ) യുടെ ഗോത്രക്കാർ എന്റെ അടുത്തു വന്നു. അവർ പറഞ്ഞു, 'സൽമ ഞങ്ങളുടെ മകനാണ്. ഞങ്ങളുടെ ചോരയാണ്. അവനെ ഞങ്ങൾക്കു വിട്ടു തരിക.' ചുരുക്കം പറഞ്ഞാൽ ആ കുടുംബത്തിൽ ഭിന്നിപ്പുണ്ടായി. ഹദ്റത്ത് അബൂസൽമ(റ) ആദ്യമേ തന്നെ മദീനയിലേക്ക് ഹിജ്റ പോയി കഴിഞ്ഞിരുന്നു. ഹദ്റത്ത് ഉമ്മുസൽമ (റ) യുടെ മാതാപിതാക്കൾ അവരുടെ വീട്ടിലേക്ക് അവരെ കൊണ്ടുപോകുകയും ചെയ്തു. അവരുടെ കരളിന്റെ കഷണമായ കുഞ്ഞിനെ ഭർത്താവിന്റെ വീട്ടുകാരും തട്ടിപ്പറിച്ചു കൊണ്ടുപോയി. ഹദ്റത്ത് ഇബ്റാഹീം അലയ്ഹിസ്സലാമിന്റേയും ഹദ്റത്ത് ഹാജറ അലയ്ഹസ്സലാമിന്റേയും ഹദ്റത്ത് ഇസ്മായീൽ അലൈഹിസ്സലാമിന്റേയും ഓർമകൾ ഒരിക്കൽകൂടി പുതുക്കപ്പെട്ടു.

ഹദ്റത്ത് ഉമ്മുസൽമ (റ)പറയുന്നു: വല്ലാത്തരീതിയിലുള്ള ബുദ്ധിമുട്ടുകളാണ് എനിക്കു സഹിക്കേണ്ടിവന്നത്. എന്റെ കുഞ്ഞിന്റേയും ഭർത്താവിന്റേയും ഇടയിൽ എനിക്കുണ്ടായ അകൽച്ച എത്ര മാത്രം അസഹ്യമായിരുന്നുവെന്നു വച്ചാൽ, അസ്വസ്ഥതയുടെ കാഠിന്യംകൊണ്ട് നിത്യവും രാവിലെ ഞാൻ മണൽപരപ്പിലേക്കിറങ്ങുകയും ഉറക്കെ വാവിട്ട് നിലവിളിക്കുകയും ചെയ്യുമായിരുന്നു. ഒരു വർഷംവരെ ഇതു നീണ്ടുനിന്നു. എന്റെ ഈ ദുഃഖാവസ്ഥ കണ്ട് ചിലർക്ക് വിഷമമുണ്ടാകുകയും എന്നോടു അവർക്ക് ദയ തോന്നുകയും ചെയ്തു. ഒരു വർഷത്തിനുശേഷം എന്റെ ഒരു പിതൃസഹോദരപുത്രൻ എന്റെ ഗോത്രക്കാരോടു പറഞ്ഞു, 'അല്ലാഹുവിന്റെ ദാസരേ! നിങ്ങളെന്തുകൊണ്ട് ഒരു പാവപ്പെട്ട മിസ്കീൻ സ്ത്രീയെ സ്വതന്ത്രയാക്കുന്നില്ല?' ഇതു കേട്ടപ്പോൾ അവർക്ക് കുറച്ചു സഹതാപമുണ്ടായി. അവർ പറഞ്ഞു, 'നീ മദീനയിൽ നിന്റെ ഭർത്താവിന്റെ അടുത്ത് പോകാനാഗ്രഹിക്കുന്നെങ്കിൽ പൊയ്ക്കൊള്ളുക.' അവർ എന്റെ മകനേയും എനിക്കു തിരിച്ചു തന്നു. ഞാൻ മദീനയിലേക്ക് പോകാനൊരുങ്ങി. പക്ഷേ, ഞാൻ ഒറ്റയ്ക്കായിരുന്നു. എന്നോടൊപ്പം മദീനയിലേക്കു വരാൻ ആരുമുണ്ടായിരുന്നില്ല. തനിച്ചൊരു സ്ത്രീ തന്റെ കുഞ്ഞിനേയുമെടുത്ത് 300 മൈൽ യാത്ര ചെയ്ത് എങ്ങനെയാണ് മദീനയിലെത്തുക? പക്ഷേ, അല്ലാഹു അചഞ്ചലമായ വിശ്വാസവും ധൈര്യവും ഹദ്റത്ത് ഉമ്മുസൽമ (റ) യ്ക്ക് നല്കി. അവർ പറയുന്നു: 'ഹിജ്റത്ത് ചെയ്യുക എന്ന ഉറച്ച വിശ്വാസത്തോടെ ഞാൻ ഒട്ടകപ്പുറത്തിരുന്നു. മക്കയിൽനിന്ന് ഏകദേശം രണ്ടു മൈൽ അകലെ **തൻഈം** എന്ന സ്ഥലത്തെത്തിയപ്പോൾ കഅ്ബയുടെ താക്കോൽ വഹിക്കുന്ന **ഉഥ്മാൻ ബിൻ അബൂ ത്വൽഹയെ** കണ്ടുമുട്ടി. അദ്ദേഹം അങ്ങേയറ്റം മാന്യനായൊരു വ്യക്തിയായിരുന്നു. അദ്ദേഹം ചോദിച്ചു, 'അബൂ ഉമയ്യായുടെമകളേ! എങ്ങോട്ടാണ് പോകുന്നത്? ഞാൻ പറഞ്ഞു, 'മദീനയിൽ. എന്റെ ഭർത്താവിന്റെ അടുക്കൽ പോകുകയാണ്.' അദ്ദേഹം ചോദിച്ചു.'നിന്റെ കൂടെ വേറെയാരുമില്ലേ?'

ഞാൻ പറഞ്ഞു, 'ഇല്ല. തനിച്ചാണ്. എന്റെ ഈ കുഞ്ഞും.' അദ്ദേഹം പറഞ്ഞു, 'അല്ലാഹുവാണ! നിന്നെപ്പോലുള്ള ഒരു സ്ത്രീയെ തനിച്ചൊരിക്കലും വിടാൻ പറ്റുകയില്ല. മൂന്നു നാലു ദിവസം മരുഭൂമിയിലൂടെയുള്ള യാത്രയാണ്.' അദ്ദേഹം എന്റെ കൈയിൽനിന്ന് കടിഞ്ഞാൺ വാങ്ങി. എന്നോടൊപ്പം മദീനയിലേക്ക് വന്നു. അല്ലാഹുവാണ! ഉഥ്മാൻ ബിൻ അബൂ ത്വൽഹയെപ്പോലുള്ള ഒരു മാന്യനായ വ്യക്തിയെ അറബികളിൽ ഞാൻ കണ്ടിട്ടില്ല[4]. അദ്ദേഹം എന്റെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ച് യാത്ര തുടങ്ങി. രാത്രി തങ്ങാനുള്ള ആദ്യ പാളയത്ത് എത്തിയപ്പോൾ അദ്ദേഹം ഒട്ടകത്തെ ഇരുത്തി. പിന്നീട് ഒരു ഭാഗത്തേക്ക് മാറിനിന്നു. ഞാനൊരു മരത്തിനു കീഴെ വിശ്രമിച്ചു. അദ്ദേഹം അല്പം അകലെ മറ്റൊരു മരത്തിന്റെ കീഴെ വിശ്രമിക്കാൻ പോയി.

"പിന്നീട് നേരം വെളുത്തപ്പോൾ അദ്ദേഹം ഒട്ടകത്തെ യാത്രയ്ക്ക് തയ്യാറാക്കി. ഞാൻ ഒട്ടകപ്പുറത്തിരുന്നു. അദ്ദേഹം ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു. ഞങ്ങളേയും കൊണ്ട് യാത്ര പുറപ്പെട്ടു. ഇങ്ങനെ മൂന്നു രാവും പകലും കൊണ്ട് അദ്ദേഹം എന്നെ **ബനീ അംറ് ബിൻ ഔഫിന്റെ** നാടായ **ഖുബായിൽ** എത്തിച്ചു. ജനവാസസ്ഥലം ദൂരെ നിന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു, 'ആ സ്ഥലത്താണ് നിന്റെ ഭർത്താവ് താമസിക്കുന്നത്.' ഇതും പറഞ്ഞ് അദ്ദേഹം അവിടെനിന്ന് മക്കയിലേക്ക് മടങ്ങിപ്പോയി." ഹദ്റത്ത് ഉമ്മുസൽമ (റ) പറയുന്നു: 'അന്ന് ഉഥ്മാൻ ബിൻ അബീ ത്വൽഹ മുസ്ലിം ആയിരുന്നില്ല. പക്ഷേ, ഞാൻ അദ്ദേഹത്തെക്കാൾ വലിയ ആദരണീയനും മാന്യനുമായ ഒരു വ്യക്തിയേയും കണ്ടിട്ടില്ല.'

ഹദ്റത്ത് ഉമ്മുസൽമ(റ)പറയുന്നു: അല്ലാഹുവാണ! ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം എത്രമാത്രം ബുദ്ധിമുട്ടുകളും വിഷമങ്ങളും അബൂസൽമയുടെ കുടുംബത്തിനു സഹിക്കേണ്ടി വന്നിട്ടുണ്ടോ, അല്ലാഹുവിന്റെ വഴിയിൽ അത്തരം ബുദ്ധിമുട്ടുകൾ സഹിച്ച മറ്റൊരു കുടുംബത്തേയും ഞാൻ കണ്ടിട്ടില്ല. ശത്രുക്കൾ ഭർത്താവിനേയും ഭാര്യയേയും അവരുടെ കൈക്കുഞ്ഞിനേയും ഒരു വർഷംവരെ പരസ്പരം അകറ്റിനിറുത്തി കഠിനമായി പീഢിപ്പിക്കുകയായിരുന്നു.

ഹദ്റത്ത് അബൂസൽമ(റ) മദീനയിൽ വന്നതിനുശേഷം ഖുബായിൽ ഹദ്റത്ത് മുബശ്ശിർ ബിൻ മുൻദിറിന്റെ അടുത്താണ് താമസിച്ചത്. നബി(സ)തിരുമേനി ഹദ്റത്ത് അബൂസൽമ(റ)യെ ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥുമായുടെ സഹോദരനാക്കി. ഹദ്റത്ത് അബൂസൽമ(റ)യ്ക്ക് അദ്ദേഹത്തെ മുസ്‌ലിം സഹോദരനാക്കിക്കൊടുത്തു. പിന്നീടു നബി(സ)തിരുമേനി അദ്ദേഹത്തിന് ഒരു വീടും മദീനയിൽ നല്കുകയുണ്ടായി.

**യുദ്ധങ്ങളിൽ സാന്നിധ്യവും ത്യാഗവും**

നബി(സ)തിരുമേനി ഹിജ്റ രണ്ടാം വർഷം അശീറ യുദ്ധവേളയിൽ ഹദ്റത്ത് അബൂസൽമ (റ) യെയാണ് മദീനയിലെ അമീറായി നിയമിച്ചത്. അബൂസൽമായെ കുറിച്ചാണ് വിശുദ്ധ ഖുർആനിലെ

'അപ്പോൾ, ആരുടെ വലതുകൈയിൽ തന്റെ കർമപുസ്തകം നല്കപ്പെടുന്നുവോ അവൻ (തന്റെ കൂട്ടുകാരോട്) പറയും ഇതാ എന്റെ പുസ്തകം നിങ്ങൾ വായിച്ചു കൊള്ളുക'. (വിശുദ്ധഖുർആൻ-69:20)

എന്ന വചനമെന്ന് ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)പറയാറുണ്ടായിരുന്നു (അൽഹാഖ 20). ഈ ആയത്തനുസരിച്ച് വലതുകൈയിൽ കർമപുസ്തകം നല്കപ്പെടുന്ന ആളുകളിൽപ്പെട്ടയാളാണ് ഹദ്റത്ത് അബൂസൽമ(റ). പറയപ്പെടും ഇത് താങ്കളുടെ നന്മകളുടെ കർമപുസ്തകമാണ്. അതു വായിക്കുവിൻ! അദ്ദേഹത്തിന്റെ സഹോദരൻ സുഫിയാൻ ബിൻ അബ്ദുൽ അസദ് ഇസ്‌ലാമിന്റെ ശത്രുതയിൽ മുൻനിരയിലുണ്ടായിരുന്ന ആളായിരുന്നു. അവന്റെ ഇടതുകൈയിൽ കർമപുസ്തകം നല്കപ്പെടുന്നതാണ്.[5]

ഹദ്റത്ത് അബൂസൽമ(റ)വലിയ ധൈര്യത്തോടുകൂടി ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹ്ദിലും ധീരതയോടെ പോരാടി. പരിക്കേൽക്കുകയും ചെയ്തു. തോളിലാണ് ഗുരുതരമായി പരിക്കേറ്റത്. ഒരു മാസത്തോളം ചികിത്സ നടത്തി. ബാഹ്യമായി നോക്കുമ്പോൾ മുറിവുണങ്ങുന്നതായി കണ്ടു. പക്ഷേ, ഹിജറത്തിന് ഏകദേശം 15 മാസത്തിനു ശേഷം അദ്ദേഹത്തിന് ബനീഅസ്ദിലേക്ക് മറ്റൊരു യുദ്ധനടപടിക്കായി ഖത്വൻ എന്ന സ്ഥലത്ത് പോകേണ്ടിവന്നു.[6] കുറച്ചു ദിവസം കഴിഞ്ഞ് ആ യാത്രയിൽനിന്ന് മടങ്ങിയപ്പോൾ മുറിവ് വീണ്ടും പഴുക്കാൻ തുടങ്ങി. കുറച്ചുമാസങ്ങൾക്കുശേഷം ഇഹലോകവാസം വെടിയുകയും ചെയ്തു. നബി(സ)തിരുമേനിക്ക് അദ്ദേഹത്തോട് അതിരറ്റ സ്നേഹമായിരുന്നു. അദ്ദേത്തിന് സുഖമില്ലാതായപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ കാണാൻ പോകാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്ത്യനേരത്തും നബി(സ)തിരുമേനി അവിടെ ഉണ്ടായിരുന്നു.

**റസൂലിന്റെ അനുകമ്പയും ക്ഷമിക്കാനുള്ള ഉപദേശവും**

നിവേദനങ്ങളിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസൽമ(റ)യുടെ വീട്ടിലുള്ള സ്ത്രീകൾക്കും നബി(സ)തിരുമേനിക്കുമിടയിൽ പർദ മറയായിരുന്നു. ചില സ്ത്രീകളുടെ കരച്ചിൽ പുറത്തു കേൾക്കാമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, 'സ്ത്രീകളേ! എന്തിനാണ് നിങ്ങൾ കരയുന്നത്? വേണ്ടാത്തതെന്തിനാണ് നിങ്ങൾ പറയുന്നത്? ഓർമിക്കുക, ഇത്തരം നേരത്ത് മലക്കുകളും ഇവിടെയുണ്ടാകും. നിങ്ങൾ എന്തൊന്ന് പറയുന്നുവോ അതിന് അവർ ആമീൻ പറയുന്നു. അതുകൊണ്ട് അക്ഷമയുടെ ഒരുവാക്കും പറയുന്നത് ഉചിതമല്ല.'

നബി(സ)തിരുമേനി ഹദ്റത്ത് അബൂസൽമ(റ)യുടെ അന്ത്യ നിമിഷങ്ങളിൽ തന്റെ സ്നേഹവും സന്തോഷവും പ്രകടിപ്പിച്ചത് ഇങ്ങനെയായിരുന്നു: 'അദ്ദേഹത്തിന്റെ ആത്മാവ് ശരീരക്കൂട്ടിൽനിന്ന് പറന്നുപോയിക്കൊണ്ടിരുന്നു. അപ്പോൾ കണ്ണുകൾ മെല്ലെ മെല്ലെ അടയാൻ തുടങ്ങി. നബി(സ) മുന്നോട്ടുവന്ന് തന്റെ അനുഗൃഹീത കരങ്ങൾകൊണ്ട് തന്റെ മുലകുടിസഹോദരന്റെ കണ്ണുകൾ തിരുമ്മിഅടച്ചു. ദുആ ചെയ്തു: 'അല്ലാഹുവേ! അബൂസൽമയ്ക്ക് പൊറുത്തു കൊടുക്കേണമേ. അദ്ദേഹത്തിന്റെ പദവി സന്മാർഗം പ്രാപിച്ചവരുടെ സ്ഥാനത്തേക്ക് നീ ഉയർത്തേണമേ. അദ്ദേഹത്തിന് നീ നല്ല പ്രതിനിധികളെ ആക്കേണമേ. സർവലോകപരിപാലകാ! ഞങ്ങൾക്കെല്ലാം പൊറുത്തു തരേണമേ.' ഹദ്റത്ത് അബൂസൽമ(റ)യെ ഖബ്റടക്കിയത് മദീനയിലാണ്. അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത് ഉഹ്ദിനു ശേഷം ഹിജ്റ നാലിലാണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ മക്കൾ സൽമായ്ക്കു പുറമെ ഉമർ, സയ്നബ്, ദർറ എന്നിവരായിരുന്നു. അദ്ദേഹത്തിന്റെ മകൾ സയ്നബ് ജനിച്ചത് ഹബ്ശഹിജറത്ത് കാലത്താണ്.[7]

ഹദ്റത്ത് ഉമ്മുസൽമ(റളിയല്ലാഹു അൻഹ)പറയാറുണ്ടായിരുന്നു, ഒരിക്കൽ ഹദ്റത്ത് അബൂസൽമ(റ), നബി(സ)തിരുമേനിയുടെ സദസ്സിൽനിന്ന് മടങ്ങി വന്നപ്പോൾ വളരെ സന്തോഷവാനായിരുന്നു. അദ്ദേഹം പറഞ്ഞു, ഞാൻ നബി(സ)തിരുമേനിയിൽനിന്ന് ഒരു ഹദീഥ് കേട്ടു. 'ആർക്കെങ്കിലും എന്തെങ്കിലും വിപത്തുണ്ടാകുകയും അയാൾ അല്ലാഹുവിനോട്, അല്ലാഹുവേ! ഈ വിപത്തിന്റെ വേതനവും നല്ല പ്രതിഫലവും എനിക്കു നല്കേണമേ' എന്ന് പ്രാർഥിക്കുകയും ചെയ്താൽ അല്ലാഹു അയാൾക്ക് ഏറ്റവും നല്ല പ്രതിഫലം നല്കുന്നതാണ്. ഹദ്റത്ത് ഉമ്മുസൽമ (റളിയല്ലാഹു അൻഹ)പറയുന്നു: ഈ ഹദീഥ് ഞാൻ ഹദ്റത്ത് അബൂസൽമ(റ)യിൽനിന്ന് കേട്ടിരു

ന്നു. അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹം പറഞ്ഞ ഇക്കാര്യം എനിക്കോർമ വന്നു. നബി(സ)തിരുമേനി വന്നിട്ട് ഈ അവസരത്തിൽ ഇങ്ങനെ ദുആ ചെയ്യാൻ പറഞ്ഞു, 'അല്ലാഹുവേ! ഈ വിപത്തിൽ എനിക്കു ക്ഷമിക്കാനുള്ള കഴിവ് നല്കേണമേ. ഇതിന് ഏറ്റവും മഹത്തായ പ്രതിഫലം നല്കേണമേ.' പക്ഷേ, അബൂസൽമ എന്നോട് വളരെ നല്ലനിലയിൽ പെരുമാറിയിരുന്ന ആളായിരുന്നു. ഇങ്ങനെ ദുആ ചെയ്തുകൊണ്ട് ഞാൻ തന്നത്താൻ ചോദിച്ചു, അബൂസൽമയെക്കാളും നല്ല ആളുണ്ടോ? പക്ഷേ, നബി(സ)തിരുമേനിയുടെ നിർദേശം നിറവേറ്റാൻ ഞാൻ അങ്ങനെതന്നെ ദുആ ചെയ്തു. പിന്നീട് ആ ദുആയുടെ ഫലമായി അദ്ദേഹത്തെക്കാൾ എത്രയോ ഉത്തമനായ വ്യക്തിയെയാണ് അതായത് നബി(സ)തിരുമേനി അല്ലാഹു എനിക്കു നല്കിയത്.

നിക്കാഹ് കഴിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടുള്ള സന്ദേശം ഹദ്റത്ത് ഉമ്മുസൽമ(റളിയല്ലാഹു അൻഹ)യ്ക്ക് ലഭിച്ചപ്പോൾ അവർ നിഷേധത്തോടെ ചില ഒഴികഴിവുകൾ പറഞ്ഞു: 'സഹനശീലമില്ലാത്തവളും പ്രായം ചെന്നവളുമാണു ഞാൻ. സപത്നിയെ സഹിക്കുക എന്നത് എനിക്കു ദുഷ്കരമാണ്. എന്റെ കുട്ടികൾ മറ്റുള്ളവരുടെ ചുമതലയിലാണുള്ളത്.' നബി(സ)തിരുമേനി അതിനോടിങ്ങനെ പ്രതികരിച്ചു: 'നിനക്ക് പ്രായം കൂടുതലാണെങ്കിൽ എനിക്കും പ്രായം കൂടുതലാണ്. അസഹിഷ്ണുതയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അല്ലാഹു അനുവദനീയമല്ലാത്ത അസഹിഷ്ണുത ദുആ മുഖേന അകറ്റുന്നതാണ്. പിന്നീടുള്ളത് നിന്റെ മക്കളാണ്. ആ മക്കൾ എന്റേയും മക്കളാണല്ലോ?' അങ്ങനെ നബി(സ)തിരുമേനി എല്ലാവിധത്തിലും അവർക്ക് സമാധാനം നല്കിയപ്പോൾ അവസാനം ആ മഹാത്മാവുമായി അവരുടെ വിവാഹം നടന്നു.[8] അവരുടെ ആ നാലുമക്കളും നബി(സ)തിരുമേനിയുടെ തണലിൽ സന്തോഷത്തോടെ വളരാൻ തുടങ്ങി.[9]

(ഹാഫിദ് മുസഫ്ഫർ അഹ്മദ് സാഹിബിന്റെ സീറത്തു സ്വഹാബഃ എന്ന് ഉർദു ഗ്രന്ഥത്തോട് കടപ്പാട്)

ഉദ്ധരണങ്ങൾ:

1.അസദുൽഗാബഃ വാള്യം 3, പേജ് 195., 2.ഇബ്നുഹിശാം വാള്യം 2, പേജ് 121., 3.ഇബ്നുസഅ്ദ് വാള്യം 3, പേജ് 24., 4. ഇബ്നുഹിശാം വാള്യം 3, പേജ് 112., 5. അസദുൽഗാബഃ വാള്യം 3, പേജ് 196. അസ്വാബഃ ഭാഗം 4, പേജ് 95. ഇസ്തിആബ് വാള്യം 3, പേജ് 71., 6.ഇബ്നുസഅ്ദ് വാള്യം 3, പേജ് 240.,7.അസദുൽഗാബഃ വാള്യം 3, പേജ് 197, 198., 8. മുസനദ് അഹ്മദ്, ഇബ്നു മാജഃ, 9.ഇസ്തിആബ് വാള്യം 3, പേജ് 71. അസദുൽഗാബഃ വാള്യം 3, പേജ് 196,197.


## Statement about ownership and other particulars about newspaper
## Sathyadoothan

(Form IV-See Rule-8)

1. Place of publication : Ernakulam
2. Periodicity of its publication : Monthly
3. Printer's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road,Elamakkara, P.O., Pin 682026
4. Publisher's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road,Elamakkara, P.O., Pin 682026
5. Editor's Name : A.M. Muhammad Salim
   Nationality : Indian
   Address : Darussalam, Near Zeena Plastic, pavangad, Calicut
6. Names and addresses of individuals who own the newspaper and partners or shareholders holding

More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my

knowledge and belief.

Dated: 1. 03. 2013 S/d -Publisher

# ലോകമഹായുദ്ധം ആവർത്തിക്കുമോ?

നൂറ് വർഷങ്ങൾക്ക് മുമ്പ് 1914 ലാണ് ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചത്. ലോക മഹായുദ്ധത്തിന് മുമ്പ് ഉണ്ടായിരുന്നസംഘർഷഭരിതമായ അന്തരീക്ഷത്തിലൂടെയാണ് ലോകം ഇപ്പോൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. വിശ്വപ്രസിദ്ധ ചരിത്രകാരിയും ചിന്തകയുമായ പ്രൊഫ. മാർഗരറ്റ് മാക്മില്ലൻ അമേരിക്കൻ നയരൂപീകരണ സ്ഥാപനത്തിന് വേണ്ടി എഴുതിയ ഒരു ഉപന്യാസത്തെ അടിസ്ഥാനമാക്കി ഇംഗ്ലണ്ടിൽ നിന്ന് പുറപ്പെടുന്ന THE INDIPENDENT (2014-Jan 5 th) എന്ന പത്രം പ്രസിദ്ധീകരിച്ച ഈ ലേഖനത്തിൽ, ലോകമഹാ യുദ്ധം കഴിഞ്ഞ് നൂറ് വർഷം തികയുന്ന ഈ സന്ദർഭത്തിൽ വീണ്ടും ഒരു ലോക മഹായുദ്ധത്തിന്റെ സാഹചര്യം ഉരുത്തിരിഞ്ഞു വരുന്നതായി പറയുന്നു.



ഇയാൻ ജോൺസ്റ്റൺ

ചരിത്രം ഒരിക്കലും അതേപടി യാവർത്തിക്കില്ല. പക്ഷേ അതിന് ഒരു താളമുണ്ട്. ഒന്നാം ലോക മഹായുദ്ധം രൂപപ്പെട്ട സാഹചര്യത്തിന് സമാനമായ അന്തരീക്ഷത്തിലൂടെയാണ് ഇന്ന് ലോകം കടന്ന് പോകുന്നതെന്ന് വിശ്വപ്രശസ്തയായ ചരിത്രകാരി പ്രൊഫ. മാർഗരറ്റ് മാക്മില്ലൻ മുന്നറിയിപ്പ് നൽകുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ആസ് ട്രോ-ഹംഗേറിയൻ സാമ്രാജ്യത്തിന്റെ രാജകുമാരൻ ഫ്രാൻസ് ഫെർഡിനാർഡ് ബാൾക്കനിൽ വെച്ച് കൊല്ലപ്പെട്ടതോടു കൂടിയുണ്ടായ യുദ്ധസ്ഫുരണത്തെ തുടർന്ന് 'എല്ലാ യുദ്ധങ്ങളെയും അവസാനിപ്പിക്കുന്ന യുദ്ധം' എന്ന പേരിൽ സാങ്കേതിക വിദ്യയാൽ നവീകരിക്കപ്പെട്ട സൈന്യങ്ങൾ യുദ്ധമുഖങ്ങളിൽ അഭൂതപൂർവമായ രീതിയിൽ കൂട്ടക്കൊലകൾ നടത്തുകയുണ്ടായി. ഒന്നാം ലോകമഹായുദ്ധത്തിൽ യുദ്ധഭരിതമായിരുന്ന ബാൾക്കൻ മേഖലക്ക് സമാനമായി ഇപ്പോഴത്തെ മദ്ധ്യപൗരസ്ത്യദേശത്തെ കാണാൻ കഴിയുന്നുവെന്ന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ മാക്മില്ലൻ വാദിക്കുന്നു. ഇറാൻ ഒരു ന്യൂക്ലിയർ ബോംബ് വികസിപ്പിച്ചാൽ ഒരു ന്യൂക്ലിയർ ആയുധ മത്സരത്തിന് തുടക്കം കുറിക്കപ്പെട്ടേക്കാം. തീർച്ചയായും അത് ഏറ്റവും അപകടം പിടിച്ച ഒരു ലോകത്തെയായിരിക്കും പണിതൊരുക്കുക. 100 വർഷങ്ങൾക്ക് മുമ്പ് ബാൾക്കനിൽ പൊട്ടിത്തെറിച്ചത് പോലെയുള്ള വെടിമരുന്നു പെട്ടിയുടെ പൊട്ടിത്തെറിയുടെ പുനസൃഷ്ടിയിലേക്കായിരിക്കും അത് നയിക്കുക. വെടിമരുന്ന്പെട്ടിക്ക് പകരം ഇത്തവണ കൂണുപോലെ മേലോട്ടുയരുന്ന ന്യൂക്ലിയർ മേഘങ്ങളായിരിക്കുമെന്ന് മാത്രം. അമേരിക്കയിലെ പ്രശസ്തമായ തിങ്ങ്ടാങ്കായ (Think Tank- ഒരു രാജ്യത്തിന്റെ ദേശീയ നയം തീരുമാനിക്കാനായി ഗവേഷണ പഠനം നടത്തുന്ന സ്ഥാപനം) ബ്രൂക്ക്ലിൻ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി എഴുതിയ ഒരു ഉപന്യാസത്തിലാണ് ഇക്കാര്യം പരാമർശിച്ചത്.

ചരിത്രം കണിശമായും അത് പോലെ ആവർത്തിക്കില്ല. മദ്ധ്യപൗരസ്ത്യ ദേശം ഒരു നൂറ്റാണ്ടു മുമ്പത്തെ അസ്വസ്ഥജനകമായ ബാൾക്കൻ മേഖലപോലെ ഇപ്പോൾ

സംഘർഷ ഭരിതമാണെന്നാണ് അവർ പറയുന്നത്. അക്കാലത്തേതിന് സമാനം നിൽക്കുന്ന വിഷലിപ്തമായ ദേശീയതയുടെ ചേരുവകൾ അവിടെ നിലനിൽക്കുന്നു. അമേരിക്ക, തുർക്കി, റഷ്യ, ഇറാൻ മുതലായ ബാഹ്യ ശക്തികൾ അവരുടെയും തങ്ങളുടെ സഖ്യകക്ഷികളുടെയും താൽപര്യ സംരക്ഷണത്തിന് വേണ്ടി മദ്ധ്യപൗരസ്ത്യ ദേശത്തേക്ക് വലിച്ചിഴയ്ക്കപ്പെടുമെന്ന ഭീഷണി ആശങ്കാജനകമാണെന്ന് അവർ അഭിപ്രായപ്പെടുന്നു.

പ്രൊഫസ്സർ മാക്മില്ലൻ ഇപ്പോഴുള്ളതും നൂറു വർഷങ്ങൾക്ക് മുമ്പ് നടന്നതുമായ നിരവധി സംഭവങ്ങൾ താരതമ്യം ചെയ്തുകൊണ്ട് തന്റെ വാദത്തിനുള്ള തെളിവായി ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ ഭാവനയിലുള്ള നല്ല ലോകം നേടാനായി ആദർശത്തിന്റെ പേരിൽ അക്കാലത്ത് തീവ്ര വിപ്ലവകാരികളായ കമ്യൂണിസ്റ്റുകാരും അരാജകവാദികളും കൂട്ടക്കൊലപാതക പരമ്പരകൾ നടത്തിയതിന് സമാനമായി ഇക്കാലത്തെ മുസ്ലിം ഭീകരവാദികളും കൂട്ടക്കൊലകൾ നടത്തുന്നു എന്നാണ് അവരുടെ വാദം. 1914 കാലത്തെ പ്രബല ശക്തിയായിരുന്ന ഇംഗ്ലണ്ടിനെ വെല്ലുവിളിച്ചുകൊണ്ടായിരുന്നു ജർമനി ഉയർന്നു വന്നത്. ഇന്ന് അമേരിക്കയെ വെല്ലുവിളിച്ചുകൊണ്ട് ചൈന ഉയർന്നുവന്നിരിക്കുന്നതായി കാണാം.

ഒരു ശക്തിക്ക് കീഴിൽ നിന്ന് മറ്റൊരു ശക്തിയിലേക്കുള്ള ലോകത്തിന്റെ മാറ്റത്തിന്റെ ഘട്ടം ഭയങ്കരമായ അപകടങ്ങൾ നിറഞ്ഞ കാലഘട്ടമായിരിക്കും. 1920 കളുടെ അവസാനത്തിൽ കാനഡയുടെ മേൽ ആക്രമണം നടത്തി ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി ഒരു യുദ്ധത്തിന് അമേരിക്ക ആസൂത്രണം ചെയ്തതായി കാണാം. ആ യുദ്ധം അമേരിക്കയെ ലോകത്തിലെ ഒരു സൂപ്പർ പവർ ആക്കി തീർക്കുമെന്ന് അവർ കണക്ക് കൂട്ടിയതായിരുന്നു അങ്ങനെയൊരാക്രമണ പദ്ധതി ആസൂത്രണം ചെയ്യാനുണ്ടായകാരണങ്ങളിലൊന്ന്.

കഴിഞ്ഞ വർഷം പ്രൊഫ. മാക്മില്ലൻ The War That Ended Peace എന്ന പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ലോകത്താകമാനം വലത്പക്ഷങ്ങളും ദേശീയ വികാരങ്ങളും ഉയിർത്തെഴുന്നേൽക്കുകയാണെന്നും ഇത് ഒന്നാം ലോക മഹായുദ്ധത്തിന് തൊട്ടു മുമ്പത്തെ അവസ്ഥയെ സൂചിപ്പിക്കുന്ന ഒരു ഘടകമാണെന്നും അവർ ചൂണ്ടിക്കാട്ടുകയുണ്ടായി.

ചൈനയിൽ ഡിയായുസ് (Diaoyus) എന്നും ജപ്പാനിൽ സെൻകാകൂസ് (Senkakus) എന്നും അറിയപ്പെടുന്ന കിഴക്കൻ ചൈനയിലുള്ള ദ്വീപസമൂഹങ്ങളെ ചൊല്ലിയുള്ള തർക്കം ചൈനയിലും ജപ്പാനിലും ദേശാഭിമാനപരമായ വികാരം ആളിക്കത്തിച്ചിരിക്കുകയാണ്. ചൈന അവരുടെ സൈനിക ചെലവുകൾ വർധിപ്പിക്കുകയും നാവിക ശേഷി ഉയർത്തിക്കൊണ്ടു വരുന്നതും,അമേരിക്കയെ വെല്ലുവിളിച്ചുകൊണ്ട് പസിഫിക്കിൽ ഒരു ശക്തിയായി തീരാനുള്ള ചൈനയുടെ പുറപ്പാടാണെന്ന് നിരവധി അമേരിക്കൻ സൈനിക വിദഗ്ധർ കരുതുന്നു. ഇരുരാജ്യങ്ങളും തമ്മിൽ ഈ മേഖലയിൽ ഒരു സൈനിക മത്സരമാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത് എന്ന് അവർ തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. വാൾ സ്ട്രീറ്റ് ജേർണലിൽ വന്ന ആധികാരിക റിപ്പോർട്ട് പ്രകാരം ചൈനക്കെതിരെ പെന്റഗൺ (അമേരിക്ക) ഒരു യുദ്ധത്തിന്റെ ആസൂത്രണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

അമേരിക്കക്ക് ജപ്പാനുമായി ഒരു സ്വയം പ്രതിരോധക്കരാറുണ്ട്. 2012 ൽ പുതുക്കിയ ഈ കരാറിൽ സെൻകാകു ദ്വീപുകളും ഉൾപ്പെടുമെന്ന് പ്രത്യേകം പരാമർശിച്ച് ഉറപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ നവംബറിൽ ചൈന ഈ ദ്വീപിന് മുകളിൽ ഒരു നാവിക ഉപരോധം ഏർപ്പെടുത്തിയിരുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അമേരിക്കയുടെ രണ്ട് ബി 52 ബോംബർ വിമാനങ്ങൾ ബെയ്ജിങ്ങിനെ വെല്ലുവിളിച്ചു കൊണ്ട് ദ്വീപിന് മുകളിൽ പറക്കുകയുണ്ടായി. ഒരു നൂറ്റാണ്ട് മുമ്പ് ജർമനിയും ഇംഗ്ലണ്ടും തമ്മിലുണ്ടായിരുന്നത്പോലെ കൊണ്ടും കൊടുത്തും കൊണ്ടുള്ള ഒരു ബന്ധമാണ് ചൈനയും അമേരിക്കയും തമ്മിലുള്ളത് എന്നാണ് പ്രൊഫ. മാക്മില്ലൻ പറയുന്നത്. അമേരിക്കയിൽ ചൈനയുടെ വർധിച്ചു വരുന്ന നിക്ഷേപത്തിൽ അമേരിക്കയിൽ വലിയ തോതിലുള്ള അതൃപ്തിയുള്ളതായി അവർ ചൂണ്ടിക്കാട്ടുന്നു. അതേ സമയം അമേരിക്ക തങ്ങളെ രണ്ടാം തരം ശക്തിയായിട്ടാണ് പരിഗണിക്കുന്നതെന്ന് ചൈനക്കും പരാതിയുണ്ട്.

ദീർഘകാലത്തെ സമാധനത്തിന് ശേഷം രണ്ട് വൻ ശക്തികൾ തമ്മിൽ പൂർണതോതിലുള്ളൊരു യുദ്ധം ഉണ്ടാകുമെന്നുള്ള വിശ്വാസം അചിന്ത്യമാണ്. ഇപ്പോൾ ആഗോളവത്ക്കരണത്തിലേക്കുള്ള പ്രയാണം നമ്മെ ഒരു മിഥ്യാ സുരക്ഷാ ബോധത്തിൽ മയക്കിക്കിടത്തിയിരിക്കുന്നതായി അവർ പറയുന്നു. 1914 ന് ശേഷം നൂറു വർഷങ്ങൾ തികയുന്ന ഈ അവസരത്തിൽ ക്ഷണമാത്രകൊണ്ട് വിഭ്രംഭിതമായേക്കാ വുന്ന മനുഷ്യന്റെ വീഴ്ച്ചകളെ സംബന്ധിച്ചും പെട്ടെന്നുണ്ടാകുന്ന ഭയാനകമായ വിപത്തിനെ സംബന്ധിച്ചും ആകസ്മികമായുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും വ്യത്യസ്തമായ രീതിയിൽ നാം ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒരു പ്രതിസന്ധിയിൽ നിന്ന് മറ്റൊരു പ്രതിസന്ധിയിലേക്ക് കലങ്ങി മറിയുന്നതിന് പകരം ഒരു നൂറ്റാണ്ടു മുമ്പുണ്ടായ തിക്തമായ പാഠങ്ങളെ സംബന്ധിച്ച് വീണ്ടും നാം ചിന്തിക്കേണ്ട സമയമാണിത്. പരസ്പരം സഹകരിച്ചു കൊണ്ട് സുഭദ്രമായ ഒരു ഏകലോക ക്രമം എങ്ങനെ സൃഷ്ടിക്കാം എന്ന് നമ്മുടെയെല്ലാം പ്രോത്സാഹനത്തോടെ നമ്മുടെ നേതാക്കന്മാർ പ്രതീക്ഷാപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു.

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 7

# വിവാഹ മോചനം: സിദ്ധാന്തങ്ങൾ

സിവിൽ നിയമങ്ങളിൽ പുരോഗമന പരമായ വിവാഹ മോചന നിയമങ്ങൾ സാവകാശത്തിലാണ് ഇന്ത്യൻ നിയമ വ്യവസ്ഥയിൽ സ്വാംശീകരിക്കപ്പെട്ടത്.

ഡോ. കൗസർ എടപ്പകത്ത്

വിവാഹമോചന സംബന്ധമായി മൂന്ന് സിദ്ധാന്തങ്ങൾ നിലവിലുണ്ട്.

**1) കുറ്റം അഥവാ തെറ്റ് മൂലമുണ്ടാകുന്ന വിവാഹ മോചനം. 2) സമ്മതം മുഖേനയുള്ള വിവാഹ മോചനം 3) തിരിച്ചെടുക്കാൻ കഴിയാത്ത വിവാഹ മോചനം**

### കുറ്റം അല്ലെങ്കിൽ തെറ്റ് (അപഭ്രംശം) മൂലമുള്ള വിവാഹ മോചനം

വിവാഹ പ്രതിജ്ഞയിലേർപ്പെട്ടതിന് ശേഷം എന്തെങ്കിലും രീതിയിലുള്ള വിവാഹകുറ്റങ്ങളിൽ ഏർപ്പെട്ടാൽ ഈ സിദ്ധാന്ത പ്രകാരം വിവാഹ മോചനം ചെയ്യാവുന്നതാണ്. കുറ്റം വിവാഹ മോചനത്തിന് മതിയായ കാരണമാണെന്ന് തെളിയിക്കപ്പെടേണ്ടതുണ്ട്. അപഭ്രംശം സിദ്ധാന്ത (Fault System of Divorce) പ്രകാരം വിവാഹ പങ്കാളികളിൽ ഒരാൾ അപര പങ്കാളിയെക്കുറിച്ച് നിയമപരമായ ആരോപണം കൊണ്ടുവരേണ്ടതുണ്ട്. വിവാഹ നിയമം അനുശാസിക്കുന്നതനുസരിച്ച് ഒന്നോ അതിലധികമോ നിയമപരമായ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ വിവാഹ പങ്കാളി വിവാഹ മോചനത്തിനായി കേസ് കൊടുക്കുകയും വേണം. കൂടാതെ അങ്ങനെ വിവാഹ മോചനത്തിനായി ആരോപണം ഉന്നയിക്കുന്ന പങ്കാളി ഏതെങ്കിലും തരത്തിൽ വിവാഹ സംബന്ധമായ സ്വഭാവ ദൂഷ്യങ്ങളിൽ പെട്ടയാളായിരിക്കാനുംപാടില്ല. ഇരുകക്ഷികൾ തമ്മിലുള്ള നിയമപ്പോരാട്ടങ്ങൾക്കിടയിൽ നീതി നിർണയിക്കാൻ കഴിയുന്ന രീതിയിലുള്ള പ്രതിയോഗി സങ്കൽപ്പത്തെ (Adversary concept) അടിസ്ഥാനമാക്കിയുള്ളതാണ് കുറ്റ സമ്പ്രദായം (Guilt or Fault theory) നമ്മു ടെ രാജ്യമടക്കം മിക്ക രാജ്യങ്ങളിലും വിവാഹ മോചനം പ്രതിയോഗി പ്രക്രിയയിലൂടെയാണ് സാധിതമാവുന്നത്. കുറ്റാരോപിതനായ പങ്കാളിക്കെതിരെ അന്യായക്കാരില്ലെങ്കിൽ അന്യായക്കാരൻ കോടതിയിൽ നൽകുന്ന പരാതിയിലാണ് കോടതി തീർപ്പുകൽപ്പിക്കുന്നത്. ഈ വ്യവസ്ഥ നടപ്പാകണമെങ്കിൽ ഒരു കക്ഷി തികച്ചും നിരപരാധിയായിരിക്കണം. അപരകക്ഷി വിവാഹ കുറ്റം ചെയ്തയാളുമായിരിക്കണം. വൈവാഹിക വ്യവഹാരങ്ങളിൽ അപരാധി, നിരപരാധി എന്ന ദ്വന്ദ സങ്കൽപ്പത്തിന്റെ അളവുകോൽ ആരോപിക്കാൻ സാദ്ധ്യമല്ല എന്ന് നിരവധി നിയമ വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. പ്രത്യേകിച്ച് താറുമാറായ വിവാഹ ബന്ധങ്ങളിൽ.[25] വിവാഹമോചനത്തിലെ കുറ്റ സിദ്ധാന്തത്തിൽ ഒരു വശത്ത് വിവാഹത്തിൽ പങ്കാളിയായ കുറ്റം ചെയ്ത ഒരു കക്ഷി ഉണ്ടായിരിക്കണം. മറ്റെ കക്ഷി നിരപരാധിയുമായിരിക്കണം. യാതൊരു വിധത്തിലും ആ കക്ഷി കുറ്റവാളിയായ കക്ഷിയുടെ കുറ്റത്തിൽ ഭാഗഭാക്കാകുന്നില്ല. കുറ്റ സിദ്ധാന്തം സ്ഥാപിക്കപ്പെടണമെങ്കിൽ അന്യായക്കാരൻ നിരപരാധിയായിരിക്കണം. ഇംഗ്ലീഷ് നിയമം ഇതിനായി മൂന്ന് സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. അവ ഇവയാണ്. വൈവാഹിക തടസ്സങ്ങൾ (Matrimonial bars), വിവേചനപരമായ തടസ്സം (Discretionary bars), കേവല തടസ്സം (Absolute bars), എന്നിവയാണവ. ഇത് അർഥമാക്കുന്നതെന്താണെന്ന് വെച്ചാൽ വിവാഹ തടസ്സങ്ങളിലൊന്ന് പരാതിക്കാരന് അല്ലെങ്കിൽ പരാതിക്കാരിക്ക് എതിരാണെന്ന് വന്നെങ്കിൽ കോടതി കാംക്ഷിക്കുന്ന വിവാഹമോചനത്തിനായുള്ള ന്യായങ്ങൾ സ്ഥാപിച്ചു കഴിഞ്ഞാലും അയാൾക്ക് അല്ലെങ്കിൽ അവൾക്ക് വിവാഹമോചനം ലഭിക്കണമെന്നില്ല.[26] മുൻകാല ഇംഗ്ലീഷ് നിയമത്തിൽ ക്രൂരത, വ്യഭിചാരം, ഉപേക്ഷിച്ചുപോകൽ എന്നീ മൂന്ന് സാഹചര്യങ്ങളായിരുന്നു വിവാഹ മോചനം അനുവദിക്കുന്ന കാരണങ്ങൾ. പിന്നീട് മാനസികരോഗം വിവാഹ മോചനം ചെയ്യാവുന്ന കാരണമായി ചേർക്കപ്പെടുകയാണുണ്ടായത്. വിവാഹ കുറ്റകൃത്യ സിദ്ധാന്തത്തിനോ അപരാധ സിദ്ധാന്തത്തിനോ വഴങ്ങുന്ന ഒന്നല്ല മാനസിക രോഗം. മാനസിക രോഗം ബാധിച്ച ഒരു കക്ഷിയെ അപരാധം ചെയ്തയാൾ എന്ന് വിളിക്കാൻ സാദ്ധ്യമല്ല. മാനസികരോഗം, സ്വഭാവദൂഷ്യം എന്നതിനേക്കാൾ അതൊരു നിർഭാഗ്യാവസ്ഥയാണ്. ഇതാണ് കുറ്റസിദ്ധാന്തത്തെ (Guilty

theory)അപഭ്രംശ സിദ്ധാന്തമായി (Fault theory) പുനർനാമകരണം ചെയ്യുന്നതിലേക്ക് നയിച്ച സാഹചര്യം. അവനിലോ അവളിലോ രണ്ടിലേതെങ്കിലുമൊരു കക്ഷിക്ക് എന്തെങ്കിലും പിഴവുകളുണ്ടെങ്കിൽ വിവാഹം വേർപ്പെടുത്താവുന്നതാണ്. ആ പിഴവ് ബോധപൂർവമോ വിധിവശാലോ സംഭവിച്ചതായാലും ശരി.[27]

ഇന്ത്യയിൽ 1869 ലെ ഇന്ത്യൻ ഡിവോഴ്സ് ആക്റ്റ്, 1955 ലെ ഹിന്ദു വിവാഹ നിയമം (1976 ൽ ഭേദഗതി ചെയ്തത്), 1936ലെ പാർസി വിവാഹ മോചന നിയമം, 1957 ലെ സ്പെഷൽ മാരേജ് ആക്റ്റ് തുടങ്ങി ഇന്ത്യയിലെ മിക്കവാറും വിവാഹ മോചന സംബന്ധമായ എല്ലാ നിയമവും വിവാഹ മോചനത്തിലെ കുറ്റ സിദ്ധാന്തം (Guilty Theory of Divorce ) അംഗീകരിച്ചിട്ടുണ്ട്.

ഇംഗ്ലണ്ടിലെ ആദ്യകാല നിയമവും കോമൺവെൽത്ത് രാജ്യങ്ങളിലെ നിയമങ്ങളും അമേരിക്കയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും കുറ്റ സിദ്ധാന്തം എറ്റവും ഉചിതമായ ഒരു നിയമമായാണ് പരിഗണിക്കുന്നത്.

**സമ്മതസിദ്ധാന്തം** (Consent Theory )

പടിഞ്ഞാറൻ ദേശങ്ങളിൽ അപഭ്രംശ സിദ്ധാന്തം വിവാഹ മോചനത്തിന്റെ അടിസ്ഥാനമായി സ്ഥാപിക്കപ്പെട്ടതിന് ശേഷം വിവാഹത്തിൽ പങ്കാളികളായ ഇരു കക്ഷികളിൽ ആരുടേയും കുറ്റമോ അപഭ്രംശമോ കൂടാതെ തന്നെ ചിലപ്പോഴെല്ലാം വിവാഹ ബന്ധം പരാജയപ്പെടുന്നു എന്ന് ബോധ്യപ്പെടുകയുണ്ടായി. ചിലസാഹചര്യങ്ങളിൽ വിവാഹിതരായ ദമ്പതിമാർ ഇരുവർക്കും സ്വരചേർച്ചയോടെ ദാമ്പത്യ ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ സാദ്ധ്യമാവുന്നില്ല എന്ന് ബോദ്ധ്യമാവുന്നു. അവർ മുന്നോട്ട് പോവാൻ കഠിനമായി പരിശ്രമിച്ചു നോക്കുമെങ്കിലും അവരുടെ എല്ലാ ശ്രമങ്ങളും പരാജിതമായിതീരുന്നു. അവർ മോശ പ്രകൃതമുള്ളവരോ ചീത്ത ആളുകളോ ആയതുകൊണ്ടല്ല അപ്രകാരം സംഭവിക്കുന്നത്. അവർ ശരാശരി സാധാരണമനുഷ്യരാണ് എന്തൊക്കെയോ കാരണത്താൽ ഇരുവർക്കും മുന്നോട്ടു പോകാൻ സാദ്ധ്യമാകുന്നില്ല. അത്തരം കേസുകളിൽ അവർക്കായുള്ള ബദൽമാർഗം വിവാഹ ബന്ധത്തിൽ നിന്നും മുക്തരാവുക എന്നതാണ്. പക്ഷേ അവർക്ക് അങ്ങനെ സാദ്ധ്യമാകുന്നില്ല. അപഭ്രംശ സിദ്ധാന്ത പ്രകാരം ഇരുവരിലൊരാൾ വിവാഹ നിയമത്തിന് മുമ്പിൽ കുറ്റവാളിയായി തെളിയിക്കപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ വിവാഹ ബന്ധം വേർപിരിയാനാവൂ. ഇങ്ങനെ വരുമ്പോൾ പരസ്പര സമ്മതമാണ് ഈ പ്രശ്നത്തിന് പരിഹാരം എന്ന് കണ്ടു. അതായത് വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യത്തിൽ തന്നെ വിവാഹമോചനത്തിനുള്ള സ്വാതന്ത്ര്യവും അടങ്ങിയിരിക്കുന്നു എന്ന അവകാശവാദം ഉയർന്നു വന്നു. വിവാഹം ചെയ്യാൻ ഇരുക ക്ഷികൾക്കും സ്വാതന്ത്ര്യമുള്ളതിന് തുല്യമായി അവർക്ക് ഇരുവർക്കും വിവാഹ മോചനത്തിനും സ്വാതന്ത്ര്യമുണ്ട്. കുറ്റസിദ്ധാന്തത്തിന് എതിരായി വാദം ഉയർന്നു വന്നത് പോലെ സ്വതന്ത്ര വിവാഹ മോചനത്തിനുമുള്ള വാദം ഉയർന്നു വന്നു. വിവാഹ ബന്ധത്തിലേർപ്പെട്ട കക്ഷി കൾക്ക് ആ ബന്ധത്തിൽ നിന്നും മുക്തരാവാനുള്ള സമ്പൂർണ സ്വാതന്ത്ര്യമുണ്ടെന്ന് ഈ വാദത്തിന്റെ വക്താക്കൾ ആവശ്യപ്പെട്ടു. വിവാഹം ഇരുപങ്കാളികൾ തമ്മിൽ സ്വതന്ത്രമായി ഏർപ്പെടുന്ന ഒരു കരാർ ആണെങ്കിൽ ഇരു പാർട്ടികൾക്കും തമ്മിൽ ആ കരാർ പിരിയാനുമുള്ള സ്വാതന്ത്ര്യവുമുണ്ട്. വ്യക്തികൾ കരാറിൽ ഏർപ്പെടുമ്പോൾ പിഴവുകൾ സംഭവിക്കാം. അത് പോലെ വിവാഹത്തിലും പിഴവുകൾ സംഭവിക്കാവുന്നതാണ്.[28]

ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ പറയുന്നത്, വിവാഹ മോചന സ്വാതന്ത്ര്യം വിവാഹ ജീവിതം കൂടുതൽ സന്തോഷപ്രദമായ വിവാഹ ജീവിതങ്ങൾ കൊണ്ടു വരികയും അസംതൃപ്തമായ വിവാഹ ജീവിതങ്ങൾ കുറക്കുകയും ചെയ്യും എന്നാണ്. വിവാഹമോചന സ്വാതന്ത്ര്യം ഭാര്യാഭർത്താക്കന്മാരുടെ ജീവിതം കൂടുതൽ സ്വരചേർച്ചയുണ്ടാക്കുകയും കുടുംബത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കുകയും ചെയ്യും. കാരണം അവർ അവരുടെ കാര്യങ്ങളിൽ പരിപൂർണ ശ്രദ്ധാലുക്കളായിരിക്കും. വിവാഹമോചന സ്വാതന്ത്ര്യം സിദ്ധിക്കുന്നത് മുതൽ സ്ത്രീയും പുരുഷനും വിവാഹത്തിന് നേരെ വളരെ ഗൗരവ തരമായ സമീപനം സ്വീകരിക്കാൻ നിർബന്ധിതരാകുന്നു.[29]

സോവിയറ്റ് യൂണിയനിലെ വിപ്ലവത്തിന് ശേഷം ഉടൻ തന്നെ കുടുംബ നിയമത്തിൽ ഈ നിയമം കൊണ്ടുവന്നു. പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈന, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ, ബെൾജിയം, നോർവേ, സ്വീഡൻ, ജപ്പാൻ, പോർട്ടുഗൽ, ചില ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പരസ്പര സമ്മതത്തോടു കൂടിയുള്ള വിവാഹ മോചനം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 1954 ലെ ഹിന്ദു സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1955 ലെ ഹിന്ദു മാര്യേജ് ആക്റ്റ്(1976 ൽ ഭേദഗതി ചെയ്തതിന് ശേഷം) പരസ്പരസമ്മതത്തോട് കൂടിയ വിവാഹ മോചനം അംഗീകരിക്കുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം ഉഭയ സമ്മതത്തോടെയുള്ള വിവാഹമോചനം അംഗീകരിച്ചിട്ടുണ്ട്. മുസ്‌ലിം നിയമത്തിൽ വിവാഹ പങ്കാളികൾക്ക് യാതൊരു കാരണവും പ്രതിപാദിക്കാതെ വിവാഹ ബന്ധം വേർപെടുത്താവുന്നതാണ്. ***മുബാറാത്ത്*** എന്നാണ് ഇതിന് പറയുക. ഇന്ത്യയിൽ 1937 ലെ പ്രയുക്ത മുസ്‌ലിം (ശരീഅത്ത്) നിയമം ഈ രീതിയിലുള്ള വിവാഹ മോചനം പ്രത്യേകമായി അംഗീകരിക്കുന്നുണ്ട്. മറ്റു വിഭാഗങ്ങളിലെ വ്യക്തി നിയമങ്ങളിലെ വിവാഹ മോചന നിയമവുമായി താരതമ്യം ചെയ്യുമ്പോൾ, മുസ്‌ലിം വ്യക്തി നിയമത്തിലെ പ്രത്യേകത കോടതി

ക്കതീതമായി മുസ്‌ലിം നിയമത്തിൽ വിവാഹമോചനം നടത്താമെന്നാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒരു രേഖയിൽ ഒപ്പുവെക്കുന്നതോടെ വിവാഹ ബന്ധം വേർപ്പെടുന്നു. മറ്റു യാതൊരു ചടങ്ങും ആവശ്യമില്ല. എന്നാൽ 1955 ലെ ഹിന്ദു മാര്യേജ് ആക്റ്റ്, 1954 ലെ ഹിന്ദു സ്പെഷ്യൽ മാര്യേജ് ആക്റ്റ് എന്നിവ പ്രകാരം വിവാഹ മോചനം ഒരു കോടതി പ്രക്രിയയിലൂടെ മാത്രമേ സാദ്ധ്യമാവു. രണ്ട് നിയമത്തിലും വിവാഹ കർമം നടന്നതിന് ശേഷം ഒരു വർഷം തികയാതെ വിവാഹ മോചനം ആവശ്യപ്പെടാൻ പാടില്ല. അതിലുപരിയായി ഉഭയ സമ്മത പ്രകാരമുള്ള വിവാഹ മോചന പരാതി കൊടുക്കുന്നതിന് മുമ്പായി ഭാര്യാഭർത്താക്കന്മാർ ഒരു വർഷമോ അതിലധികമോ വേർപിരിഞ്ഞ് കഴിയുകയും വേണം, മാത്രമല്ല അത്തരം പരാതികൾ ഫയലിൽ സ്വീകരിച്ചതിന് ശേഷം 6 മാസം കഴിയാതെ പരിഗണിക്കുകയില്ല. മുസ്‌ലിം നിയമത്തിൽ അത്തരം നിരോധനങ്ങളൊന്നുമില്ല.

**സമ്പൂർണമായി തകർന്ന വിവഹം വേർപ്പെടൽ**

ഒരുതരത്തിലും കൂട്ടിയോചിപ്പിക്കാൻ സാധിക്കാത്ത വിധം പരാജിതമായ വിവാഹം(break down) വിവാഹ പങ്കാളികളുടെ കുറ്റവും കുറവും നോക്കാതെ തന്നെ വേർപ്പെടുത്തേണ്ടതാണ് ആ സിദ്ധാന്തത്തിന്റെ പൊരുൾ[30] പരാജിതമായ വിവാഹം വേർപ്പെടുത്തുന്നതിലെ യുക്തിയെന്തെന്നാൽ നന്നാക്കാൻ കഴിയാത്തത് എന്താണോ അതിന് അന്ത്യമുണ്ടാകണം എന്നാണ്. വിവാഹം പങ്കാളികൾ (പഴയ സംസ്കാരങ്ങളിലുള്ളത് പോലെ) ലൈംഗിക വസ്തു എന്ന രീതിയിൽ കണക്കാക്കാതിരിക്കുകയും എന്നാൽ തുല്യപദവിയും സ്ഥാനവും യോഗ്യതയുമുള്ള സ്വതന്ത്ര പങ്കാളിത്തം എന്ന രീതിയിൽ കണക്കാക്കുകയും ചെയ്യുന്ന വിവാഹമാണെങ്കിൽ വിവാഹ ബന്ധത്തിലെ പരിഹരിക്കാൻ സാദ്ധ്യമല്ലാത്ത പരാജയം എന്ന കാരണം വിവാഹ കുറ്റം അഥവാ സ്വഭാവ ദൂഷ്യം എന്നീ കാരണങ്ങളെക്കാൾ വിവാഹ ബന്ധം വേർപിരിയാനുള്ള യഥാർഥ കാരണമാണ്. വിവാഹ കുറ്റത്തിന് ഒരു കക്ഷി കുറ്റവാളിയാണെന്ന് കോടതി മുദ്ര കുത്തുകയാണെങ്കിൽ മറുകക്ഷി കേസിലെ എല്ലാ ഘട്ടത്തിലും വിജയിക്കാനായി കേസുമായി മുന്നോട്ടു പോകുന്നതായിരിക്കും. വിവാഹമുക്തയുടെ ജീവനാംശം, കുട്ടികളുടെ കസ്റ്റഡി മുതലായവ വിവാഹ പങ്കാളികളായ കക്ഷികളുടെ അപരാധിത്വത്തെയും നിരപരാധിത്വത്തെയും ആശ്രയച്ചായിരിക്കും വിധിക്കപ്പെടുക. കുട്ടികളുടെയും ഭാര്യയുടെയും ജീവനാംശവുമായി കേസ് മുന്നോട്ടു പോകുമ്പോൾ വീണ്ടും കേസ് സങ്കീർണമാകും.[31] വിവാഹ മോചനത്തിന്റെ അപഭ്രംശ സിദ്ധാന്തം ഒരു പാട് വിമർശനങ്ങൾ ക്ഷണിച്ചു വരുത്തുന്നു. അവ ഇപ്രകാരം സംഗ്രഹിക്കാം: മിക്ക കേസുകളിലും വിവാഹ മോചനം ആവശ്യപ്പെടുന്നത് അപഭ്രംശനാത്മകമായ നിയമ പശ്ചാത്തലത്തിലായിരിക്കും. കേസിലെ ദമ്പതികളുടെ സാംസ്കാരിക പശ്ചാത്തലം, അവരുടെ സ്വഭാവഗുണങ്ങൾ, സാമൂഹിക പദവി മുതലായ സാധാരണ കക്ഷികൾ അനുശീലനം ചെയ്യപ്പെട്ട നിയമേതരമായ ഘടകങ്ങളിലായിരിക്കും കോടതി ഇടപെടൽ നടത്തുക. ഈ ഘടകങ്ങളിലുള്ള അമിതമായ ഇടപെടൽ നിയമ വിദഗ്ധരിലും പൊതുജനങ്ങളിലും ആശയക്കുഴപ്പങ്ങളും അരക്ഷിതത്വവും ഉണ്ടാക്കും. രണ്ടാമതായി സാമൂഹ്യ യാഥാർഥ്യങ്ങളേക്കാൾ കൂടുതലായി വിവാഹ സമ്പ്രദായത്തിന്റെ പാരമ്പര്യവും മാമൂലുകൾക്കുമനുസൃതമായിട്ടാണ് നമ്മുടെ കോടതികൾ വിവാഹ മോചനത്തിന്റെ നിയമ പശ്ചാത്തലം വ്യാഖ്യാനിക്കുന്നത്. പലപ്പോഴും ഇത് വ്യക്തിയുടെ സന്തോഷവും അടിസ്ഥാന സ്വാതന്ത്ര്യവും ബലികഴിച്ചിട്ടായിരിക്കും നിർവഹിക്കപ്പെടുക. മൂന്നാമതായി വിവാഹ പങ്കാളികളിലെ അന്യായക്കാരനേയും പ്രതിയേയും നിശ്ചയിക്കാൻ കോടതി മാപ്പ് കൊടുക്കേണ്ടതിന്റെ സാദ്ധ്യത ആരായേണ്ടതുണ്ട്. അതായത് വിട്ടുവീഴ്ച്ചാ, ശത്രുത പുലർത്തുന്ന വിവാഹ പങ്കാളികളെ രഞ്ജിപ്പിക്കൽ മുതലായവ. മാപ്പ് നൽകപ്പെട്ട വിവാഹ പങ്കാളി വീണ്ടും വിവാഹ സംബന്ധമായ കുറ്റം ചെയ്താൽ കേസ് വീണ്ടും സങ്കീർണമാകും. നാലാമത്തെ പ്രശ്നം അപരാധിത്വം തെളിയിക്കുന്ന തെളിവിന്റേതാണ്. ഉദാഹരണമായി ഭാര്യയുടെ ചാരിത്രം അക്രമണത്തിന് വിധേയമാക്കപ്പട്ടു എന്നിരിക്കട്ടെ അപ്പോൾ കോടതി വലിയ തോതിൽ സാഹചര്യ തെളിവിനെയാണ് ആശ്രയിക്കുക. ഇത്തരം തെളിവുകളിൽ അമിതമായ ഊന്നൽ നൽകുമ്പോൾ നീതിയുടെ താൽപര്യങ്ങൾക്ക് ഗുരുതരമായ ഭംഗംനേരിട്ടേക്കാം. അഞ്ചാമതായി അപഭ്രംശാത്മകമായ വിവാഹ മോചന സമ്പ്രദായത്തിൽ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ട് പ്രതിയോഗിയായ വിവാഹ പങ്കാളിയെ പീഢിപ്പിക്കാൻ ശ്രമിച്ചേക്കാം എന്ന വിമർശനം ചിലപ്പോൾ ഉന്നയിക്കാറുണ്ട്. ആറാമതായി മിക്ക വിവാഹ മോചന കേസുകളും മുൻകൂട്ടി നിശ്ചയിച്ചതാണ്. ഇത് കക്ഷികളെ അസംബന്ധ ജഡിലവും സാങ്കൽപ്പികവുമായ സാഹചര്യത്തിലേക്ക് തള്ളിവിടും.[32] പാരമ്പര്യമായുള്ള കുറ്റസിദ്ധാന്തത്തിലെ അപര്യാപ്തതകൾ അവസാനമായി വിവാഹ മോചനത്തിന് അപഭ്രംശമില്ലാത്ത വ്യവസ്ഥയിലേക്ക് അല്ലെങ്കിൽ വീണ്ടെടുക്കാൻ കഴിയാത്ത വിവാഹപരാജയ സിദ്ധാന്തത്തിലേക്ക് നയിക്കും.

ഇസ്‌ലാമിലെ വിവാഹ മോചന നിയമത്തിന്റെ ഏറ്റവും സവിശേഷമായ പ്രത്യേകത എന്താണെന്ന് വെച്ചാൽ വിവാഹം വീണ്ടും കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത വിധം പരാജയപ്പെട്ടാൽ കോടതിക്ക്

പുറത്ത് വെച്ച് ഭാര്യക്കും ഭർത്താവിനും വിവാഹ മോചനത്തിന് അനുവദിക്കുന്നുവെന്നാണ്. യഥാർഥത്തിലുള്ള ഇസ്‌ലാമിക നിയമം ഇപ്പോഴത്തെ വിവാഹ മോചനത്തിലെ പരാജയ സിദ്ധാന്തത്തെ (Break down theory of divorce) പ്രതിനിധീകരിക്കുന്നു. ഖുർആൻ യാതാരു വിധ വിവാഹ കുറ്റങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടില്ല. വിവാഹത്തിൽ നിന്നുള്ള മോചനം ലഭിക്കാൻ പ്രവാചകൻ എന്തെങ്കിലും രീതിയിലുള്ള തടസ്സം സ്ഥാപിച്ചിട്ടില്ല. വിവാഹ പാരാജയത്തെ തുടർന്നുള്ള ആധുനിക വിവാഹ മോചന സിദ്ധാന്തത്തിൽ വിവാഹ മോചനത്തിന്റെ കാരണങ്ങൾ ആരാഞ്ഞു കൊണ്ട് കോടതിക്ക് ചികഞ്ഞ് പോകേണ്ട ആവശ്യമില്ല.ഇസ്‌ലാം വിവാഹ മോചനങ്ങൾക്ക് നയിക്കുന്ന ദാമ്പത്യ പ്രശ്നങ്ങൾ കോടതിയിലേക്ക് വലിച്ചിഴക്കാൻ ആഗ്രഹിക്കുന്നില്ല.[34] വിവാഹ പരാജയത്തെ തുടർന്നുള്ള യൂസ്ഫ് റാവുത്തർ V. സൂറമ്മ കേസിൽ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ പറയുന്നത്:

ഇസ്‌ലാമിൽ കുടുംബ ജീവിതത്തിന്റെ പവിത്രത അംഗീകരിക്കപ്പെട്ടതാണ്. വിവാഹ മോചന പശ്ചാത്തലത്തിൽ ദമ്പതിമാർ തമ്മിലുള്ള കടുത്ത പൊരുത്തമില്ലായ്മയോടെ കലഹ സാന്ദ്രമായി കഴിയുന്ന അത്തരം ദാമ്പത്യത്തിന് കൽത്തുറുങ്കാണ് നൽകേണ്ടത്. അത്രമാത്രം അത് വെച്ച് പൊറുപ്പിക്കാൻ കഴിയാത്തതാണ്. റോസാപുഷ്പങ്ങളൊന്നുമില്ലാതെ വെറും കാരമുള്ളുകൾ മാത്രമാണെന്ന് വന്നാൽ നല്ലത് അത് ദൂരേക്ക് വലിച്ചെറിയുകയാണ്. ഈ സാഹചര്യം ദാമ്പത്യകുറ്റത്തിന്റേതല്ല. തികഞ്ഞ വിദ്വേഷഭരിതമായ വികർഷണത്തിന്റേതാണ്.' അദ്ദേഹം കൂട്ടിച്ചേർക്കുന്നു. 'ഇന്ത്യ അത്യാന്താധുനികമായി സ്വീകരിച്ചതും എന്നാൽ 'അപഭ്രംശ' (Fault) ത്തിന് പകരം വിവാഹ 'പരാജയ' (Breakdown) ത്തിലെയുക്തിപരമാം വിധം യാഥാർഥ ബോദ്ധ്യത്തോടുകൂടിയ ഒരേയൊരു വിവാഹ നിയമം ഇസ്‌ലാമിന്റെതാണ്. പുതുതായി രൂപപ്പെട്ടു വരുന്ന ഇന്ത്യൻ കുടുംബ നിയമത്തിന് അതിൽ നിന്നും ലഭിക്കുന്ന നേട്ടം അപ്രതീക്ഷിതമാം വിധം വലുതാ യിരിക്കും..[36]

*REFERENCE*

24 *Supra* note 19 at p.47. 25 Subash Chandra Singh, "Divorce without Predication of Guilt: Trends and Issues", *AIR Journal 105* (1994). 26 *Supra* note 21 at p.24. 27 Ibid. 28 *Supra* note 26 at p.27. 29*Id.* at 28. 30 *Id.* at 33. 31 *Supra* note 25 at p. 105 32 *Id*. at 106. 33 *Id.* at 106-8. 34 Tahir Mahmood, *The Muslim Law of India 88* (Butterworths, New Delhi, 3rd edn. 2002). 35 AIR 1971 Kerala 261. 36 V.R.Krishna Iyer, "Reforms of Muslim Personal Law", in Tahir Mahmood (ed), *Islamic Law in Modern India*, New 30 (Indian law Institute, New Delhi, 1972).

---

പേജ് 9 ൽ നിന്ന് തുടർച്ച

അദ്ദേഹം നമ്മെ മുൻഗാമികളുമായിട്ട് ബന്ധപ്പെടുത്തി. യാസിർ കുടുംബത്തിന്റെ ജീവൻ അല്ലാഹുവിന്റെ വഴിയിൽ അർപിക്കപ്പെട്ടത് 14 നൂറ്റാണ്ടുകൾക്കു മുമ്പേയായിരുന്നു. അത് ഇന്നും വിശ്വാസത്തിൽ അടിയുറച്ചു നില്ക്കുമെന്നുള്ള പ്രതിജ്ഞയെടുക്കാൻ നമ്മെ ഓർമിപ്പിക്കുന്നു. 14 നൂറ്റാണ്ടുകൾക്കുമുമ്പേ ഹദ്റത്ത് ബിലാൽ(റ)ബുദ്ധിമുട്ടുകളെല്ലാം സഹിച്ചുകൊണ്ട് അഹദ്, അഹദ് എന്നു വിളിച്ചു പറഞ്ഞത്, എല്ലാ എതിർപ്പുകളേയും സഹിച്ചു കൊള്ളുക എന്ന പാഠം നല്കി അതിന്റെ യഥാർഥ ലക്ഷ്യ സ്ഥാനത്തെത്താൻ നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. ഈ അക്രമങ്ങളൊക്കെ ഉണ്ടെങ്കിലും തൗഹീദിന്റെ ശബ്ദം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതിന് -അതിന്റെ സ്ഥാപനം അതിനുള്ള പരിശ്രമം ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന വിധിക്കപ്പെട്ടിട്ടുള്ളതാണ്- മങ്ങലേൽക്കാൻ ഒരിക്കലും നമ്മൾ അനുവദിക്കുകയില്ല. ഇൻശാ അല്ലാഹ്. മുൻകഴിഞ്ഞവർ എത്രയോ ത്യാഗങ്ങൾ സഹിച്ചു. നമുക്ക് അതിന്റെ പത്തിലൊന്നുപോലും സഹിക്കേണ്ടി വന്നിട്ടില്ല. 'വിജയം നിങ്ങൾക്കു വിധിക്കപ്പെട്ടിരിക്കുന്നുവെന്ന്' നബി(സ)തിരുമേനി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് സുവിശേഷം നല്കിയിരിക്കുന്നു. അല്ലാഹുവിൽനിന്ന് അറിവുനേടി ഹദ്റത്ത് മസീഹ് മൗഊദ്(അ)അത് നമ്മെ അറിയിച്ചിരിക്കുന്നു. ഇൻശാഅല്ലാഹ് ഈ വിജയം നമുക്ക് ലഭിക്കേണ്ടതുണ്ട്. ആ വിജയം കരസ്ഥമാക്കാൻ അല്ലാഹുവുമായി സത്യമായ ബന്ധം സ്ഥാപിക്കുകയും അവനുമായി ചേർന്നു നില്ക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ജോലി. അല്ലാഹുവിന്റെ വാക്കുകൾ എപ്പോഴും ഓർക്കുക, **വഅ്തസ്വിമൂ ബില്ലാഹ് -ഹുവ മൗലാക്കും ഫനിഅ്മൽ മൗലാ വ നിഅ്മന്നസ്വീർ** (ഹജ്ജ്: 79) അല്ലാഹുവിനെ മുറുകെ പിടിക്കുക, അവൻ നിങ്ങളുടെ യജമാനനാകുന്നു. അവൻ എത്ര നല്ല യജമാനൻ! എത്ര നല്ല സഹായകൻ!

അല്ലാഹുവിന്റെ സഹായവാഗ്ദാനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ അവൻ എപ്പോഴും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. പാകിസ്താനിലും മറ്റു ചില രാജ്യങ്ങളിലും അതിക്രമങ്ങൾ നടന്നു വരുന്നുണ്ട്. ഇതൊരുനാൾ കാറ്റിൽ പാറിപ്പോകുന്നതാണ്. നമ്മൾ അല്ലാഹുവിന്റെ കോന്തല എപ്പോഴും മുറുകെ പിടിക്കുക. അതൊരിക്കലും വിട്ടു കളയരുത്. അല്ലാഹുവിനോടുള്ള നമ്മുടെ കൂറിൽ ഒരു തരത്തിലുള്ള കുറവും വരാൻ പാടില്ല. നമ്മുടെ വിശ്വാസം ബലഹീനമാകാനും അനുവദിക്കരുത്. പ്രാർഥനയിലും കുറവു വരുത്തരുത്. ഇതാണ് നമ്മുടെ വിജയത്തിനുള്ള മാർഗം. അതിന് അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

വിവ: മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

# എട്ടു പതിറ്റാണ്ടുകൾക്ക്മുമ്പ് നടന്ന ഒരു മതസംവാദം- 2

അഹ്മദിയ്യാ മുബല്ലിഗ് ആയിരുന്ന ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ യും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആചാര്യ പണ്ഡിതനായ ഇ. കെ മൗലവിയും തമ്മിൽ എഴുത്ത് മുഖേന നടന്ന സംവാദത്തിന്റെ രണ്ടാം ഭാഗം. സമ്പാ: ഹബീബ്, മാഹി.

**ഇ. കെ മൗലവി സാഹിബിന്റെ കത്ത്.**

മാന്യരെ,

താങ്കളുടെ കത്ത് 19.11. 27 നു കൈപറ്റി, നന്ദി പറഞ്ഞുകൊള്ളുന്നു. മിർസാ സാഹിബിന്റെ ഓരോ പുസ്തകം വയിച്ചതിന് ശേഷം അതിൽ നിന്നുണ്ടാകുന്ന സംശയങ്ങളെപറ്റി ചോദ്യോത്തരം നടത്തു ന്നത് അധികം നന്നായിരിക്കുമെന്ന് എനിക്കഭിപ്രായമില്ല എന്തുകൊണ്ടെന്നാൽ ഒരു പുസ്തകം വായിച്ച് അവസാനിപ്പിക്കുമ്പോൾ അതിൽ പല സംശയ ങ്ങളുമുണ്ടായേക്കാം അതിനെക്കുറിച്ചെല്ലാം ചോദ്യോത്തരം നടത്തുന്നതായാൽ നാം ആരംഭിച്ച രീതിയിൽ വിവാദം നടത്തുന്നതിലധിക കാലവിളംബം നേരിടുന്നതാണ്. അതുകൊണ്ട് നാം ഇപ്പോൾ ആരംഭിച്ച രീതിയിൽ തന്നെയാണ് വിവാദം നല്ലത് എന്നാണ് എന്റെ അഭിപ്രായം

'ഓരോ പ്രത്യേക സംഗതിയെക്കുറിച്ച് ചോദ്യോ ത്തരം നടത്തണമെന്ന് അവസാനമായി താങ്കൾ ആവശ്യപ്പെട്ടുകാണുന്നു. എന്നാൽ ഞാൻ അങ്ങനെ തന്നെയാണ് ചോദ്യം ചെയ്തിട്ടുള്ളത്. മിർസാ സാഹിബിനെപറ്റിയല്ലാതെ ഞാനൊന്നും ചോദിച്ചിട്ടില്ല. പക്ഷേ അത് പല ശാഖകളായി തീർന്നെന്നേയുള്ളൂ. 'ഈസാ നബിയുടെ മരണം, അദ്ദേഹത്തിന്റെ രണ്ടാം വരവ് 'എന്നീ രണ്ട് സംശയങ്ങളാണ് താങ്കൾ ഉദാഹരണങ്ങളായി കാണിച്ചിട്ടുള്ളത്. രണ്ടു വിഷയങ്ങളിലും എനിക്ക് വല സംശയങ്ങളുമുണ്ടെങ്കിൽ താങ്കളുടെ വിലയേറിയ സമയത്തെ വ്യയംചെയ്യാതെ ഞാൻ വേറേ വിധത്തിൽ നിവർത്തിമാർഗം അന്വേഷിച്ചു കൊള്ളാം. ചുവടെ കുറിക്കുന്ന ചോദ്യങ്ങൾക്ക് കൂടി മറുപടി തന്ന് എന്റെ സംശയങ്ങൾക്ക് നിവൃത്തി യുണ്ടാക്കിത്തരണമെന്നപേക്ഷ

1) ഒന്നാം മറുപടിയിൽ പറഞ്ഞ പ്രകാരം സത്യം വെളിപ്പെടുത്താനായി മിർസാ സാഹിബ് കാണിച്ച ആദിവ്യാടയാളങ്ങൾ എന്തൊക്കെയാണ്.?

2) മിർസാ സാഹിബ് യഥാർഥ നബി ആണെന്ന് നിങ്ങൾ വിശ്വസിക്കുന്ന സ്ഥിതിക്ക് 'റസൂലുല്ലാഹി വ ഖാത്തമന്നബിയ്യീൻ' എന്ന ഖുർആൻ വാക്യത്തിന്നും 'ലാ നബിയ്യ ബഅ്ദീ' എന്ന നബി കരീം (സ) ന്റെ തിരുവചനത്തിന്നും നിങ്ങൾ എന്തു അർഥമാണ് പറയുന്നത്?

3) കഴിഞ്ഞ കത്തിലെ മൂന്നാം ചോദ്യത്തിൽ 'ഒരു സാധാരണ മനുഷ്യൻ മാത്രമാണ്' എന്നു ഞാൻ എഴുതിയത്, അദ്ദേഹം തന്റെ വാദങ്ങളിൽ അസത്യ വാനാകുന്നു എന്ന അർഥത്തിലല്ല ഒരു യഥാർഥ നബിയല്ല എന്ന അർഥത്തിലാണ് അങ്ങനെ വിശ്വസിക്കുന്നവരെ ക്കുറിച്ചുള്ള നിങ്ങളുടെ അഭി പ്രായമെന്താണെന്ന് തുറന്ന് പറയണം

അവസാനമായി ഒരു സംഗതി താങ്കളെ ഉണർത്തിച്ചു കൊള്ളുന്നു. ഖുർആനിലോ ഹദീസിലോ വ്യക്ത മായി പറഞ്ഞിട്ടുള്ള ഒരു സംഗതിയെ മറ്റേതെങ്കിലും ഒരു സൂചനകൊണ്ട് അന്യഥാ വ്യാഖ്യാനിക്കരുതെന്നതാണ് ആ സംഗതി. 'ഇൽമുൽ ഉസൂൽ' പ്രകാരം അങ്ങനെയുള്ള വ്യാഖ്യാനം സാധു കരിക്കത്തക്കതല്ലെന്നു താങ്കളും സമ്മതിക്കുമല്ലോ. മറുപടി പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നു

എന്ന് വിനീത സഹോദരൻ

ഇ. കെ. മൗലവി (ഒപ്പ്)

**ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിന്റെ മറുപടി.**

***ബിസ്മില്ലാഹിർറഹ്മാനിർറഹീം നഹ്മദുഹു വ നുസല്ലി അലാ റസൂലിൽ കരീം.***

മാന്യരെ, താങ്കളുടെ 22-11-27 ലെ കത്തു യഥാസമയം കിട്ടിയിരുന്നു. ഗൃഹസംബന്ധമായ ജോലികളിലും മറ്റും ഏർപ്പെട്ടു പോയിരുന്നത് കൊണ്ട് ഇതിന്ന് മുമ്പ് മറുപടി എഴുതി അയക്കുവാൻ എനിക്ക് സാധിക്കാതെ വന്നുപോയതിന്ന് ക്ഷമാപണം ചെയ്തു കൊള്ളുന്നു.

ഹദ്റത്ത് മിർസാ സാഹിബിന്റെ വാദങ്ങൾ സത്യമാണോയെന്ന് പരിശോധിക്കുന്നതിനായിട്ടാണ് താങ്കൾ ഉദ്ദേശിച്ചതെന്ന് താങ്കളുടെ കത്തിൽനിന്നു ഗ്രഹിച്ചതു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെയോ

ഖലീഫമാരുടെയോ ഗ്രന്ഥങ്ങൾ വായിക്കുന്നത് ഉദ്ദേശ്യസാദ്ധ്യത്തിന്ന് എളുപ്പമായിരിക്കുമെന്ന് ഞാൻ എഴുതിയിരുന്നത്. ഏതു വാദിയുടെയും സത്യത്തെ പരിശോധിപ്പാനുള്ള ഉത്തമ മാർഗം അവരുടെയോ പ്രതിപുരുഷന്മാരുടെയോ കൃതികൾ വായിച്ചു നോക്കുക തന്നെയാണ്. അവരെ പോലെ അവരുടെ വാദങ്ങളെ അത്രക്ക് പ്രതിഫലിപ്പിക്കാൻ മറ്റുള്ളവർക്ക് പ്രയാസമായിരിക്കും. ഇത് ഹദ്റത്ത് മിർസാസാഹിബിനെയെന്നല്ല സകല ദിവ്യപ്രവാചകന്മാരെയും ഒരുപോലെ ബാധിക്കുന്നതും ചിന്തകന്മാർക്ക് സമ്മതിപ്പാതിരിക്കാൻ നിവർത്തിയില്ലാത്തതുമായ ഒരു പൊതുനിയമമാകുന്നു. ഹദ്റത്ത് മിർസാ സാഹിബിന്റേയോ പ്രതിപുരുഷന്മാരുടെയോ ഗ്രന്ഥങ്ങൾ സത്യം അറിയണമെന്ന ഉദ്ദേശ്യത്തോട് കൂടി നിഷ്പക്ഷ ബുദ്ധിയോടുകൂടി വായിക്കുന്നതായാൽ പക്ഷേ പത്തു സംശയങ്ങൾ ഉണ്ടായേക്കാമെങ്കിലും അത്തരം ആറു സംശയങ്ങൾക്ക് നിവാരണമുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. കാലവിളംബം നേരിടാനിരിക്കുന്നതായ ചോദ്യങ്ങൾ അന്യോന്യം നടത്തപ്പെടുന്ന കത്തുകളിൽ നിന്നും ഉണ്ടാകാനാണ് അധികം സംഗതിയുള്ളത്. സത്യം വെളിപ്പെടണമെന്ന പരിപാവനമായ ഉദ്ദേശ്യത്തോടുകൂടിയാണ് താങ്കൾ ഈ ചോദ്യോത്തരത്തിന് ഇറങ്ങി പുറപ്പെട്ടതെന്നുള്ള താങ്കളുടെ പ്രസ്താവനക്ക് ശേഷം കേവലം വിരുദ്ധമായ തരത്തിൽ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ വായിച്ച് നോക്കി ചോദ്യാത്തരം നടത്തുന്നത് നന്നായിരിക്കയില്ലെന്ന് താങ്കൾ അഭിപ്രായപ്പെട്ടുകാണുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു ഓരോ പ്രത്യേക സംഗതിയെക്കുറിച്ച് ചോദ്യോത്തരം ചെയ്യുന്നത് നന്നായിരിക്കുമെന്ന് ഞാൻ എഴുതിയതിനെ പറ്റി *'ഞാൻ അങ്ങനെയാണ് ചോദ്യം ചെയ്തിട്ടുള്ളത് മിർസാ സാഹിബിനെപറ്റിയല്ലാതെ ഞാനൊന്നും ചോദിച്ചിട്ടില്ല പക്ഷേ അത് പല ശാഖകളായി തീർന്ന്വെന്നേയുള്ളൂ'* എന്നിപ്രകാരം താങ്കൾ സമാധാനം പറഞ്ഞു കാണുന്നു. താങ്കളുടെ ചോദ്യങ്ങൾ പല ശാഖകളെ സംബന്ധിക്കുന്നതായത് കൊണ്ട് തന്നെയാണ് ഓരോ പ്രത്യേക സംഗതിയെ കുറിച്ചു ചോദ്യാത്തരം നടത്തേണ്ടതാണെന്ന് ഞാൻ പറഞ്ഞിട്ടുള്ളത്. ചോദ്യങ്ങളെല്ലാം ഹദ്റത്ത് മിർസാ സാഹിബിനെ സംബന്ധിക്കുന്നതായത് കൊണ്ട് അതുകളെല്ലാം ഒരേ വിഷയത്തെക്കുറിക്കുന്നത് തന്നെയാണെന്ന് താങ്കൾ അർഥമാക്കുന്നത് അത്ഭുതാവഹം തന്നെ! ഇസ്‌ലാമിനെക്കുറിച്ച് പല ശാഖകളായി ചോദ്യം ചെയ്യുന്ന ഒരാളോട് ഓരോ പ്രത്യേക സംഗതിയെക്കുറിച്ചും ക്രമാനുസൃതം ചോദ്യാത്തരം നടത്തി തീർപ്പ് വരുത്തേണമെന്ന് പറഞ്ഞാൽ എല്ലാം ഇസ്‌ലാമിനെ സംബന്ധിക്കുന്നതാകയാൽ ഒരേ വിഷയം തന്നെയാണെങ്കിലും ചോദ്യം പല ശാഖകളാണെന്ന ഭേദമേയുള്ളു വെന്നു മുള്ള മറുപടി പറയുന്നത് പോലെയല്ലേ താങ്കളുടെയും സമാധാനം? ഈസാ നബി(അ) മരിച്ചു പോയിരിക്കുന്നുവെന്നും അദ്ദേഹം ഇനി മടങ്ങി വരികയില്ലെന്നും ഹദ്റത്ത് മിർസാ സാഹിബ് വാദിച്ചിട്ടുള്ളത്കൊണ്ട് ആ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും അദ്ദേഹത്തെ സംബന്ധിക്കുന്ന താകയാൽ അതുകളെല്ലാം ഒരേവിഷയം തന്നെയെന്ന് വല്ലവനും ശഠിക്കുന്നതാകയാൽ അതും ന്യായമായിരിക്കുമോ?

താങ്കൾ പറയുന്നത് പോലെ 'ഈസാ നബിയുടെ മരണം, അദ്ദേഹത്തിന്റെ രണ്ടാം വരവ് എന്നീ രണ്ട് സംഗതികൾ' മാത്രമല്ല വാദ വിഷയങ്ങൾ ഉദാഹരണമായി ഞാൻ കാണിച്ചിട്ടുള്ളത്. ഹദ്റത്ത് മിർസാ സാഹിബിന്റെ സത്യത മൂന്നാമതായും പ്രസ്താവിച്ചിട്ടുണ്ട്. ഈ മൂന്നു സംഗതികളെയും അനുക്രമം വാദവിഷയമായെടുപ്പാൻ ഞാനാവശ്യപ്പെട്ടതു, ഈസാ നബി(അ) മരിച്ചു പോയിരിക്കുന്നുവെന്നും അദ്ദേഹം ഇനി മടങ്ങി വരികയില്ലെന്നും വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് താനാണെന്നും ഹദ്റത്ത് മിർസാ സാഹിബ് വാദിച്ചിരിക്കുന്നതിനാലും, ഈ ക്രമമനുസരിച്ച് ചോദ്യോത്തരം നടത്തുന്നതായാൽ സത്യാന്വേഷികൾക്ക് യാഥാർഥ്യം ഗ്രഹിക്കാൻ കൂടുതൽ എളുപ്പമുള്ളതിനാലുമത്രേ, ഈസാ നബി(അ)യുടെ മരണത്തെയും അദ്ദേഹത്തിന്റെ രണ്ടാം വരവിനെയും സംബന്ധിച്ചുള്ള സംശയങ്ങൾക്ക് വേറേ നിവർത്തി മാർഗം നോക്കിക്കൊള്ളാമെന്നാണ് താങ്കൾ പറയുന്നത്. എന്നാൽ മൂന്നാമത്തെ വിഷയമായ മിർസാസാഹിബിന്റെ സത്യത അറിയാനുള്ള ഉത്തമ മാർഗം അദ്ദേഹത്തിന്റേയോ പ്രതിപുരുഷന്റേയോ ഗ്രന്ഥങ്ങൾ വായിക്കുകതന്നെയാണ്. വലിയ ഗ്രന്ഥങ്ങളിൽ അടക്കേണ്ട ഈ വിഷയത്തെ കത്തുകളിൽ അടക്കണമെങ്കിൽ അത്ര വലിയ കത്തുകൾ എഴു തേണ്ടിവരുന്നതാണ്. ഈ വിഷയത്തിൽ മഹാന്മാർ എഴുതിയ ഗ്രന്ഥങ്ങൾ സുലഭങ്ങളായിരിക്കെ അതിനെക്കുറിച്ച് ദീർഘദീർഘങ്ങളായ കത്തുകളെഴുതി ബുദ്ധിമുട്ടേണ്ട ആവശ്യമില്ലല്ലോ. റസൂൽ കരീമി(സ)ന്റെ സത്യതയെക്കുറിച്ച് പ്രതി പാദിക്കുന്നതിന്നായി തിരുമേനി(സ) താനോ ഖലീഫമാരോ മറ്റാരെങ്കിലും വിദ്വാന്മാരോ എഴുതിയ ഗ്രന്ഥങ്ങളുണ്ടെന്ന് വരികിൽ സത്യാന്വേഷികൾക്ക് തിരുദൂതരുടെ സത്യം ഗ്രഹിപ്പാനുള്ള ഉത്തമവും സുഗമവുമായ മാർഗം ആ ഗ്രന്ഥങ്ങളെ പാരായണം ചെയ്യുകയാണെന്ന് ആരും സമ്മതിക്കുന്ന ഒരു സംഗതിയാണ്. അത്കൊണ്ട് തന്നെയാണ് ഹദ്റത്ത് മിർസാ സാഹിബിന്റെ വാദങ്ങളെ സത്യത അറിവാനായിട്ട് അദ്ദേഹത്തിന്റെയോ പ്രതിപുരുഷന്മാരുടെയോ കൃതികൾ വായിച്ച് നോക്കേണമെന്ന് ഞാൻ താങ്കളോട് ആവശ്യപ്പെട്ടിരുന്നു.

എന്റെ കത്തിലെ നിശ്ചയത്തിനെതിരായി വിഷയക്രമം തെറ്റി താങ്കൾ വീണ്ടും ചെയ്തിരിക്കുന്ന ചോദ്യങ്ങൾക്ക് സമാധാനം പറയാൻ ഞാൻ ബാദ്ധ്യസ്ഥനാകുന്നില്ലെങ്കിലും അതുകൾക്ക് ചുരുക്കത്തിൽ ഒരു മറുപടി പറയാമെന്ന് കരുതുന്നു.

1. ഇസ്‌ലാം മതത്തിന്റെ സത്യത്തെവെളിപ്പെടു

ത്താനായി ഹദ്റത്ത് മിർസാ സാഹിബ് കാണിച്ചിട്ടുള്ള ദിവ്യ അടയാളങ്ങളെ ഒരു കത്തിൽ വിവരിപ്പാൻ അസാദ്ധ്യമാണ്. ഇസ്ലാം ജീവനുള്ള മതമാണെന്നും അതിന്റെ ജീവലക്ഷണം അദ്ദേഹം താൻ തന്നെ യാണെന്നും ഹദ്റത്ത് മിർസാ സാഹിബ് വാദിക്കുകയും അതിന്റെ പ്രവചനം പ്രാർഥനാ ഫലം മുബാഹല തുടങ്ങിയുള്ള ദിവ്യ അടയാളങ്ങളാൽ തെളിയിച്ചു കാണിക്കുകയും ചെയ്തിരിക്കുന്നു. ഇസ്ലാം മതം മുഖേന മാത്രമേ ദൈവ പ്രസാദമുണ്ടാകുകയും അവന്റെ മധുര ഭാഷണം ലഭിക്കുകയും ചെയ്യുകയുള്ളുവെന്ന് അദ്ദേഹം വാദിക്കുകയും ദൃഷ്ടാന്തത്തിന് തനിക്ക് ദൈവത്തിന്റെ പക്കൽ നിന്നുണ്ടായ വചനങ്ങളെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.. സംഭവിക്കാനിരിക്കുന്ന പല ഗൗര കാര്യങ്ങളെയും കുറിച്ച് അദ്ദേഹം ചെയ്ത പ്രവചനങ്ങൾ ക്ലിപ്ത കാലത്തിൽ പൂർത്തിയായിട്ടുണ്ട്. ഇതര മതസ്ഥരിൽ ദൈവ പ്രസാദം ലഭിച്ചിരിക്കുന്ന വരുണ്ടെങ്കിൽ തന്റെ എതിരിൽ വരാനായി അദ്ദേഹം അവരെ ആഹ്വാനം ചെയ്യുകയും ദൈവത്തിന്റെ വരപ്രസാദത്തിന്ന് പാത്രമാക്കി ചെയ്വാൻ ഇസ്ലാം മത മല്ലാതെ മറ്റു യാതൊരു മതവും പര്യാപ്തമല്ലെന്നും ഇക്കാലത്ത് ഈ ഭാഗ്യത്തിന്ന് പാത്രമായിരിക്കുന്നത് ഇസ്ലാം മത പ്രതിനിധിയായ താൻ മാത്രമാണെന്ന് അദ്ദേഹം വാദിക്കുകയും അപ്രകാരം തെളിയിക്കുകയും ചെയ്തു. ഇസ്ലാം മതത്തിന് സത്യത്തെ സ്വമാതൃകകളാൽ തെളിയിച്ചു കാണിക്കുകയും ദിവ്യവെളിപാടിനെ നിഷേധിക്കുന്നവരിൽ ആരെങ്കിലും തന്റെ അടുക്കൽ ചെന്നു താമസിക്കുന്നതായാൽ അതിന്റെ തെളിവിലേക്ക് അനുഭവ സാക്ഷ്യം കൊടുക്കാമെന്നും വീരവാദം ചെയ്കയും അതിൻ പ്രകാരം ആ പരമാർഥത്തെ അനുഭവ രൂപേണ ഇതരമത സ്ഥരിൽ വെളിപ്പെടുത്തി കൊടുക്കുകയും ചെയ്ത് ഒരാളായിരുന്നു ഹദ്റത്ത് മിർസാ സാഹിബ് എന്ന വാസ്തവം മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി പോലും സമ്മതിച്ചിട്ടുള്ളതാണ്. ഇസ്ലാം സത്യമതമെന്ന് തെളിയിക്കുന്നതിന്ന് പുറമെ അദ്ദേഹം ഒരു സത്യവാദിയാണെന്ന്കൂടി വെളിപ്പെടുത്തുന്ന ഒരു അടയാളമാണിത്. ഒരു സത്യാന്വേഷിക്ക് ഇസ്ലാം സത്യമതമാണെന്നും ഹദ്റത്ത് മിർസാ സാഹിബ് ഒരു സത്യവാദിയാണെന്നും ഗ്രഹിക്കുവാൻ ഈയ്യൊരു സംഗതി തന്നെ മതിയായതാണ്. എന്തെന്നാൽ അസത്യമാർഗത്തെ പിൻ പറ്റുകയും കള്ളവാദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരാളിൽ സർവ ശക്തനും സർവജ്ഞനുമായ ദൈവം തന്റെ അനുഗ്രഹത്തെ ചൊരിയുകയും അയാൾ മുഖേന തന്റെ അഭീഷ്ടത്തെ വെളിപ്പെടുത്തുകയും തന്റെ വചനങ്ങളെ പൂർത്തിയാക്കുകയും ചെയ്യുക എന്നത് ഒരിക്കലും സംഭാവ്യമല്ല.

ഇസ്ലാമിനെ അന്യായമായി ആക്ഷേപിക്കുകയും റസൂൽ തിരുമേനി(സ)യെ അവഹേളിക്കുകയും ചെയ്യുക എന്നതു സ്വസമുദായ ചിഹ്നമായി വരിച്ചിരിക്കുന്ന ആര്യസമാജത്തിന്റെ ഒരു നേതാവും ഇസ്ലാമിനെയും നബിതിരുമേനി(സ)യേയും വളരെയധികം ആക്ഷേപിച്ച ആളുമായ പണ്ഡിറ്റ് ലേഖ്രാമിനെ ഹദ്റത്ത് മിർസാ സാഹിബ് നേരിടുകയും ഇസ്ലാം മതത്തിന്റെ സത്യത്തെ പ്രമാണങ്ങളും യുക്തി ന്യായങ്ങളാലും അയാൾക്ക് തെളിയിച്ചു കാണിക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാതിരുന്ന ലേഖ്റാം പരിശുദ്ധ നബി(സ)യേയും പരിശുദ്ധ ഖുർആനിനേയും പൂർവാധികം ശക്തിയായി ആക്ഷേപിക്കുകയും തനിക്കൊരടയാളം കാണിച്ചുകൊടുപ്പാൻ ആവശ്യപെടുകയും ചെയ്തു തുടങ്ങി. അതിനായിട്ട് ഹദ്റത്ത് മിർസാ സാഹിബ് ദൈവത്തോട് പ്രാർഥിക്കുകയും ഇസ്ലാം മതസത്യത്തിലേക്ക് ഒരു സാക്ഷിയായിരിക്കുമാറ് അത്ഭുതകരമായ രീതിയിൽ ലേഖ്റാം ആറു കൊല്ലത്തിനുള്ളിൽ വധിക്കപ്പെടുമെന്ന് അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് സന്ദേശം ലഭിക്കുകയുമുണ്ടായി. അദ്ദേഹം ഈ പ്രവചനത്തെ മിത്രങ്ങളുടെയും ശത്രുക്കളുടെയും ഇടയിൽ പ്രചരിപ്പിക്കുകയും അത് ക്ലിപ്ത കാലത്തിനുള്ളിൽ പൂർത്തിയാവുകയും ചെയ്തു. ഈ സംഭവം ഇസ്ലാം മിത്രങ്ങൾക്ക് സന്തോഷത്തിന്നും ശത്രുക്കൾക്ക് സന്താപത്തിനും കാരണമായിതീർന്നുവെന്നു മാത്രമല്ല ഇസ്ലാം സത്യമതമാണെന്നും ദൈവസഹായം അതിന്നാണുള്ളതെന്നും ഹദ്റത്ത് മിർസാ സാഹിബ് അതിന്റെ സത്യത്തെ വെളിപ്പെടുത്താനായി ദൈവത്താൽ നിയോഗിക്കപ്പെട്ട ആളാണെന്നും ഈ സംഭവം നല്ലത്പോലെ തെളിയിക്കുകയും ചെയ്തു.

ക്രിസ്തു മത സത്യത്തെ സ്ഥാപിപ്പാനും ഇസ്ലാം മത തത്വത്തെ ഖണ്ഡിച്ചു ഭൂമുഖത്തു നിന്നും തുരത്തുവാനുമായി കൃസ്തുവിന്റെ പ്രതിനിധികളായി വന്നിട്ടുള്ളവരാണെന്ന് വാദിച്ചവരോടും ഹദ്റത്ത് മിർസാ സാഹിബ് എതിരിടുകയും അവരെ സത്യ പരീക്ഷണത്തിന്ന് ക്ഷണിക്കുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തോട് ആത്മീയ സമരത്തിന്ന് ഒരുമ്പെട്ടവർ അദ്ദേഹത്തിന്റെ പ്രവചനമനു സരിച്ച് വളരെ എളിമയായ തരത്തിൽ നശിച്ചു പോയി. അദ്ദേഹം ഇസ്ലാമിന്റെ സത്യത്തെ വെളി പ്പെടുത്തുന്നതിന്നായിട്ട് ദൈവത്തിൽ അയക്കപ്പെട്ട ആളാണെന്നും ദൈവത്തിന്റെ പ്രസാദത്തിന്ന് പാത്രീഭവിച്ച ഒരു സത്യാത്മാവാണെന്നും ഈ സംഗതി നല്ലപോലെ തെളിയിക്കുന്നുണ്ട്. ഹദ്റത്ത് മിർസാ സാഹിബ് ഇസ്ലാമിന്റെ ശരിയായ പ്രതിനിധി അല്ലായിരുന്നു വെങ്കിൽ അദ്ദേഹം മുഖേന ദൈവം തന്റെ അഭീഷ്ടങ്ങളെ അറിയിക്കുകയും അവയെ പൂർത്തീകരിക്കുകയും എല്ലാ സന്ദർഭങ്ങളിലും അദ്ദേഹത്തെ വിജയിയാക്കുകയും ചെയ്യുന്നതല്ലായിരുന്നു. ദൈവത്തെ പറ്റി കറ്റുകെട്ടി പറയുകയും തന്റെ വ്യാജ വാദങ്ങളാൽ ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന മനുഷ്യൻ ദൈവത്തിന്റെ ശാപമേറ്റ വനത്രെ. അങ്ങനെയുള്ള തങ്ങൾക്ക് ദൈവത്തിന്റെ സഹായവും സാന്നിദ്ധ്യവും ഉണ്ടാവുകയോ അയാൾ മുഖേന ദൈവാഭീഷ്ടങ്ങൾ വെളിപ്പെടുകയോ ചെയ്യുകയെന്നത്

ഒരിക്കലും സംഭവ്യമല്ല.

ഏതു മതത്തിലാണ് ദൈവാനുകൂല്യമുള്ളതെന്നും ആർക്കാണ് ദൈവപ്രസാദം ലഭിച്ചിട്ടുള്ളതെന്നും പരീക്ഷിക്കുന്നതിന്നായി വൈഷമ്യമുള്ള ഏതാകിലു മൊരുകാര്യ സാദ്ധ്യത്തിന് വേണ്ടി ദൈവത്തോട് പ്രാർഥിക്കാൻ ഹദ്റത്ത് മിർസാ സാഹിബ് ഇതര മതനേതാക്കന്മാരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഏത് കക്ഷിയുടെ പ്രാർഥന സ്വീകാര്യമായി ഭവിക്കുന്നുവോ ആ കക്ഷിയിലാണ് ദൈവത്തിന്റെ സാന്നിദ്ധ്യവും ഉള്ളതെന്നും അവരുടെ മതമാണ് ദൈവിക മതമെന്ന് സമ്മതിക്കേണ്ടിവരുമെന്നു കൂടി അദ്ദേഹം പ്രഖ്യാപനം ചെയ്തിരുന്നു. എന്നാൽ ആരും തന്നെ ഈ ക്ഷണം സ്വീകരിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. അവരുടെ മൗനമുദ്രയാൽ ഇസ്‌ലാം സത്യമതമാണെന്ന് സ്ഥാപി ക്കപ്പെടുകയായുന്നു. ഒരു കള്ളവാദിക്ക് ദൈവത്തിന്റെ സഹായത്തിൽ ഇങ്ങനെയുള്ള ദൃഢ വിശ്വാസം ഉണ്ടാക വുകയോ ദൈവിക കാര്യത്തിൽ കറ്റു കെട്ടിപ്പറയുന്ന ഒരാൾക്ക് എതിരാളികളെ ഇപ്രകാരം ആഹ്വാനം ചെയ്യാൻ ധൈര്യപ്പെടുകയോ അയാളുടെ ആഹ്വാനം സ്വീകരിക്കുന്നതിന്ന് എതിരാളികൾ ഭീരുത്വം കാണി ക്കുകയോ ചെയ്യുന്നതല്ല. ഹദ്റത്ത് മിർസാ സാഹിബ് തന്റെ എതിരാളികളായ മുസ്‌ലിം ഉലമാക്കന്മാരെപ്പോലും ദൈവപ്രസാദം ആരിലാണെന്ന് പരീക്ഷിക്കുന്നതിന്നായി ആഹ്വാനം ചെയ്തിട്ടുണ്ടായിരുന്നു. ഈ ആഹ്വാനത്തിന് പ്രായേണ എല്ലാവരും മൗനം ദീക്ഷിക്കുകയും ഇതിനെ സ്വീകരിച്ച് എതിരായി പുറപ്പെട്ടവർ നശിച്ചു പോവുക യും ചെയ്തു.

പല വിഷമ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം ചെയ്ത പ്രാർഥനകൾ ദൈവം സ്വീകരിക്കുകയും അതുകൾ അദ്ദേഹം വളരെ മുൻകൂട്ടി പ്രസിദ്ധം ചെയ്തതനുസരിച്ച് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ദൈവത്തിന്റെ ഈ അനുഗ്രഹം തന്റെ വാദത്തിന്റേയും താൻ പ്രതിനിധീകരിക്കുന്ന ഇസ്‌ലാം മതത്തിന്റെയും സത്യത്തിനും റസൂൽ (സ) തിരുമേനിയുടെ അനു കരണം മൂലമല്ലാതെ ദൈവപ്രസാദം ലഭിക്കയില്ലെന്ന തിലേക്കും സാക്ഷ്യമാണെന്ന് അദ്ദേഹം പ്രസ്താവിക്കു ന്നു. അദ്ദേഹം ഇസ്‌ലാം മതത്തിന്റെ സത്യത്തിലേക്കായി കാണിച്ചിരിക്കുന്ന ദിവ്യ അടയാളങ്ങളിൽ ചിലതിന്റെ സംക്ഷിപ്ത വിവരണം മാത്രമാണിതു. വിസ്തീർണ വിവരണങ്ങൾ പുസ്തകം വായിച്ചാലറിയാം. ഹദ്റത്ത് മിർസാസാഹിബ് പ്രമാണങ്ങളാലും യുക്തി ന്യായ ങ്ങളാലും ഇസ്‌ലാം മതത്തിന്റെ സത്യത്തെ തെളിയി ച്ചിരിക്കുന്നുവെന്ന സംഗതി ശത്രുക്കൾ പോലും സമ്മതിക്കുന്നതാകയാൽ അതിനെക്കുറിച്ച് ഇവിടെ പ്രസ്താവിക്കേണ്ടതില്ല. ഒരു സാധാരണ മദ്രസയിൽ പോലും ചേർന്ന് പഠിക്കാതിരുന്ന ഒരു വ്യാജ വാദിക്ക് അങ്ങനെയുള്ള ജ്ഞാന വൈഭവം അന്ത്യശ്വാസം വരെ ഇസ്‌ലാം മത ശുശ്രൂഷയിൽ വ്യാപൃതനായിരിക്കാനുള്ള മഹാ ഭാഗ്യവും സർവസ്വവും ഇസ്‌ലാമി

നായിക്കൊണ്ടു ബലികഴിക്കുന്ന ഒരു സമുദായത്തെ സ്ഥാപിപ്പാനുള്ള അനുഗ്രഹവും ഉണ്ടായിരിപ്പാൻ പാടില്ലാത്തതാണല്ലോ. ഈയ്യൊരു സംഗതി തന്നെ അദ്ദേഹം ഇസ്‌ലാമിന്റെ ശരിയായ പ്രതിനിനിധി യാണെന്നതിലേക്ക് ശരിയായ സാക്ഷിയാകുന്നു. അദ്ദേഹം ദൈവ കാര്യത്തിൽ കറ്റു കെട്ടി പറയുന്ന ഒരു പൈശാചികാത്മാവാണെങ്കിൽ (നഊദു ബില്ലാഹ്) ഇങ്ങനെയുള്ള മഹാഭാഗ്യങ്ങളാൽ ദൈവം അദ്ദേഹത്തെ ധന്യനാക്കുകയില്ലായിരുന്നു. കള്ളവാദിക്ക് ഇത്തരം ദൈവാനുഗ്രഹങ്ങൾ ലഭ്യമാകുന്ന പക്ഷം ദൈവത്തിന്റെ പരിശുദ്ധതക്ക് തന്നെ കളങ്കമേൽ ക്കുന്നതാണെന്ന് മാത്രമല്ല സത്യാസത്യങ്ങളെ വകതി രിക്കാനുള്ള മാർഗം ലോകത്തിലില്ല എന്ന് സമ്മതി ക്കേണ്ടി വരുന്നതുമാണ്.

2) '***ഖാത്തമുന്നബിയ്യീൻ***' എന്ന വചനത്തിന്റെ അർഥം നബിമാരുടെ മുദ്ര എന്നാണ്. ഇതിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ശേഷം യാതൊരു വിധ നബിയും വരാൻ പാടില്ലെന്നു തെളിയുന്നില്ല. നേരെ മറിച്ച് തിരുമേനി (സ) മുഖേന അനുയായികൾക്ക് പ്രവാചകത്വം ലഭ്യമാകുമെന്നാണ് തെളിയുന്നത്. തിരുമേനിയുടെ ഒരു ശിഷ്യനാണെന്നും തിരുമേനി മുഖേനയാണു തനിക്ക് പ്രവാചകത്വം ലഭിച്ചിട്ടു ള്ളതെന്നും വാദിച്ച ഹദ്റത്ത് മിർസാ സാഹിബിനെ ഞങ്ങൾ നബിയെന്ന് വിശ്വസിക്കുന്നത് ഖത്തമുന്ന ബിയ്യീൻ എന്ന വചനത്തിന് വിരുദ്ധമാകി ല്ലെന്ന് മാത്രമല്ല അതിനെ അർഥവത്താക്കുകയാണ്. ചെയ്യുന്നത്. മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും ജനകനല്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ ഖാത്തമും ആകുന്നു എന്നാണല്ലോ ദൈവവാക്യം. ഖാത്തം എന്നതിന്റെ അർഥം മുദ്ര എന്നാണ്. അതിനാൽ ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം നബിമാരുടെ മുദ്ര എന്നർഥമായല്ലോ. മേൽ പ്രസ്താവിച്ച താൽപര്യം ഈ വാക്യത്തെ ഗാഢമായി വിചിന്തനം ചെയ്യുന്നതായാൽ വെളിപ്പെടുന്നതാണ്. ഇവിടെ തിരുനബി (സ) ഒരു പുരുഷന്റെയും ജനകന ല്ലെന്ന് പറഞ്ഞതിനെ തുടർന്ന് '***ലാകിൻ***' എന്ന പദം ഉപയോഗിക്കുകയും അനന്തരം, തിരുമേനി ഒരു റസൂലും 'ഖാത്തമുന്നബിയ്യീനു' മാണെന്ന് പറയുകയു മാണല്ലോ ചെയ്തിരിക്കുന്നത്. ഈ വാക്യത്തിന്റെ പൂർ വാംശത്തിൽ നിന്നും ഉളവാകുന്ന ഒരു സംശയ നിവാരണത്തിനായിട്ടായിരുന്നു '***ലാകിൻ***' എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. '***ഇന്നശാനിഅക്കഹുവൽ അബ്ത്തർ***' (നിശ്ചയമായും നിന്റെ ശത്രുവാണ് സന്താന രഹിതൻ) എന്ന ദൈവ വാക്യം കൊണ്ട് തിരുമേനി(സ) യ്ക്ക് സന്താനമുണ്ടാകുമെന്ന് സ്പഷ്ടമായിരിക്കെ, മേൽ വാക്യത്തിൽ നിന്ന് തിരുമേനിക്ക് പുരുഷ സന്താന മില്ലെന്ന് പ്രസ്താവിച്ചിരിക്കുന്നത് കൊണ്ടുണ്ടായി തീർന്നതാണ് ആ സംശയം. അതിന്റെ നിവാരണത്തിന് തന്നെയായിട്ടാണ് **ലാകിൻ** എന്ന പദം ഉപയോഗി ച്ചിട്ടുള്ളത്. അതായത് നബികരിം (സ) ഭൗതികമായ അർഥത്തിൽ യാതൊരു പുരുഷന്റെയും ജനകന ല്ലെങ്കിലും സന്താന രഹിതനാകുന്നതല്ല. എന്തെന്നാൽ

ദൈവത്തിന്റെ ദൂതനായത് കൊണ്ട് തിരുമേനിക്ക് നിരവധി ആത്മീയ സന്താനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ആത്മീയ സന്താനങ്ങൾ മറ്റു പ്രവാചകന്മാർക്കും ഉണ്ടായിട്ടുണ്ട്. നബി തിരുമേനി(സ) അവരെ പോലെയുള്ളയൊരാൾ മാത്രമല്ലെന്ന് തെളിയിപ്പാനായി ***ഖാത്തമുന്നബിയ്യീൻ*** എന്നു കൂടി പ്രസ്താവിച്ചു കൊണ്ട് തിരുനബിയുടെ ആത്മീയ പിതൃത്വത്തിൽ ഒരു മഹത്വം കൽപ്പിച്ചിരിക്കുന്നു. അതായത് നബിമാർക്ക് മുദ്രാംഗമായതിനാൽ തിരുമേനിയുടെ സാക്ഷി മുദ്ര മുഖാന്തരം അനുയായികൾക്ക് നബിത്വംപോലും ലഭിക്കുന്നതാകകൊണ്ട് തിരുമേനി (സ) യുടെ സന്താനങ്ങളിൽ മുഅ്മിനീങ്ങൾ മാത്രമല്ല പ്രവാചകന്മാർ കൂടി ഉൾപ്പെടുന്നു. അതിനാൽ തിരുമേനി(സ) മുഅ്മിനീങ്ങളുടെ മാത്രമല്ല നബിമാരുടേയും പിതാവായിത്തീരുന്നു. ചുരുക്കി പറഞ്ഞാൽ പ്രസ്തുത വാക്യം കൊണ്ട് തിരുമേനിക്ക് ശേഷം നബിമാരുണ്ടാകുമെന്ന് തന്നെ തെളിയുന്നു. എന്നാൽ പുതുതായി ശരീഅത്തോടു കൂടിയതോ സ്വതന്ത്രമായതോ ആയ നുബുവ്വത്ത് ഒരാൾക്കും ലഭിക്കുന്നതല്ല. കാരണം അങ്ങനെയുള്ള നുബുവ്വത്ത് കൊണ്ട് റസൂൽ തിരുമേനി (സ) യുടെ ആത്മീയ പിതൃത്വം അവസാനിച്ചു പോകുന്നു. അതിനാൽ അത്തരത്തിലുള്ള നുബുവ്വത്ത് ഇനി ഉണ്ടാകുക യില്ലെന്നാണ് ഈ ആയത്തിൽ നിന്ന് ഞങ്ങൾ ഗ്രഹിക്കുന്നത്

ഇമാം ബുഖാരി (റ) തന്റെ സഹീഹിൽ 'ഖാത്തമുന്നബിയ്യീൻ' എന്ന വചനത്തിന്റെ വ്യാഖ്യാനത്തിൽ തിരുമേനി(സ)യുടെ ദേഹത്തിൽ ഒരു മുദ്രക്കലയുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. രിവായത്തുകളെ ഉദ്ധരിച്ചു കൊണ്ട് ഖാത്തം എന്നതിന്റെ അർഥം മുദ്രയാണെന്ന് സ്ഥാപിച്ചിരിക്കുന്നു. ഖാത്തമുൽ ഔലിയാഅ്, ഖാത്തമുൽ മുഹദ്ദിസീൻ, ഖാത്തമുൽ മുഫസ്സിരീൻ, ഖാത്തമുശ്ശുഅറാഅ് എന്നും മറ്റും മുസ്ലിം സാഹിത്യത്തിൽ ഉപയോഗിച്ചു വരുന്നത് ഇങ്ങനെയുള്ള അഭിധാനം ലഭിച്ചവർക്ക് ശേഷം യാതൊരു വലിയ്യും മുഹദ്ദസ്സും മുഫസിറും, ശായിറും ഉണ്ടാകുകയില്ലെന്ന അർഥത്തിലല്ല. എന്നിരിക്കേ ഖാത്തമുന്നനബീയ്യീൻ എന്നതിലെ ഖാത്തം എന്ന പദത്തിന് അവസാനിപ്പിക്കുന്ന ആൾ എന്നാണ് അർഥമെന്ന് പറയുന്നത് ആശ്ചര്യകരമായിരിക്കുന്നു. ഖാത്തമുന്നബിയ്യീൻ എന്നതിന്ന് ഞങ്ങൾ പറയുന്ന ഈ അർഥത്തെ ഖുർആനിലെ മറ്റു പല വചനങ്ങളും നബിതിരുമേനി (സ) യുടെ മഹാത്മ്യങ്ങളും പ്രകൃതി നിയമങ്ങളും സാക്ഷീകരിക്കുന്നുണ്ട്. ദൈർഘ്യഭയം ഭയന്ന് ആ ഭാഗം വിവരിക്കുന്നില്ല.

'***ലാ നബിയ്യ ബഅ്ദി*** 'എന്ന നബി വചനം കൊണ്ട് വിവക്ഷിക്കുന്നത് നബിതിരുമേനിയുടെ ശരീഅത്തിനെയോപിതൃത്വത്തെയോ ക്ഷതപ്പെടുത്തുന്നതായ ഒരു നബി യുണ്ടാകയില്ലെന്നാണ്. ഖുർആൻ വാക്യങ്ങളും നബി വചനങ്ങളുംകൊണ്ട് നബിയുണ്ടാകാമെന്ന് കാണുമ്പോൾ യാതൊരു പ്രകാരത്തിലുള്ള നബിയും വരാൻ പാടില്ലെന്ന് ഈ വചനം കൊണ്ട് അർഥമാക്കാവതല്ല, പുതുതായി ശരീഅത്തോടു കൂടിയ നുബുവ്വത്തും സ്വതന്ത്രമായ നുബൂവ്വത്തും റസൂൽ കരീമിന്റെ പ്രവാചകത്വ ത്തിന്നും പ്രഭുത്വത്തിന്നും ക്ഷതമേൽപ്പിക്കുന്നതാകകൊണ്ട് അത്തരം നുബൂവ്വത്ത് തിരുമേനിക്ക് ശേഷം ഉണ്ടാകുന്നതല്ല. എന്നാൽ തിരുമേനിയുടെ മാഹാത്മ്യം വെളിപ്പെടുത്താനും തിരുമേനിയിലേക്ക് ജനങ്ങളെ ആകർഷിക്കാനും വേണ്ടി തിരുമേനിയുടെ അനുയായികളിൽ നിന്ന് വെളിപ്പെടുന്ന ഒരു നബിയുടെ പ്രവാചകത്വം തിരുമേനിയുടെ നുബൂവ്വത്തിന്റെ ഒരു പ്രതിബിം ബമായിരിക്കകൊണ്ട് അത് ലാ നബിയ്യ ബഅ്ദി ' എന്നതിന്ന് എതിരായതല്ല.

'ലാ നബി യ്യ ബഅ്ദി ' എന്ന് അരുൾ ചെയ്ത നബി (സ) തന്നെ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് നബിയായിരിക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ മസീഹ് താനാണെന്ന് വാദിക്കുന്ന ആൾ നബിയുമായിരിക്കേണ്ടതാകുന്നു. എല്ലാവിധത്തിലുള്ള നുബുവ്വത്തും അവസാനിച്ചിരിക്കുന്നുവെന്ന് പറയാൻ പാടില്ല. വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ഹദ്റത്ത് മിർസാ സാഹിബാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നത് കൊണ്ട് നബി കരീമിന്റെ അരുളപ്പാടനുസരിച്ച് അദ്ദേഹത്തെ നബിയെന്ന് കൂടി വിശ്വസിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. തിരുമേനി (സ) തന്റെ പുത്രൻ ഇബ്രാഹിമിനെക്കുറിച്ച് '***ലൗ ആശ ഇബ്റാഹീമ ലകാനസിദ്ധീഖൻനബിയ്യൻ***' (ഇബ്രാഹിം ജീവിച്ചിരുന്നെങ്കിൽ സത്യ പ്രവാചകനാകുമായിരുന്നു) എന്ന് പറഞ്ഞതിൽ നിന്നും തനിക്ക് ശേഷം നുബുവ്വത്തുണ്ടാകാമെന്ന് തെളിയുന്നു. ഈ നുബുവ്വത്ത് ലാ നബിയ്യ ബഅ്ദി എന്നതിന്ന് എതിരായ നുബൂവ്വത്തല്ല. നേരേമറിച്ച് തിരുമേനി(സ)യുടെ നുബുവ്വത്തിൽ നിന്നും ഉദ്ഭൂതമാകുന്ന നുബുവ്വത്താണ്. ചുരുക്കി പറയുന്നതായാൽ 'ലാ നബിയ്യ ബഅ്ദീ' എന്ന വചനം കൊണ്ട് എല്ലാതരം നുബൂവ്വത്തും ബന്തായി പോയിട്ടില്ലെന്നും ഒരു വിധത്തിലുള്ള നുബൂവ്വത്ത് ശേഷിച്ചിരിപ്പുണ്ടെന്നും മനസ്സിലാവുന്നു. തിരുനബി(സ)യുടെ ശിഷ്യത്വം മുഖേന പോലും നുബുവ്വത്ത് ലഭ്യമാകയില്ലെന്നുള്ള തെറ്റിദ്ധാരണ ജനങ്ങളിൽ ഉണ്ടായേക്കുമെന്ന ഭയം നിമിത്തമായിരിക്കണം ഖൂലു അന്നഹു ഖാത്തമുൽ അൻബിയാഅ് വലാ തക്കൂലൂലാ നബിയ്യ ബഅ്ദഹൂ (തിരുമേനി നബിമാരുടെ മുദ്രയെന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക എന്നാൽ നബി തിരുമേനി (സ)ക്ക് പിറകെ പ്രവാചകനില്ലെന്ന് പറയരുത്) എന്ന് ഹദ്റത്ത് ആയിശ പറഞ്ഞത്. യാതൊരു പ്രകാരത്തിലുള്ള നബിക്കും വന്നുകൂടാ എന്ന് ഹദ്റത്ത് ആയിശക്ക് അഭിപ്രായമുണ്ടായിരുന്നുവെങ്കിൽ അവർ ഇപ്രകാരം പറയുമായിരുന്നില്ല. പണ്ഡിതയായ ആയിശയുടെ അഭിപ്രായം തെറ്റായിരുന്നുവെങ്കിൽ സഹാബിമാർ അതിനെ ഖണ്ഡിക്കുമായിരുന്നു. എന്നാൽ പ്രവാചക പത്നിയുടെ ഈ ഉപദേശവും സഹാബിമാരുടെ മൗനവും തിരുമേനിക്ക്

ശേഷം ഒരു തരത്തിലുള്ള നബിത്വം ഉണ്ടാവുമെന്ന് തെളിയിയിക്കുന്നുണ്ട്.


3) മനുഷ്യനിലയെ നോക്കുകയാണെങ്കിൽ ഹദ്റത്ത് മിർസാ സാഹിബെന്ന് വേണ്ടാ ഒവ്വൊരു പ്രവാചകനും സാധാരണ മനുഷ്യർ മാത്രമാണ്. 'ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാണ്' എന്ന് ജനങ്ങളെ അറിയിപ്പാനായി അല്ലാഹു നബി കരീം (സ) യോട് ആജ്ഞാപിച്ചിട്ടുണ്ടല്ലോ. അസാധാരണത്വം സ്ഥിതി ചെയ്യുന്നത് അവരുടെ വാദങ്ങളിലാണ്. അതിനാലാണ് ഹദ്റത്ത് മിർസാ സാഹിബിനെ ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്ന് വിശ്വസിക്കുന്നതിനെക്കുറിച്ചുള്ള താങ്കളുടെ ചോദ്യത്തിന് സമാധാനമായി അതിന്റെ അർഥം അദ്ദേഹം ഒരു അസത്യവാദിയാണെന്നാണെങ്കിൽ ഒരു സത്യവാനെ അസത്യവാനെന്ന് തള്ളുന്നതിനെക്കുറിച്ചുള്ള ഖുർആൻ വിധിയെക്കൊളള്ള ഞാൻ താങ്കളുടെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. 'അദ്ദേഹം ഒരു സാധാരണ മനുഷ്യൻ മാത്രമാണ്'എന്ന് താങ്കൾ എഴുതിയിട്ടുള്ളത് അദ്ദേഹം 'ഒരു യഥാർഥ നബിയെല്ലെന്നുള്ള അർഥത്തിലാണ്.' എങ്കിൽ അതിന്റെ താൽപര്യം അദ്ദേഹം ഒരു കള്ള വാദിയായിരിപ്പാനെ തരമുള്ളു. അപ്പോൾ 'അദ്ദേഹം തന്റെ വാദങ്ങളിൽ അസത്യവാനാകുന്നു' എന്ന് പറഞ്ഞതും അദ്ദേഹം 'ഒരു യഥാർഥ നബിയല്ല' എന്ന് പറയുന്നതും ഒരേ അർഥത്തിലായി. അദ്ദേഹം തന്റെ വാദങ്ങളിൽ അസത്യവാനല്ലെങ്കിൽ പിന്നെ സത്യവാനായിരിക്കണം. അപ്പോൾ നബിയാണെന്നുള്ള അദ്ദേഹത്തിന്റെ വാദവും സത്യവും അദ്ദേഹം ഒരു യഥാർഥ നബിയും ആയിരിക്കേണ്ടതാണ്. അദ്ദേഹം അതിന്റെ വാദങ്ങളിൽ അസത്യവാനല്ലെന്ന് പറയുന്നതോടൊപ്പം തന്നെ അദ്ദേഹം ഒരു യഥാർഥ നബിയല്ലെന്നും പറയുന്നതും പരസ്പരസ്പര വിരുദ്ധമായിരിക്കുന്നില്ലേ? മസീഹും നബിയും മഹ്ദിയുമാണെന്ന് വാദിച്ചിട്ടുള്ള ഹദ്റത്ത് മിർസാ സാഹിബിന്റെ വാദങ്ങളെ നിഷേധിക്കുന്ന ഒരാൾ അദ്ദേഹം തന്റെ വാദങ്ങളിൽ അസത്യവാനല്ല എന്നു പറയുന്നതിനോട് കൂടി അദ്ദേഹം ഒരു യഥാർഥ നബിയല്ലെന്നും പറയുന്നതിന്റെ അർഥം ഗ്രഹിക്കാൻ പ്രയാസമായിരിക്കുന്നു. അതേ, ഒരാൾ തന്നെ സത്യവാദിയും കള്ള പ്രവാചകനും ആയി തീരുന്ന തത്ത്വം അഗ്രാഹ്യം തന്നെ.

താങ്കളുടെ ഒന്നാമത്തെ കത്തിലെ 3-ാം ചോദ്യത്തിലെ ശരിയായ താൽപര്യമനുസരിച്ച് തക്ക സമാധാനം ഞാൻ മുൻ കത്തിൽ തുറന്ന് പറഞ്ഞിട്ടുണ്ട്. ചോദ്യം വ്യക്തമായ രീതിയിൽ ആയിരുന്നുവെങ്കിൽ അതിനനുസരിച്ച് മറുപടി വ്യക്തമാക്കിത്തരുമായിരുന്നു. രണ്ടു വിരുദ്ധ പ്രസ്ഥാവനകളോടു കൂടി യിരിക്കുന്നതും ഗ്രഹിക്കാൻ പ്രയാസമായിരിക്കുന്നതുമായ ഈ ചോദ്യത്തിന് ഞാനെന്തുസമാധാനം പറയട്ടെ!

അവസാനമായി താങ്കൾ എന്നെ ഒരു സംഗതിയെക്കുറിച്ചു ഉണർത്തിയതിന് താങ്കൾക്ക് നന്ദി പറഞ്ഞു കൊള്ളുന്നു. ഖുർആനിലും ഹദീസിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ട സംഗതികളെ സ്വീകരിക്കുകയും അതുകളെ മറ്റേതെങ്കിലും ഒരു സൂചനയെ അടിസ്ഥാനമാക്കി അന്യഥാ വ്യാഖ്യാനിക്കാതിരിക്കുകയും ചെയ്യാൻ 'ഇൽമുൽ ഉസൂൽ' പ്രസ്താവിക്കാതെ തന്നെ ഒവ്വൊരു മുസ്‌ലിമും നിർബ്ബന്ധിതനായിരിക്കുന്നു. തങ്ങൾ കൈകൊണ്ടിരിക്കുന്നത് ഖുർആനിലും ഹദീസിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ട സംഗതികൾ ത ന്നെയാണെന്ന് ഭിന്നാഭിപ്രായക്കാരായ ഒവ്വൊരു കക്ഷികളും വാദിക്കുന്നതിലാണ് വൈഷമ്യമുള്ളത്!.

എന്ന്

വിനീത സഹോദരൻ, ബി. അബ്ദുല്ലാഹ് ( ഒപ്പ്)



പി. കെ. മുഹമ്മദ് ബശീർ, ഐരാപുരം

# ദൃശ്യങ്ങൾ

ലജ്ജയാൽ നീ  ചൂളുന്നുവോ
മാനക്ഷതത്താൽ ഉരുകുന്നുവോ
മക്കളെ ഒളികണ്ണാൽ ഉഴിയുന്നുവോ
വിരലുകൾ രക്ഷയ്ക്കായ് പരതുന്നുവോ

അവിഹിത ഗർഭങ്ങൾ, ജാരസന്താനങ്ങൾ
പരസ്പരം വഞ്ചിക്കും ദമ്പതികൾ
നാവുപടവാളാക്കും അമ്മായി അമ്മമാർ
വീറോടെ പൊരുതുന്ന മരുമക്കളും

ആർത്തനാദങ്ങൾ, അട്ടഹാസങ്ങൾ
അസഭ്യവർങ്ങൾ, ശാപവചനങ്ങൾ
തോരാതെ പെയ്യുകയാണ്
പേമാരിയായി പരമ്പരകൾ

ലജ്ജയാൽ നീ ചൂളുന്നുവോ
മക്കളെ ഒളികണ്ണാൽ ഉഴിയുന്നുവോ

കുഞ്ഞുങ്ങൾക്കറിയില്ല സത്യവും മിഥ്യയും
ഇളം മനം പകർത്തും കണ്ടതും കേട്ടതും
എന്തിനീ സന്ധ്യകൾ വിഷലിപ്തമാക്കുന്നു
മാലാഖമാരെ പടിവാതിലിൽ തടയുന്നു.

പറഞ്ഞതിൽ പാതിയും, പറയാത്തത് കൂട്ടിയും
മറുപക്ഷത്തിനേകി തമ്മിലടിപ്പിച്ചു
കിനിയുന്ന ചോര പുതുവാർത്തയ്ക്ക്
പോഷണമാക്കുന്ന ചെന്നായ കൂട്ടങ്ങളും

ഫ്ളാറ്റിനായ് മക്കളെ മദാലസ നർത്തനമാടിച്ചു
നിർവൃതി അടയുന്ന മാതാപിതാക്കളും.
കുസൃതികൾ വിരിയേണ്ട ഓമന മുഖങ്ങളിൽ
വിടരുന്നു നിർലജ്ജം ശൃംഗാര ചേഷ്ഠകൾ

അടുപ്പിലൂതിയും പാത്രങ്ങൾ മോറിയും
'വെറുതെ അല്ല ഭാര്യ' എന്നുറപ്പിക്കും ഭർത്താക്കൾ
പതികളെ പേറിനും പ്രാപ്തരാക്കയാവാം
പേറ്റ് നോവും വിറ്റൊരവതാരക

വായിലൊതുങ്ങാത്ത ബോംബുകളുതിർക്കുവാൻ
നിർബന്ധിതരാം 'കുട്ടിപ്പട്ടാള' നാവുകൾ
പരദൂഷണത്തിന്റെ പ്രാഥമിക പാഠങ്ങൾ
പരിശീലിക്കുകയാണാ പാവങ്ങൾ കുഞ്ഞുങ്ങൾ

ലക്ഷങ്ങൾ വിലയിട്ട് മാനവും മേനിയും
കോടികണ്ണുകൾക്കായ് തീറെഴുതിയ നടികളും
'ഞാനല്ലിതൊന്നും കഥാപാത്രമാണെല്ലാം'
കുമ്പസാരകൂട്ടിലിവർ പരിശുദ്ധകന്യകൾ

നിറഞ്ഞൊഴുകുകയാണ് അധാർമിക ദൃശ്യങ്ങൾ
മിഴിനടുവാനൊരിടമില്ലാതായ്
ലജ്ജയാൽ നീ  ചൂളുന്നുവോ
മക്കളെ ഒളികണ്ണാൽ ഉഴിയുന്നുവോ

കുഞ്ഞുങ്ങൾക്കറിയില്ല സത്യവും മിഥ്യയും
ഇളം മനം പകർത്തും കണ്ടതും കേട്ടതും
എന്തിനീ രാവുകൾ പരിഹാസ്യമാക്കുന്നു
അത്താഴത്തിനൊപ്പമീ മാലിന്യം വിഴുങ്ങുന്നു.

വിനോദങ്ങളെല്ലാം വിരോധമല്ല പക്ഷേ
വിവേചനമെന്നത് വിവേകമല്ലേ
വിജ്ഞാനമാർജിക്കൽ മുഖ്യമല്ലേ
ഇരുലോക വിജയം ലക്ഷ്യമല്ലേ

മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ
മുഴുലോകം തെളിക്കുന്നു ആത്മീയത
മാധ്യമ സംസ്കാരത്തിനുത്തുംഗത
അടിത്തറ കരതീർന്ന ധാർമികത

സ്രഷ്ടാവിൻ മഹത്വവും സൃഷ്ടിപ്പിൻ ലക്ഷ്യവും
ഘോഷിക്കുകയാണതിൻ പ്രഥമദൗത്യം
പരിശുദ്ധ ഖുർആൻ വചനത്തിനദ്‌ഭുതം
വെളിപ്പെടുത്തുമാദരവോടെ നിത്യം

ഇരുണ്ട യുഗത്തിലറേബ്യയിലുദിച്ച
സൂര്യന്റെ കിരണ പ്രസരണം മുഖ്യം
വാഗ്ദത്ത മഹ്ദീ മസീഹിന്റെ ശബ്ദം
കോണായ കോണുകളിലെത്തിക്കൽ ധർമം.

മുഅ്മിനീങ്ങൾക്കായി അല്ലാഹു നല്കിയ
ദിവ്യ ഖിലാഫത്തിൽ മഹനീയ നേട്ടം
ലോക നൻമക്കായി കണ്ണീരൊഴുക്കുമൊ
രാഗോള നേതാവിൻ പുണ്യമേൽനോട്ടം

കാലത്തിനാവശ്യം കണ്ടറിഞ്ഞവിടന്ന്
ലോകർക്കായേകുന്നു സമാശ്വാസ പാശം.
കുഞ്ഞുങ്ങളറിയട്ടെ സത്യവും ധർമവും
ഇളം മനമകറ്റട്ടെ നീചവും വ്യർഥവും.

# മാല ദ്വീപിന്റെ ചരിത്രവും ഭൂമിശാസ്ത്രവും

എ. ക്യു മഹ്ദി

നമ്മുടെ രാജ്യത്തിന്റെ തെക്കേയറ്റത്തിനും തെക്കായി ഇന്ത്യൻ മഹാസമുദ്രത്തിൽ ഒരു ദ്വീപമാല, അതാണ് മാലദ്വീപ്. മാല പോലെ കിടക്കുന്നതിനാൽ മാലദ്വീപെന്ന് പേരുവീണ ഈ ദ്വീപസമൂഹത്തെ തൊട്ടയൽപക്കകാരായ നാം മലയാളികൾ മാലിയെന്നാണു വിളിക്കുന്നത്. മാലി എന്ന പേരിൽ ഒരു ആഫ്രിക്കൻ രാജ്യം കൂടിയുണ്ടെന്ന തോർക്കുക.

കേരളതീരത്തു നിന്ന് വളരെ അകലെയല്ല എന്ന മട്ടിൽ സ്ഥിതി ചെയ്യുന്ന ദ്വീപായതിനാൽ, ഇടത്തരക്കാരായ മാലദ്വീപുകാർ ചികിത്സയ്ക്കും ഷോപ്പിങ്ങിനുമെല്ലാം എത്തുന്നത് തിരുവനന്തപുരത്താണ്. ധാരാളം മാലിക്കാരെ തിരുവനന്തപുരത്തു കാണാം. മാലിയിലെ സമ്പന്നരാണെങ്കിൽ, അവർ സിംഗപ്പൂരിലേയ്ക്കാണു പറക്കുക.

മലയാളികളായ വളരെ പേർ അധ്യാപകരായും മറ്റും മാലദ്വീപിൽ ജോലി ചെയ്യുന്നുണ്ട്. ലക്ഷദ്വീപിനു തെക്കും ശ്രീലങ്കയ്ക്കു പടിഞ്ഞാറുമായി കിടക്കുന്ന 26 പവിഴ ദ്വീപുകളുടെ (ATOLL) കൂട്ടമാണ് മാലദ്വീപ് (MALDIVES). മൊത്തം 1192 തുരുത്തുകൾ (ISLETS) ഈ ദ്വീപസമൂഹത്തിലുണ്ട്. അവയിൽ കഷ്ടിച്ച് ഇരുനൂറെണ്ണത്തിലേ ജനവാസമുള്ളു. ആ ഇരുനൂറു ദ്വീപുകളിലെല്ലാം കൂടി മൂന്നേകാൽ ലക്ഷം ജനങ്ങൾ വസിക്കുന്നു.

പ്രാചീന കാലത്ത് ഇസ്ലാംമതം പ്രബലമായി ഇവിടെ വേരൂന്നിയിരുന്നുവെന്നാണ് ചരിത്രം. പോർച്ചുഗൽ, നെതർലൻഡ്സ്, ബ്രിട്ടൻ എന്നീ യൂറോപ്യൻ രാജ്യങ്ങൾ ഇവിടെ പല കാലങ്ങളിലായി കോളനിവാഴ്ച നടത്തിയിട്ടുണ്ട്. 1965-ലാണ് ബ്രിട്ടനിൽ നിന്ന് മോചിതമായി മാലദ്വീപ് ഒരു സ്വതന്ത്ര റിപ്പബ്ലിക്കായത്.

ടൂറിസമാണ് ഈ ചെറുരാജ്യത്തിന്റെ പ്രധാന വരുമാനമാർഗം. താരതമ്യേന എന്നല്ല അസാധാരണമാംവിധം മാലിയെക്കാൾ എത്രയോ പ്രകൃതിഭംഗിയും മാനവശേഷിയും അനുഗ്രഹിച്ച നമ്മുടെ കേരളം, ഈ കൊച്ചു രാജ്യത്തിന്റെ ടൂറിസ്റ്റ് വളർച്ചയുടെ വഴികളെപ്പറ്റി അന്വേഷിക്കേണ്ടതുണ്ടെന്നു തോന്നുന്നു. 86 മുന്തിയ ടൂറിസ്റ്റ് റിസോർട്ടുകൾ തന്നെ ഈ കുഞ്ഞൻ രാജ്യത്തുണ്ട്. ശരാശരി ഏഴു ലക്ഷത്തിലധികം പേർ ഓരോ വർഷവും ഈ ദ്വീപ്രാഷ്ട്രം സന്ദർശിക്കുന്നുമുണ്ട്. ഈ നാട്ടിലെ ജനസംഖ്യയുടെ ഇരട്ടിയിലധികം വരും ഒരുവർഷം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം.

നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഇന്ത്യയും ശ്രീലങ്കയുമായും മാലദ്വീപിനു ബന്ധമുണ്ടായിരുന്നു. പ്രാചീന ഈജിപ്റ്റുകാരുടെയും മെസപ്പൊട്ടേമിയക്കാരുടെയും സിന്ധുതടാകക്കാരുടെയും സമുദ്രസഞ്ചാരങ്ങളിൽ ഒരിടത്താവളമായിരുന്നു മാലദ്വീപ്. ചരിത്രപരമായി ഒരിക്കൽ ബുദ്ധമതത്തിനു മേധാവിത്വമുണ്ടായിരുന്ന മാലദ്വീപിൽ അറബി വ്യാപാരികളിലൂടെയാണ് ഇസ്ലാംമതം എത്തിച്ചേർന്നത്. 1153-ൽ അവസാനത്തെ ബുദ്ധമതസ്ഥനായ രാജാവ് ഇസ്ലാംമതം സ്വീകരിച്ചു. ഇതിനുശേഷം 1932വരെ എട്ട് രാജവംശങ്ങളും 84 സുൽത്താന്മാരും മാലദ്വീപ് ഭരിച്ചു.

രണ്ടുമൂന്ന് യൂറോപ്യൻ ശക്തികൾ മാലദ്വീപിൽ കോളനിവാഴ്ച നടത്തിയെങ്കിലും സുൽത്താൻ ഭരണം നിലവിലിരിക്കെതന്നെ ബ്രിട്ടനായിരുന്നു ദ്വീപിന്റെ യഥാർഥ നിയന്ത്രണം കൈയടക്കി വച്ചിരുന്നത്. ഒടുവിൽ 1965 ജൂലൈ 25-നാണ് ഈ രാജ്യം ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് വിമോചിതമായത്.

1968 മാർച്ചിൽ ദേശീയ ഹിതപരിശോധനയിലൂടെ മാലദ്വീപിൽ സുൽത്താൻ വാഴ്ചയും അവസാനിച്ചു. ഇബ്രാഹിം നസീർ ആദ്യ പ്രസിഡന്റായി.

ബ്രിട്ടൻ സ്ഥലം വിടുമ്പോഴും ദ്വീപിലെ ചില പ്രദേശങ്ങൾ തങ്ങളുടെ സൈനിക സംവിധാനങ്ങൾക്കായി ഉപയോഗിക്കാൻ നൂറു വർഷത്തേയ്ക്ക് ഇംഗ്ലീഷുകാർ പാട്ടത്തിനെടുത്തിരുന്നു. 1975-ൽ പാട്ടക്കാലാവധി തികയുന്നതിനു വളരെ മുമ്പുതന്നെ ബ്രിട്ടൻ മാലിയിലെ തങ്ങളുടെ മിലിറ്ററി സംവിധാനങ്ങൾ ഉപേക്ഷിക്കുകയുണ്ടായി. അതോടെ ഈ കൊച്ചു രാജ്യത്തിന്റെ സാമ്പത്തിക വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടായി. പ്രസിഡന്റായിരുന്ന ഇബ്രാഹിം നസീർ ലക്ഷക്കണക്കിനു ഡോളറുമായി സിങ്കപ്പൂരിലേയ്ക്ക് പലായനം ചെയ്യുകയും ചെയ്തു. ഈ പ്രതിസന്ധി ഘട്ടത്തിൽ പ്രസിഡന്റ് പദം ഏറ്റെടുത്ത

മാമൂൺ അബ്ദുൽ ഖയൂം ഏക ദേശം മൂന്നു പതിറ്റാണ്ടു കാലം ആ ഭരണപദവിയിൽ തുടരുകയും, സമീപകാലം വരെ മാലിയെ ഭരിക്കുകയും ചെയ്തു. 2010 ലെ എന്റെ സന്ദർശന കാലത്ത് അബ്ദുൽ ഖയൂമായിരുന്നു പ്രസിഡന്റെങ്കിലും പിന്നീട് മുഹമ്മദ് നഷീദ് ഭരണാധികാരിയായി ചുമതലയേറ്റു. ചില കേസുകളുമായി ബന്ധപ്പെട്ട്, ഞാനീ വരികളെഴുതുന്ന കാലത്തിന് അൽപ്പം മുമ്പ് 5-03-2013 ൽ പ്രസിഡന്റ് നഷീദ് അറസ്റ്റ് ചെയ്യപ്പെടുകയും പുതിയ സാരഥിയായി ഡോക്ടർ മുഹമ്മദ് വഹീദ് ഹസൻ ചുമതലയേൽക്കുകയും ചെയ്തു. മുൻപ്രസിഡന്റ് മുഹമ്മദ് നഷീദ്, ആദ്യം അറസ്റ്റ് ഭയന്ന് കുറച്ചു ദിവസം മാലിയിലെ നമ്മുടെ ഇന്ത്യൻ നയതന്ത്രാലയത്തിൽ അഭയം തേടിയതും ഒരു ചരിത്രമാണ്.

കൈയെത്തും ദൂരത്തുള്ള മാലദ്വീപുകളിലേയ്ക്കുള്ള ഇന്ത്യൻ സന്ദർശനങ്ങൾക്ക് നൂറ്റാണ്ടുകളുടെ തന്നെ പഴക്കമുണ്ട്. പക്ഷേ, പുറംനാട്ടുകാരെ സ്ഥിരവാസത്തിനു സ്വീകരിക്കാൻ വിമുഖതയുള്ള ഒരു ജനതയായിരുന്നു മാലിയിലേത്. തങ്ങളുടെ സംസ്കാരത്തിനും പൈതൃകത്തിനും കോട്ടം വരാതിരിക്കാനായിരുന്നത്രെ ഇത്.

19-ാം നൂറ്റാണ്ട് അവസാനിക്കാറായപ്പോഴേയ്ക്കും മലബാറിൽ നിന്നുള്ള മാപ്പിളമാരും മുംബൈയിൽ നിന്നുള്ള വ്യാപാരികളുമെല്ലാം ഇവിടെ കച്ചവടത്തിനെത്തി. 1935-ൽ മാലദ്വീപിലുണ്ടായിരുന്ന മിക്ക കച്ചവട സ്ഥാപനങ്ങളും ഇന്ത്യക്കാരുടെ നിയന്ത്രണത്തിലായിരുന്നു. പശ്ചിമേഷ്യക്കാരായ 250 ബോറമാരും 50 മാപ്പിളമാരും ഇവിടെയുണ്ടായിരുന്നുവെന്ന് തോമസ് ഡബ്ള്യൂ ഹോക്ക്‌ലി (Thomas. W.Hockly) രേഖപ്പെടുത്തിയിട്ടുണ്ട്. 2000-മാണ്ടിൽ ഒമ്പതിനായിരം ഇന്ത്യക്കാർ മാലദ്വീപിൽ വിവിധ ജോലികളിൽ ഏർപ്പെടുന്നവരായി ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ എത്രയോ ഇരട്ടിയുണ്ട്. അതിലെ പ്രബല വിഭാഗമാണ് മലയാളികൾ. മാലദ്വീപ് സർക്കാരിന്റെ ആവശ്യപ്രകാരം ഡോക്ടർമാർ, അദ്ധ്യാപകർ, അക്കൗണ്ടന്റുമാർ, മാനേജർമാർ, എഞ്ചിനീയർമാർ തുടങ്ങിയവരെല്ലാം ഇന്ത്യയിൽ നിന്നെത്തി പ്രവർത്തിക്കുന്നു. ഇന്ത്യാ സർക്കാർ സ്പോൺസർ ചെയ്യുന്ന നിരവധി പദ്ധതികളിലും ഒട്ടേറെ മലയാളികൾ ജോലി ചെയ്യുന്നുണ്ട്. 2004-ലെ കണക്കനുസരിച്ച് ഇന്ത്യക്കാരുടെ എണ്ണം രണ്ടായിരം സ്ത്രീകൾ ഉൾപ്പടെ പതിനേഴായിരം ആണ്. വിദ്യാഭ്യാസം, ആരോഗ്യരംഗം, സോഷ്യൽവർക്ക് എന്നീ രംഗങ്ങളിലാണ് മിക്കവാറും ഇന്ത്യക്കാർ. മാലദ്വീപിലുള്ള മൊത്തം വിദേശത്തൊഴിലാളികളുടെ എണ്ണം ഇപ്പോൾ നാൽപ്പതിനായിരത്തിനു മേൽ വരും.

1978 മുതൽ തുടർച്ചയായി അബ്ദുൽഖയൂം പ്രസിഡന്റായി തുടർന്നു വരികയായിരുന്നുവെന്നു പറഞ്ഞുവല്ലോ. എന്നാൽ, ഇതിനിടെ അദ്ദേഹത്തെ അട്ടിമറിക്കാൻ പലതവണ ശ്രമങ്ങളുണ്ടായി. അവയിൽ പ്രധാനം 1988 നവംബറിൽ നടന്ന ഒരു അട്ടിമറി ശ്രമമാണ്.

ഈ അട്ടിമറി ശ്രമത്തെപ്പറ്റി സൂചിപ്പിക്കുമ്പോൾ ചെറിയൊരു ഫ്ളാഷ്ബാക്ക് ആവശ്യമായി വരുന്നു.

ഇന്നേയ്ക്ക് 25 വർഷം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1988 നവംബർ മാസത്തിലെ ഒരു പ്രഭാത ആകാശത്തൊരു ഇരമ്പൽ കേട്ടു. താഴ്ന്നു പറക്കുന്ന വിമാനത്തിന്റേതു പോലെ തോന്നി ശക്തമായ ആ ശബ്ദം.

വല്ലാത്ത ഇരമ്പലിന്റെ മുരൾച്ചാ ശബ്ദം വീണ്ടും വീണ്ടും കേട്ടപ്പോൾ പെട്ടെന്ന് പുറത്തിറങ്ങി ആകാശത്തേയ്ക്കു ശ്രദ്ധിച്ചു. ഒരു കൂട്ടം വിമാനങ്ങൾ തിരുവനന്തപുരം ഭാഗത്തേക്കു പറന്നു പോകുന്നു. ഒന്നോ രണ്ടോ അല്ല, നിരവധി വിമാനങ്ങൾ. പെട്ടെന്നുള്ള കാഴ്ചയിൽ യാത്രാവിമാനമല്ല, എയർഫോഴ്സ് വിമാനങ്ങളാണ് അവയെന്നു തോന്നി.

അൽപ്പം ഭയപ്പാടോടെയാണ് മനസ്സിൽ ചിന്തിച്ചത്, വല്ല യുദ്ധവും പൊട്ടിപ്പുറപ്പെട്ടോ എന്ന്.

വിമാനങ്ങളൊക്കെ പറന്നകന്നു. പിന്നാലെ വീണ്ടും കുറേയെണ്ണം കൂടി ഇരമ്പിപ്പാഞ്ഞു കടന്നുപോയി.

പിന്നീടറിഞ്ഞു, മാലദ്വീപിൽ അട്ടിമറി ശ്രമം നടന്നുവെന്ന്. ദ്വീപുകാരുടെ രക്ഷയ്ക്കായി സൈനികരെയും വഹിച്ചുകൊണ്ട് നമ്മുടെ യുദ്ധവിമാനങ്ങൾ അവിടേയ്ക്കു പാഞ്ഞു പോയതാണ് കണ്ടത്.

ഇനി ആ അട്ടിമറി ശ്രമത്തിന്റെ കാണാക്കയങ്ങളിലേയ്ക്കൽപ്പം മുങ്ങിത്തപ്പാം.

പ്ലോട്ട് (Plote) എന്ന ശ്രീലങ്കൻ സംഘടനയിലെ അംഗങ്ങളായ 80 തമിഴ് അക്രമികൾ ഒരു കപ്പലിൽ മാലിയിലേയ്ക്കു പാഞ്ഞുകയറി പ്രസിഡന്റ് ഖയൂമിനെ തടവിലാക്കാൻ നടത്തിയ അട്ടിമറിശ്രമം. ഇതെപ്പറ്റി അൽപ്പം വൈകിയാണ് മാലി പ്രസിഡന്റിനു വിവരം കിട്ടിയത്; അക്രമികൾ കപ്പലിൽ വന്നുകൊണ്ടിരിക്കുന്നുവെന്ന്. സൈന്യസന്നാഹമൊന്നുമില്ലാത്ത ഒരു കൊച്ചുരാജ്യം. നിസ്സഹായാവസ്ഥയിലായ പ്രസിഡന്റ് രക്ഷയ്ക്കായി ഇന്ത്യയെ വിളിച്ചു. അന്ന് രാജീവ് ഗാന്ധിയായിരുന്നു പ്രധാനമന്ത്രി. മാലിക്കാരെപോലെ നമുക്കും അന്നറിയാൻ കഴിഞ്ഞില്ല, ഈ കപ്പൽ സംഘം ഏതു വിദേശരാജ്യത്തു നിന്നുമാണ് വന്നുകൊണ്ടിരിക്കുന്നതെന്ന്. ചൈനയിൽ നിന്നോ പാകിസ്ഥാനിൽ നിന്നോ ഉള്ളവരായിരിക്കുമെന്ന് ഇന്ത്യ സന്ദേഹിച്ചതിൽ തെറ്റുമില്ല. നമ്മുടെ രാജ്യരക്ഷയെ പോലും ബാധിച്ചേക്കാവുന്ന പ്രശ്നവുമാണ്.

അടിയന്തിര ഘട്ടമെന്ന നിലയിൽ പ്രധാനമന്ത്രി രാജീവ് ഉടൻതന്നെ 1600 സൈനികരെ വിമാനമാർഗം മാലദ്വീപിലേയ്ക്കയച്ചു. മാലിയിലെ എയർപോർട്ടു മുഴുവൻ നമ്മുടെ എയർഫോഴ്സ് വിമാനങ്ങൾ നിരന്നു കിടന്നു. അങ്ങനെ അവിടേയ്ക്കയച്ച പോർവിമാനങ്ങളുടെ കാഴ്ചയും ശബ്ദവുമാണ് കൊല്ലത്തിരുന്ന് അന്നു ഞാൻ കേട്ടത്.



ഇന്ത്യൻ പട്ടാളത്തിന്റെ വരവോടെ അക്രമികൾ പലായനം ചെയ്തു. നമ്മുടെ സൈന്യം വിട്ടില്ല, അവരെ രക്ഷപ്പെടാൻ അനുവദിച്ചുമില്ല.

ഏറ്റുമുട്ടലിൽ 19 അക്രമികൾ മരിച്ചുവീണു. ബന്ദികളാക്കപ്പെട്ട ഏതാനും പേർക്കും ജീവൻ നഷ്ടമായി. മൂന്നു ദിവസത്തിനുശേഷം അക്രമികളുടെ കപ്പൽ നമ്മുടെ സൈന്യം പിടിച്ചെടുത്തു. തടവുകാരാക്കിയ അക്രമികൾക്കു മുഴുവൻ മാലദ്വീപിൽ ജീവപര്യന്തം തടവുശിക്ഷയും ലഭിച്ചു.

ശ്രീലങ്കയിൽ പ്രവർത്തിക്കുന്ന അബ്ദുള്ള ലുത്തൂഫി എന്ന മാലദ്വീപുകാരൻ വ്യവസായി ആയിരുന്നു ഈ അട്ടിമറി ശ്രമത്തിനു പിന്നിലെ സൂത്രധാരൻ. 1990 ജൂലൈയിൽ, പ്രസിഡന്റ് ഖയൂം, അക്രമി നേതാവായിരുന്ന ലുത്തൂഫിയ്ക്ക് അയാളുടെ അസാന്നിദ്ധ്യത്തിൽ മാപ്പു നൽകുകയും ചെയ്തു.

26 പവിഴ ദ്വീപുകൾ (ATOLS) ചേർന്നതാണ് മാലദ്വീപ് എന്നു പറഞ്ഞുവല്ലോ. ഓരോന്നിലും ഒട്ടേറെ ചെറുദ്വീപുകൾ. അങ്ങനെ ഒട്ടാകെ 1196 പവിഴപ്പുറ്റു ദ്വീപുകളാണ് ഈ ദ്വീപസമൂഹം. ഈ പവിഴദ്വീപുകൾക്ക് ഒരു വലയുടെ ആകൃതിയാണുള്ളത്. ആറ്റോളിന്റെ നടുവിൽ തെളിനീലിമയുള്ള ജലാശയം അഥവാ ലഗൂൺ (LAGOON) ഉണ്ടാവും. ഒരു മുത്തുമാല പോലെയാണ് മാലദ്വീപിലെ ഓരോ ആറ്റോളും. ആ മാലയിലെ മുത്തുകളാണ് ചെറുദ്വീപുകൾ. ഒന്നോ രണ്ടോ ചതുരശ്രകിലോമീറ്റർ മാത്രമാണ് ഓരോ ചെറുദ്വീപിന്റെയും വിസ്തീർണം. ചില ആറ്റോളുകൾ മാത്രം പരസ്പരം റോഡ് വഴി ബന്ധിപ്പിച്ചിട്ടുണ്ട്. കേവലം 12 കിലോമീറ്ററാണ് ആകെ റോഡുനീളം. കുന്നുകളോ നദികളോ മാലദ്വീപിലില്ല. കുറ്റിക്കാടുകളും പൂക്കളുമെല്ലാം ഉണ്ടെങ്കിലും ഈ ദ്വീപിൽ മരങ്ങൾ അധികമില്ല. തെങ്ങും ശീമയുമാണു പ്രധാന മരങ്ങൾ. ഇവിടത്തെ മണ്ണിൽ കൃഷി ദുഷ്കരമാണ്. എന്നാൽ തെങ്ങ്, വാഴ മുതലായവ വളരുന്നുണ്ട്.

ഭൂജലവും മഴവെള്ളം സംഭരിച്ചതുമാണ് കുടിക്കാനുപയോഗിക്കുന്നത്. രണ്ടു കാലാവസ്ഥകളാണ് ഈ ദ്വീപിൽ പ്രധാനമായും; വേനൽക്കാലം, മഴക്കാലം എന്നിങ്ങനെ.

വിനോദസഞ്ചാരവും മീൻപിടിത്തവുമാണ് മാലദ്വീപിന്റെ സമ്പദ്ഘടനയിലെ അടിത്തറകൾ. ജനങ്ങളുടെ മുഖ്യതൊഴിലായ മത്സ്യബന്ധനമാണ് നൂറ്റാണ്ടുകളായി മാലദ്വീപിന്റെ ജീവിതം മുന്നോട്ടു നയിക്കുന്നത്. എന്നാൽ ഏറ്റവും കൂടുതൽ വിദേശനാണ്യം ലഭ്യമാവുന്നത് ടൂറിസത്തിൽ നിന്നാണ്. ഒട്ടേറെ തൊഴിലവസരങ്ങളും ഇത് സൃഷ്ടിക്കുന്നു. വിവിധ ആറ്റോളുകളിലുള്ള നിരവധി ടൂറിസ്റ്റ് റിസോർട്ടുകളിൽ പലതും സപ്തനക്ഷത്ര പദവിയുള്ളവയാണ്. ഒരു രാത്രിക്ക് രണ്ടു ലക്ഷം രൂപ വരെ മുറിവാടകയുള്ള വളരെ മുന്തിയ നക്ഷത്രറിസോർട്ടുകൾ ചില ആറ്റോളുകളിലുണ്ട്. ഒക്കെയും, എപ്പോഴും പാശ്ചാത്യ ടൂറിസ്റ്റുകളെ കൊണ്ടു നിറഞ്ഞിരിക്കും. ചില മുന്തിയ റിസോർട്ടുകളിൽ സകുടുംബം ആഴ്ചകളോളം താമസിക്കുന്ന അമേരിക്കൻ കോടീശ്വരന്മാരുണ്ടത്രെ. അവരിൽ ചിലർ സ്വന്തം വിമാനത്തിലാണ് ഈ ദ്വീപിൽ വന്നിറങ്ങാറുള്ളതെന്നും കേട്ടു.

പുരാതന കുടിൽ വ്യവസായങ്ങൾക്കും ഇവിടത്തെ ടൂറിസം ഉത്തേജനം നൽകുന്നുണ്ട്. ചവിട്ടുമെത്തകൾ, കരകൗശലവസ്തുക്കൾ, കയർ ഉൽപ്പന്നങ്ങൾ തുടങ്ങിയവയാണ് പ്രധാന കുടിൽ വ്യവസായങ്ങൾ. പി.വി.സി.പൈപ്പ്, ബോട്ടുകൾ, ഇഷ്ടിക, വസ്ത്രങ്ങൾ തുടങ്ങിയവയാണ് മറ്റ് വ്യവസായ സംരംഭങ്ങൾ. കോറലിൽ നിന്നും സിമന്റ് ഉൽപ്പാദിപ്പിക്കുന്ന ചെറിയൊരു ഫാക്ടറിയും ഇതിനടുത്ത് കൃത്രിമമായി നിർമിച്ച്, വികസിപ്പിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു ദ്വീപിലുണ്ട്.

മാലിയിലെ ഔദ്യോഗികഭാഷ ദിവേഹിയാണ് (DIVEHI). ഈ ഭാഷ ലക്ഷദ്വീപിൽപെട്ട മിനിക്കോയിയിലും സംസാരിക്കുന്നുണ്ട്. അറബി, മലയാളം, തമിഴ്, ഹിന്ദി, ഫ്രഞ്ച്, പേർഷ്യൻ, സിംഹളം, പോർച്ചുഗീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ സ്വാധീനം ദിവേഹിയിലുണ്ട്. അറബി സ്വാധീനം കൊണ്ടാവാം. വലത്തുനിന്ന് ഇടത്തോട്ടെഴുതുന്ന താനാ എന്ന ലിപിയാണ് ദിവേഹിയുടേത്.

കുറിപ്പുകൾ

# ഐക്യരാഷ്ട്രസഭ
# കത്തോലിക്കാസഭക്കെതിരെ

മുസാഫിർ

കുട്ടികളോട് ലൈംഗികാതിക്രമം കാട്ടുന്ന കത്തോലിക്കാസഭയിലെ പുരോഹിതന്മാർക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാത്ത വത്തിക്കാനെതിരെ ഐക്യരാഷ്ട്ര സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ അവകാശങ്ങൾക്കായുള്ള സമിതി (UN Convention on the Rights of Child) അതി രൂക്ഷമായി വിമർശനം നടത്തുകയുണ്ടായി. ലൈംഗിക കുറ്റവാളികളായ പുരോഹിതന്മാരെ ഉടൻ പുറത്താക്കണമെന്നും അവർക്കെതിരായ നടപടികൾ വത്തിക്കാന്റെയും സഭയുടെയും അടഞ്ഞ നീതിപീഠങ്ങൾക്കുള്ളിൽ വിചാരണ ചെയ്യുന്നതിന് പകരം വിവിധ രാജ്യങ്ങളിലെ പൊതു സിവിൽ, ജുഡീഷ്യൽ സംവിധാനത്തിന് കീഴിൽ വെച്ച് വിചാരണ ചെയ്യണമെന്നും സമിതി ആവശ്യപ്പെട്ടുകൊണ്ടാണ് ഐക്യരാഷ്ട്ര സഭ ക്രിസ്തുസഭക്കെതിരെ ആഞ്ഞടിച്ചത്. 2014 ഫെബ്രുവരി 5-ാം തീയതി ഐക്യരാഷ് ട്രസഭാ ആസ്ഥാനത്ത് സമിതി യുടെ അദ്ധ്യക്ഷ കിർസ്റ്റൺ സാന്റ്ബർഗ് ഒരു വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം ശക്തമായി ഉന്നയിച്ചത്. വത്തിക്കാനടക്കം 140 രാജ്യങ്ങൾ കുട്ടികളുടെ അവകാശങ്ങൾക്കായുള്ള ഈ കൺവെൻഷനിൽ ഒപ്പ് വെച്ചിട്ടുണ്ട്. ലൈംഗിക അതിക്രമം നടത്തുന്ന പുരോഹിതന്മാരുടെ കുറ്റങ്ങൾ വിചാരണ ചെയ്യണമെന്നും യു.എൻ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. തെളിവെടുപ്പ് നടത്തിയ യു. എൻ. സമിതിക്ക് മുമ്പാകെ ആരോപണ വിധേയരായ പുരോഹിതന്മാരുടെ വിവരങ്ങൾ നൽകാൻ വത്തിക്കാൻ വിസമ്മതിച്ചിരുന്നു. ഇത്തരം അതിക്രമങ്ങൾക്കെതിരെ മൗനത്തിന്റെ നിയമം (Code of Silence) പാലിക്കുന്നതിനെതിരെയും യു.എൻ. വിമർശിച്ചു. പതിനായിരക്കണക്കിന് കുട്ടികളാണ് പുരോഹിതന്മാരുടെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായിട്ടുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇത്തരം കുറ്റവാളികളായ വൈദികരെ കൊണ്ട് സഭ പൊറുതി മുട്ടിയിരിക്കയാണ്. അവരോട് 'സീറോ ടോളറൻസ്' ആണ് സഭകാണിക്കുക എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുണ്ടെങ്കിലും ഈ പ്രശ്നത്തിൽ ഫലപ്രഥമായ ഒരു നടപടിയും എടുത്തതായി കാണുന്നില്ല. പതിനായിരക്കണക്കിന് കുട്ടികളെയാണ് പുരോഹിതന്മാർ ഇങ്ങനെ പീഢനത്തിനിരയാക്കിയിട്ടുള്ളതെന്ന് സമിതി അദ്ധ്യക്ഷ ക്രിസ്റ്റൺ സാന്റ്ബർഗ് വാർത്തസമ്മേളനത്തിൽ പറയുകയുണ്ടായി.

2000 മുതൽക്കാണ് ഇത്തരം ബാലപീഢനകേസുകൾക്ക് ലോകവ്യാപകമായ ശ്രദ്ധലഭിച്ചു തുടങ്ങിയത് അമേരിക്കയിലും കാനഡയിലുമായി കേസുകൾ പ്രത്യക്ഷപെട്ടുതുടങ്ങി. ഇന്ന് നിരവധി രാജ്യങ്ങളിലുള്ള സഭകളിൽ ഇത്തരം ആരോപണങ്ങളുടെ പ്രവാഹമണ് പതിനായിരക്കണക്കിന് കുട്ടികളാണ് ഇത്തരം ലൈംഗികാതിക്രമങ്ങളുടെ ഇരകൾ. അമേരിക്കയിലെ അതിസമ്പന്നമായ പല ഇടവകകളും ഇരകളായ കുട്ടികൾക്ക് നഷ്ടപരി



കിർസ്റ്റൺ സാന്റ്ബർഗ

ഹാരം നൽകിപാപ്പരായിട്ടുണ്ട്. 2011 മുതൽ 2012 വരെ പോപ്പ് ബെനഡിക്റ്റ് മാർപാപ്പയുടെ കാലത്ത് ബാല പീഢകരായ 400 പുരോഹിതരെയാണ് സഭ ളോഹ ഊരി പുറത്താക്കിയത് എന്ന് അസോസിയേറ്റഡ് പ്രസ്സിന് ലഭിച്ച ഒരു രേഖഉദ്ധരിച്ചു കൊണ്ട് വാർത്തവന്നതാണ്. കത്തോലിക്ക സഭ നടത്തുന്ന പള്ളികൾ സ്കൂളുകൾ  കോച്ചിംങ്ങ് സെന്ററുകൾ, ഹോസ്റ്റലുകൾ റസിഡൻഷ്യൽ സ്കൂളുകൾ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അതിക്രമങ്ങൾ നടക്കുന്നത് എന്തുകൊണ്ടാണ് സഭ ഇങ്ങനെ ലൈംഗിക പീഢകരായ പുരോഹിതന്മാരെക്കൊണ്ട് വലയുന്നത്? ഇതിനുത്തരം ലളിതമാണ്. ലൈംഗികത എന്നത് മനുഷ്യന്റെ പ്രകൃതിപരമായ ആവശ്യമാണ്. അത് നിഷേധിക്കുക എന്നത് മനുഷ്യപ്രകൃതിക്ക് വിരുദ്ധമാണ്. പ്രകൃതിയുടെ ആവശ്യം പൂർണമായും അടിച്ചമർത്തി, അത് നിഷേധിച്ചുകൊണ്ടുള്ള സദാചാരം ആത്മീയ ശൂന്യവുമാണ്. അത്കൊണ്ട് തന്നെ അത് പരാജയവുമാണ്. പ്രകൃതിയിലെ സർവ ജീവജാലങ്ങളും അതിന്റെ ജീവന്റെ തുടർച്ച നിലനിർത്താൻ അഥവാ അസ്തിത്വത്തിന്റെ അനസ്യൂതി നിലനിർത്താൻ ലൈംഗികതയുമായി ബന്ധപ്പെട്ട പ്രത്യുൽപാദന സമ്പ്രദായമാണ് ദൈവം നൽകിയത്. മനുഷ്യനും പ്രജനനത്തിന് ലൈംഗിക വ്യവസ്ഥ തന്നെയാണ് ദൈവം നിശ്ചയിച്ചിട്ടുള്ളത്. ഉന്നതമായ സാംസ്കാരിക ബോധത്തോടെയും ധാർമിക വിവേചനത്തോടെയും മനുഷ്യൻ ലൈംഗിക ജീവിതം നയിക്കാനാണ് മതങ്ങൾ പഠിപ്പിച്ചത്. മറിച്ച് ലൈംഗികത നിഷേധിക്കാനല്ല. എല്ലാ മതങ്ങളും മത പ്രവാചകന്മാരും ലൈംഗിക ജീവിതം അഥവാ വിവാഹ ജീവിതം നയിച്ചവരാണ്. ഭാരതീയ പുണ്യാത്മാക്കളായ ശ്രീകൃഷ്ണനും ശ്രീരാമനും ശ്രീബുദ്ധനുമെല്ലാം വിവാഹിതരും സന്താനങ്ങളുണ്ടായിരുന്നവരുമാണ്. മഹാനായ യേശു തന്നെയും വിവാഹിതനായിരുന്നു എന്ന് ബൈബിൾ സൂചനനൽകുന്നുണ്ട് കാനായിലെ വെള്ളം വീഞ്ഞാക്കിയ വിവാഹ സദ്യ യേശുവിന്റെ തന്നെ വിവാഹമായിരുന്നുവെന്ന് സൂക്ഷ്മമായ ബൈബിൾ പഠനത്തിൽ നിന്നും വ്യക്തമാകും. ചുരുക്കത്തിൽ മനുഷ്യന്റെ ആദ്ധ്യാത്മിക ജീവിതത്തിന് ബ്രഹ്മചര്യം ദൈവം കൽപ്പിച്ചിട്ടില്ല. പ്രകൃതിയുടെ മാർഗവുമതല്ല. സുസ്ഥാപിതമായ ഈ ആത്മീയ മാർഗ ത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് കൃത്രിമമായ സന്യാസ ജീവിതത്തിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന സന്യാസിമഠങ്ങളും ആശ്രമങ്ങളും നമ്മുടെ നാട്ടിലുണ്ട്. അത്തരം പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരെ വലിയ ആരോപണങ്ങളാണ് ഇപ്പോൾ ഉയരുന്നത്. എത്ര ജീവകാരുണ്യ പ്രവർത്തനങ്ങളും ജനസേവനങ്ങളും നടത്തിയിട്ടും കൃത്രിമമായി മനുഷ്യൻ ചമച്ചുണ്ടാക്കുന്ന ബ്രഹ്മചര്യ വ്രതത്തിൽ തട്ടി ഒരു ദിവസം ചീട്ടു കെട്ടാരം പോലെ ആ ജീവിത പൊലിമകൾ തകർന്നുപോകുന്നത് നാം കാണുന്നു.

വിശുദ്ധ ഖുർആൻ ഈ പ്രശ്നത്തെസംബന്ധിച്ച് ഹ്രസ്വവും വ്യക്തവുമായ ഒരു നിരീക്ഷണം നടത്തുന്നു. ക്രിസ്ത്യാനികളുടെ ജീവ കാരുണ്യ പ്രവർത്തനങ്ങളെയും സേവനങ്ങളെയും അനുസ്മരിച്ചു കൊണ്ട് വിശുദ്ധ ഖുർആൻ അവരെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് അവരിലൊരു വിഭാഗം പിന്തുടരുന്ന ബ്രഹ്മചര്യ മാർഗം അഥവാ സന്യാസ ജീവിതം കൃത്രിമമാണെന്നും അത് യേശുവിന്റെ അദ്ധ്യാപനമല്ലെന്നും പറയുന്നു. മാത്രമല്ല അതിനെ സംബന്ധിച്ച് ഖുർആൻ നടത്തുന്ന ശ്രദ്ധേയമായൊരു നിരീക്ഷണം എന്തെന്നാൽ മനുഷ്യ പ്രകൃതിക്ക് വിരുദ്ധമായ ബ്രഹ്മചര്യം അവർക്ക് പാലിക്കാൻ സാദ്ധ്യമല്ല എന്നുമാണ്. ഖുർആന്റെ വചനം കാണുക: ***'മർയമിന്റെ പുത്രൻ ഈസായേയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയത്തിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസ സമ്പ്രദായത്തെ (ബ്രഹ്മചര്യത്തെ) അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നല്ലാതെ (മറ്റൊന്നും) നാം അവരോട് പറഞ്ഞിട്ടില്ല. എന്നിട്ട് അവർ അത് വേണ്ട വിധം അവർ പാലിച്ചുമില്ല. എന്നാൽ അവരിൽ നിന്നും സത്യവിശ്വാസം കൈകൊണ്ടവർക്ക് അവരുടെ പ്രതിഫലം നാം നൽകി '(57:28).*** ക്രിസ്തു സഭയുടെ പൂർവ ചരിത്രം പഠിച്ചവർ പുരോഹിതന്മാരുടെ ലൈംഗിക സദാചാരത്തെപറ്റി വളരെയധികം വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. വിശ്വപ്രശസ്ത ചിന്തകനും നോബൽ സമ്മാന ജേതാവുമായ ബർഡ്ട്രണ്ട് റസ്സൽ തന്റെ Marriage and Morales എന്ന ഗ്രന്ഥത്തിൽ മാർപ്പാപ്പമാരുടെ കുത്തഴിഞ്ഞ ലൈംഗിക ജീവിതത്തെ പറ്റി പ്രതിപാദിച്ചിട്ടുള്ളത് തന്നെ ഖുർആൻ അവരുടെ ബ്രഹ്മചര്യത്തെ പറ്റി പറഞ്ഞത് ശരിയാണ് സൂചിപ്പിക്കുന്നു. മൊണാസ്റ്ററിസിസം ഉടലെടുത്ത അക്കാലം തൊട്ട് ഇന്ന് വരെ സഭയിൽ അരങ്ങേറി വരുന്ന സംഭവങ്ങൾ ഖുർആന്റെ അഭിപ്രായത്തെ സാധൂകരിക്കുകയാണ് ചെയ്യുന്നത്. കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്ന വിഷയത്തിൽ ലോകത്തിന്റെ മുഴുവൻ എതിർപ്പും സഭ അഭിമുഖീകരിക്കുകയാണ്. സഭ അതിന്റെ ആത്മീയ കാഴ്ച്ചപ്പാടിലും സദാചാര സങ്കൽപ്പങ്ങളിലും അടിസ്ഥാന പരമായ മാറ്റം വരുത്തുകയേ ഇതിന് പരിഹാരമായുള്ളൂ.

www.alislam.org

# ഡോ. യൂസുഫ് ലത്തീഫ്



വിശ്വസംഗീതത്തിന്റെ പ്രചാരകനും അമേരിക്കൻ ജാസ് സംഗീതരംഗത്തെ അതികായനും ഗ്രാമി അവാർഡ് ജേതാവുമായിരുന്ന ഡോ. യൂസുഫ് ലത്തീഫ് തൊണ്ണൂറ്റി മൂന്നാമത്തെ വയസിൽ ചരമം പ്രാപിച്ചു. എളിമയും ശാന്തസ്വഭാവവും മുഖമുദ്രയാക്കിയിരുന്ന അജാനുബാഹുവായ ഡോ.ലത്തീഫ് അറിയപ്പെട്ടിരുന്നത് The Gentle giant (ശാന്ത ഭീമൻ) എന്നായിരുന്നു. 1970ൽ അദ്ദേഹം ഇറക്കിയ ഒരു ആൽബത്തിന്റെ പേരായിരുന്നു അത്. പിൽക്കാലത്ത് ഡോ. യൂസുഫിന്റെ ജീവചരിത്രം ആത്മകഥാരൂപത്തിൽ ഇറങ്ങിയത് The Gnetle Giant Dr. Yusuef Latheef എന്ന പേരിലാണ് വിവിധ ദേശങ്ങളിലെ സംഗീത ശൈലി കളേയുംവാദ്യോപകരണളേയും പഠിക്കാനായി ഒരു പുരുഷായുസ് തന്നെ മാറ്റിവെച്ചയാളാണ് ഡോ. യൂസുഫ് ലത്തീഫ് പൗരസ്ത്യ സംഗീതത്തെ പാശ്ചാത്യർക്ക് പ്രത്യേകിച്ച് ജാസ് പ്രേമികൾക്ക് പരിചയപ്പെടുത്തുന്നതിന് ഡോ. യൂസുഫിന്റെ പങ്ക് വളരെ വലുതാണ്. ഭാതീയ സംഗീതവും അറബ് സംഗീതവും ഇദ്ദേഹത്തിന്റെ ഇഷ്ട വിഷയങ്ങളിൽ പ്രധാനമായിരുന്നു. സാക്സോ ഫോൺ ഫ്ളൂട്ട്, ഓബോ എന്ന കുഴൽ വാദ്യം, ഷെഹ്നായി എന്നിവയിലെല്ലാം പ്രാഗല്ഭ്യം തെളിയിച്ച യൂസുഫ് ഭാരതീയ ഓടക്കുഴലിനെയും ഷെഹ്നായിയുടേയും കുഴലൂത്തുകാരൻ കൂടിയായിരുന്നു. വിവിധങ്ങളായ അഞ്ച് വാദ്യോപകരണങ്ങൾ യൂസുഫ് തന്നെ വായിച്ച് പുറത്തിറക്കിയ Yusuf Latheefs little Symphony എന്ന ആൽബത്തിന് 1987ൽ ഗ്രാമി അവാർഡ് ലഭിച്ചിരുന്നു. ആജീവനാന്ത സംഭാവനകൾ മാനിച്ച് ജാസ് സംഗീതത്തിന് നൽകുന്ന പരമോന്നത ബഹുമതിയായ Nea Jazz Masters പുരസ്കാര ജേതാവും കൂടിയാണ് ലത്തീഫ്. രണ്ട് ചെറുകഥാ സമാഹാരങ്ങൾ ഒരു നോവൽ എന്നിവയ്ക്ക് പുറമേ സംഗീത സംബന്ധമായ നിരവധി പുസ്തകങ്ങളും പ്രബന്ധങ്ങളും ഡോ. യൂസുഫ് രചിക്കുകയുണ്ടായി. അമേരിക്കൻ മജ്ലിസ് അൻസാറുല്ലായുടെ അന്നഹൽ മാസികയിൽ കുട്ടികൾക്കായി കഥ എഴുതുകയും കഥ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ Pslams of Hazrat Mirza Gulam Ahmad എന്ന ഓഡിയോ സിഡിയും ഡോ.യൂസുഫ് നിർമിച്ച് ഇറക്കുകയുണ്ടായി.

ക്രൈസ്തവ കുടുംബത്തിൽ പിറന്ന അദ്ദേഹം നീഗ്രാ വംശജനായിരുന്നു. അത്കൊണ്ട് തന്നെ പിൽകാലത്ത് ആഫ്രിക്കൻ സംഗീതവും അതിന്റെ ഗവേഷണ വിഷയങ്ങളാക്കിയിരുന്നു. 80 വയസു പിന്നിട്ടപ്പോഴും അദ്ദേഹം ഒന്നിലേറെ കോളേജുകളിൽ സംഗീത പ്രഫസറായി സ്ഥാനം വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ചരമകുറിപ്പു കൾ വ്യക്തമാക്കുന്നത് ഡോ.യൂസുഫിന് ഇന്നും ഒരു വലിയ ശഷ്യ ആരാധകവൃന്ദമുണ്ടെന്നാണ്. കറുത്ത വർഗക്കാർക്കിടയിൽ ഇസ്ലാം പ്രചാരത്തിലായികൊണ്ടിരുന്ന കാലമായിരുന്നു യൂസുഫിന്റെ യുവത്വകാലം മറ്റൊരു സംഗീത ജ്ഞനായിരുന്ന താലിബ് ദാവൂദിൽ വന്ന മാറ്റങ്ങളെ കുറിച്ച് അന്വേഷിച്ചപ്പോൾ താലിബ് ഇസ്ലാം മതം ആശ്ലേഷിച്ചെന്നും അഹ്മദിയ്യാ വിഭാഗത്തിൽ ചേർന്നെന്നും യൂസുഫ് മനസിലാക്കി. ബാല്യം മുതൽക്കേ ക്രൈസ്തവ അധ്യാപനങ്ങൾ മനസിലാക്കുകയും ബൈബിൾ കൈവശം വെച്ചുകൊണ്ട് നടക്കുകയും ചെയ്തിരുന്ന പ്രകൃതകാരനായിരുന്നു യൂസുഫ്. ഇസ്ലാമിനെകുറിച്ച് നല്ലത് പോലെ മനസ്സിലാക്കിയ അദ്ദേഹം 1948 ൽ ഇസ്ലാം മതം സ്വീകരിച്ചു. നിരവധി വർഷങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക വക്താവായിരുന്നിട്ടുണ്ട്. 2010ൽ അഹ്മദീയുവാക്കൾക്ക് നൽകിയ അഭിമുഖത്തിലാണ് യൂസുഫ് ഇപ്രകാരം ഓർക്കുന്നു. 1947 ൽ താലിബ് ദാവൂതിനെ കണ്ടുമുട്ടിയ ഉടൻതന്നെ ഞാൻ ഇസ്ലാമിനെ കുറിച്ച് പഠിച്ചുതുടങ്ങി ചിക്കാഗോയിലെ അഹ്മദിയ്യാ പള്ളി സന്ദർശിക്കുകയും അഹ്മദി സാഹിത്യങ്ങൾ വായിക്കുകയും ചെയ്യുമായിരുന്നു. 1948ൽ ന്യൂയോർ ക്കിലേക്ക് താമസം മാറ്റേണ്ടി വന്നപ്പോഴും ഈ അന്വേഷണ ത്വരിത എന്നെ വിട്ടിരുന്നില്ല. മിർസാ ഗുലാമിനെയും അദ്ദേഹത്തി ന്റെ പിൻഗാമി മിർസാ ബശീറുദ്ദീന്റേയും ലിഖിതങ്ങൾ വായിച്ചു മനസ്സിലാക്കിയതിന്റെ ഫലമായി ഒടുവിൽ അല്ലാഹുവിന്റെ മലക്കു

കൾ എന്നിലേക്ക് ഇറങ്ങി. അധികം വൈകിയില്ല ഞാൻ ഇസ്‌ലാം മതം ആശ്ലേഷിച്ചു അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. അന്നും ഇന്നും ഇതാണ് സത്യ പാത എന്നും ഇതിൽ എനിക്കും എന്റെ കുടുംബത്തിനും മോക്ഷപ്രാപ്തിക്കുള്ള വഴി തുറക്കപ്പെട്ടിരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. അമേരിക്കയിലെ ലജ്നാ ഇമാ ഇല്ലായുടെ ദേശീയ പ്രസിഡന്റായിരുന്നു യൂസുഫ് ലത്തീഫിന്റെ ഭാര്യ. ആദ്യ ഭാര്യയും ഒരു മകനും മകളും നേരത്തെ മരണപ്പെട്ടിരുന്നു.

-ഡോ.ഫുആദ് ജലീൽ,
കരുനാഗപ്പള്ളി

## ഉന്നത വിജയം



അമത്തുൽ വക്കീൽ

തലശ്ശേരി ജമാഅത്തിലെ മിഷണറിയായ മൗലവി അമീൻ മുഹമ്മദ് സാഹിബിന്റേയും തലശ്ശേരി ലജ്ന ഇമാഇല്ലാഅ് പ്രസിഡന്റ് സലീമ അമീൻ സാഹിബയുടെയും മകൾ അമത്തുൽ വക്കീൽ 2013 നവംബറിൽ നടന്ന ഇന്റർ നാഷണൽ ഒളിമ്പ്യാട് ഫോർ മാത്തമാറ്റിക്സ് (International Olympiad for Mathamatics) പരീക്ഷയിൽ 100% മാർക്കോടുകൂടി ഗോൾഡ് മെഡൽ നേടി. തലശ്ശേരി എം ഇ എസ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥിനിയാണ് അമത്തുൽ വക്കീൽ. മൂന്ന് ലവലുകളുള്ള ഈ പരീക്ഷകളിൽ ഒന്നാമത്തേതിനാണ് മിടുക്കിയായ ഈ വിദ്യാർഥിനി പൂർണ വിജയം നേടിയത്. വഖ് ഫെ നൗ അംഗമായ ഈ വിദ്യാർഥിക്ക് ഇനിവരുന്ന പരീക്ഷകളിൽ ഉന്നത വിജയം ലഭ്യമാകാൻ പ്രാർഥിക്കാൻ അഭ്യർഥിക്കുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ എറണാകുളം ജില്ലാ തർബിയത്ത് ക്യാമ്പ് എറണാകുളം പ്രസിഡന്റ് ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി അമീറുദ്ദീൻ സാഹിബ് മൗലവി ഹാശിം അശ്റഫ് , ഇ. എച്ച്. നജീബ് എന്നിവർ സമീപം

## ഡോക്ടറേറ്റ് ലഭിച്ചു



ബി. ഇഫ്തിഖാർ അഹ്മദ്

ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും കണ്ണൂർ സർവകലാ ശാലയിൽ നിന്ന് ബി. ഇഫ്തിഖാർ അഹ്മദിന് ഡോക്റ്ററേറ്റ് ലഭിച്ചു. ഡോ. സി. കണ്ണന്റെ കീഴിൽ ഇൻഡോ-വെൽഷ് കാർഷിക കവിതകളിലെ ദേശീയത, അന്യവൽക്കരണം, പ്രാന്തവൽക്കരണം, നാസ്തികത തുടങ്ങിയ പ്രമേയങ്ങൾ ഉൾപ്പെടുത്തിയ താരതമ്യ സാഹിത്യസാഹിത്യ ഗവേഷണത്തിനാണ് സർവകലാശാല പി. എച്ച് ഡി. നൽകിയത്. ഇപ്പോൾ തലശേരി ഗവ. ബ്രണ്ണൻ കോളേജ് ഇംഗ്ലീഷ് വിഭാഗം അസി സ്റ്റന്റ് പ്രൊഫസർ ആയ ഇദ്ദേഹം പരേത നായ എം. മുഹമ്മദ് സാഹിബിന്റെയും ബിലാവിനകത്ത് സക്കിയാബി സാഹിബയുടേയും മകനും പഴയങ്ങാടി ജമാഅത്ത് അംഗവുമാണ്.

കോഴിക്കോട് വെസ്റ്റ് ഹില്ലിലുള്ളകേരള സിവിൽ സർവീസ് അക്കാദമി ഇംഗ്ലീഷ് ഫാക്കൽറ്റി അംഗം, കണ്ണൂർ സർവകലാശാല ഫാക്കൽറ്റി അംഗം പി. ജി. ബോർഡ് ഓഫ് സ്റ്റഡീസ് അംഗം വിദൂര വിദ്യാഭ്യാസ വകുപ്പ് ഫാക്കൽറ്റി നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർ, കോഴിക്കോട് സർവകലാശാല ചോദ്യപേപ്പർ സമിതി അംഗം, കേരള ഗവൺമെന്റ്സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം എക്സിക്യൂട്ടീവ് തുടങ്ങി നിരവധി ഔദ്യോഗിക പദവികൾ വഹിച്ചു വരുന്നു.

രാജ്യാന്തര സെമിനാറുകളിലടക്കം നിരവധി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും റിസർച്ച് ജേണലുകളിൽ ഒട്ടനവധി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വസാഹിത്യ ജാലകം എന്ന വൈജ്ഞാനിക സാഹിത്യ ഗ്രന്ഥത്തിന്റെ രചയിതാവാണ്. ഭാര്യ വഹീദ എ.ടി., മക്കൾ: ആഷിയാൻ അഹ്മദ്, അനൂഷ് അഹ്മദ്

Published on 7 March 2014 The Sathyadoothan Monthly Vol: 86 Issue.3
Price Rs. 20/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താ
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)
വിവ: എ. എം മുഹമ്മദ് സലീം
പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)